"അധികം സ്നേഹിക്കുന്നവൻ അധികം പ്രവർത്തിക്കുന്നു. ചെയ്യുന്നതു നല്ലവണ്ണം ചെയ്യുന്നവൻ അധികം പ്രവർത്തിക്കുന്നു. സ്വന്തം ഹിതത്തേക്കാൾ പൊതുഗുണത്തെ ആദരിക്കുന്നവൻ ഉചിതമായി പ്രവർത്തിക്കുന്നു...യഥാർത്ഥവും പരിപൂർണ്ണവുമായ സ്നേഹമുള്ളവൻ യാതൊരു സംഗതിയിലും സ്വാർത്ഥത തേടുന്നില്ല; പ്രത്യുത അവൻ എല്ലാ സംഗതികളിലും ഈശ്വരമഹത്വം മാത്രമേ ആഗ്രഹിക്കുന്നുള്ളു."
—ക്രിസ്ത്വാനുകരണം.

# സത്യദീപം

"വ്യാജപ്രവാചകന്മാരെ—ആടിന്റെ വേഷത്തിൽ വരുന്നവരും എന്നാൽ അകമേ കടിച്ചു കീറുന്ന ചെന്നായ്ക്കളുമായ മനുഷ്യരെ—സൂക്ഷിച്ചുകൊള്ളുവിൻ. അവർ പുറപ്പെടുവിക്കുന്ന ഫലംകൊണ്ടു നിങ്ങൾ അവരെ മനസ്സിലാക്കണം. മുൾച്ചെടിയിൽനിന്നു മുന്തിരിപ്പഴങ്ങളോ, ഞെരിഞ്ഞിലിൽനിന്നു അത്തിപ്പഴങ്ങളോ പറിക്കാറുണ്ടോ?"
—മത്തായി VII: 15, 16

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ജൂലൈ 24—ബുധനാഴ്ച | Vol. 30, No. 47

# സഹനത്തിന്റെ മൂശയിൽ രൂപംകൊള്ളുന്ന സുവർണ്ണസൂനം

(സിസ്റ്റർ ഫ്ളോറൻസ് ബി. ഏ., ബി. ററി.)


"ഉരുക്കിടുന്നു, മിഴിനീരിലിട്ടു
മുക്കുന്നു മററും ഭുവനൈകശില്പി
മനുഷ്യഹൃത്താം കനകത്തെ-
യേതോ
പണിത്തരത്തിന്നുപയുക്തമാക്കാൻ."

അൽഫോൻസാമ്മയുടെ ജീവിതത്തിലേക്കു കണ്ണോടിച്ചാൽ കാണാവുന്ന ഒരു വസ്തുതയാണു് ആത്മനാഥനുമായുള്ള അവളുടെ ഐക്യം ദാരുണമായ പീഡനങ്ങളിലൂടെ ദൈനംദിനം പൂർവ്വവൽ ദൃഢീഭവിച്ചുകൊണ്ടിരുന്നുവെന്നുള്ളതു്. ദിവ്യമായ ഐക്യത്തിന്റെ ശരത്തു വന്നണയുന്നതിനു മുൻപു് വേനലും വർഷവും അവൾക്കനുഭവപ്പെട്ടു. ഇരുളടഞ്ഞ ഘോരവനവും ശ്വാസംമുട്ടിക്കുന്ന ചുഴലിക്കാററും അവളെ ഭയചകിതയാക്കി. പൂർണ്ണതയുടെ ഗിരിമുകളേറുന്നതിനു മുൻപു് അന്ധകാരാവൃതമായ പല രാത്രികൾ അവൾക്കു തരണംചെയ്യേണ്ടതുണ്ടായിരുന്നു. എങ്കിലും അഭൗമമായ ആനന്ദത്തിന്റെ ദ്രാക്ഷാരസം അവസരോചിതം പകർന്നുകൊടുത്തുകൊണ്ടു് ദിവ്യനാഥൻ അവളെ ശക്തിപ്പെടുത്തിയിരുന്നുവെന്നുള്ള പരമാർത്ഥം നാം മറക്കരുതു്.

അല്പകാര്യങ്ങളിൽ വിശ്വസ്തരായിട്ടുള്ളവരെ മാത്രമേ വൻകാര്യങ്ങൾ ഭരമേല്പിക്കുകയുള്ളല്ലോ. സഭാപ്രവേശനത്തിനു മുൻപുതന്നെ ഈശോനാഥന്റെ വിശ്വസ്തമണവാട്ടിയായി അൽഫോൻസാമ്മ പ്രത്യക്ഷപ്പെടുന്നുണ്ടു്. ബാല്യകാലത്തെ ആരുമറിയാത്ത ഉപവാസങ്ങളും പരിത്യാഗങ്ങളും സർവ്വോപരി അവളുടെ അഗ്നിപരീക്ഷണവും അതിനു മകുടോദാഹരണങ്ങളാണു്.

സഭാപ്രവേശനം നടന്നിട്ടു് ഏറെനാൾ കഴിഞ്ഞില്ല. അതാ ആത്മനാഥൻ നൽകിയ ദുഃഖത്തിന്റെ പാനപാത്രം ഊററിക്കുടിക്കുവാൻ അവൾ ആരംഭിക്കുകയായി. പാകമായ ആ വിത്തിനെ അന്ധകാരത്തിൽ അവിടുന്നു പൂഴ്ത്തിയിട്ടു. എന്തിനു്? കൂടുതൽ ഫലം പുറപ്പെടുവിക്കുന്നതിനു്. അങ്ങനെ വി. യോഹന്നാൻ ക്രൂസ് വിവരിച്ചിട്ടുള്ള ഇന്ദ്രിയങ്ങളുടെ അന്ധകാരത്തിൽ (Night of the senses) ആ കൃശഗാത്രി ആമഗ്നയായി.

ഉഗ്രമായ ശാരീരികപീഡകളാണു് ആദ്യമായി അൽഫോൻസാമ്മയ്ക്കു നേരിടേണ്ടിയിരുന്നതു്. സഭാവസ്ത്രം ലഭിച്ചിട്ടു വർഷം ഒന്നു തികയുന്നതിനുമുൻപുതന്നെ അവൾ രോഗഗ്രസ്തയായി. ഒരു ശസ്ത്രക്രിയയെ തുടർന്നു താല്ക്കാലികസുഖം ലഭിച്ചെങ്കിലും വീണ്ടും കൂടുതൽ കാഠിന്യത്തോടുകൂടി രോഗം അവളെ സമീപിച്ചു. അടുത്തുനില്ക്കുന്നവർപോലും പൊട്ടിക്കരയത്തക്കവണ്ണം വേദന അത്ര ദുസ്സഹമാണു്. ദൈവത്തിന്റെ പ്രത്യേകാനുഗ്രഹത്താൽതന്നെ ആയിരിക്കണം ആയിടെ നൊവിഷ്യററിൽ പ്രവേശിക്കുവാൻ അവൾക്കു സാധിച്ചതു്. ക്രൂരനായ രോഗം അവിടെയും അവളെ അനുഗമിച്ചു. ആ പൂമൊട്ടു് ഞെട്ടററുവീഴുമെന്നുതന്നെ അധികാരികൾ വിധിയെഴുതി. എന്നാൽ "ദൈവത്തിൻ മനമാരു കണ്ടു". അതു അവളുടെ യാതനാജീവിതത്തിന്റെ—അഗ്നിയിൽക്കൂടിയുള്ള ശുദ്ധീകരണത്തിന്റെ—പ്രാരംഭഘട്ടം മാത്രമായിരുന്നു. അവളെ കാത്തുനിന്ന വിവിധക്ലേശങ്ങളോടു പൊരുതുവാൻ വേണ്ട ആയുധങ്ങൾ സംഭരിക്കുകയായിരുന്ന ആ പരിശീലനകാലത്തു്.




പാവനചരിതയായ സിസ്റ്റർ അൽഫോൻസായുടെ
11-ാം ചരമവാർഷികം (28.7.1957)

ഭക്ഷണവും നിദ്രയും കൈവെടിഞ്ഞു് ഉഗ്രമായ യാതനയുടെ മൽപ്പടപ്പിൽ എത്രയെത്ര നീണ്ട ദിനരാത്രങ്ങളാണു് ആ സാധ്വീമണി തള്ളിവിട്ടതു്! പലപ്രാവശ്യത്തെ ചർദ്ദിയും മണിക്കൂറുകൾ നീണ്ടുനില്ക്കുന്ന പാരവശ്യവും കഴിയുമ്പോൾ ശരീരം മാത്രമല്ല കിടക്കയും നനഞ്ഞിരുന്നുപോലും! വാടിത്തളർന്നു് തണുത്തുമരവിച്ചു് നിശ്ചലമായിക്കിടക്കുന്ന ആ ലോലശരീരംകണ്ടു് ജീവൻ വെടിഞ്ഞുവെന്നുതന്നെ ശുശ്രൂഷകർ ശങ്കിച്ചിട്ടുണ്ടു്. തീയിൽവീണ പുഴുപോലെ വേദനയുടെ ആധിക്യത്താൽ ആ രോഗിണി പിടയുന്നതു് കണ്ടുനില്ക്കുവാൻ നിവൃത്തിയില്ലാതെ മുറിവിട്ടുപോകുവാൻപോലും അവർ പ്രേരിതരാകാതിരുന്നിട്ടില്ല. ശാരീരികവേദനയോടുകൂടി ഓർമ്മക്കുറവും അവളെ അലട്ടിത്തുടങ്ങി. അല്പാശ്വാസത്തിനു് "നന്മനിറഞ്ഞമറിയം" എന്ന ജപമെങ്കിലും ചൊല്ലുന്നതിനു് ഓർമ്മയില്ലാതായിത്തീർന്നു.

"ഇന്ദ്രിയങ്ങളുടെ രാത്രി"യിൽ അവൾക്കനുഭവപ്പെട്ട ദുരിതങ്ങളുടെ ഒരുവശം മാത്രമാണിതു്. മറുവശത്തു് മററുള്ളവരുടെ തെററിദ്ധാരണകളും കരുണയററ പെരുമാററങ്ങളും. ശുശ്രൂഷകയായ വേലക്കാരിയുടെ ദയാഹീനമായ പെരുമാററങ്ങൾ അവളുടെ ലോലഹൃദയത്തെ വല്ലാതെ മുറിപ്പെടുത്തിയിട്ടുണ്ടു്. ഒരിക്കൽ കരഞ്ഞുകൊണ്ടു് അവൾ പറയുന്നു: "എന്റെ ചേടത്തി! തമ്പുരാനെ ഓർത്തു് വല്ലതും ചെയ്താൽമതി." ചില കൂട്ടുസഹോദരികളും അവളെ തെററിദ്ധരിച്ചു. അധികാരികളെ പ്രീതിപ്പെടുത്തി കാര്യംനേടുന്ന ഒരു കള്ളപ്പുണ്യവതിയായി അവളെ ചിത്രീകരിക്കുവാനും അവരിൽ ചിലർ മടിച്ചില്ല.

ഈ യാതനകളുടെ അനന്തരഫലങ്ങൾ എന്തായിരുന്നു? അവൾ സൃഷ്ടികളിൽനിന്നും അകന്നു് സ്രഷ്ടാവിൽ ആശ്രയിച്ചു. സുഖത്തിനുപകരം ദുഃഖത്തെ മാടിവിളിച്ചു. കൂടുതൽ സഹിക്കുവാൻ—ഒരു ഹോമബലിയാകുവാൻ—ശക്തിസമ്പാദിച്ചു. ദൈവം അവളിൽ കൂടുതൽ സംപ്രീതനായി. അതു കഴിഞ്ഞോ? ശാശ്വതവും മനോജ്ഞവുമായ ദൈവൈക്യത്തിന്റെ പൂർണ്ണത അവളിൽ സംജാതമാകുവാൻ ആത്മാവിന്റെ രാത്രിയിലേക്കു (Night of the Soul) അവളെ പ്രവേശിപ്പിച്ചു.

മരണത്തിനു മൂന്നുനാലുവർഷങ്ങൾക്കുമുൻപുമുതലേ അൽഫോൻസാമ്മ അതിദാരുണമായ ആത്മീയപീഡകളുടെ അഗ്നികുണ്ഡത്തിൽക്കിടന്നു പൊരിയുന്നതു കാണാവുന്നതാണു്. വാഴ്ത്തപ്പെട്ട ഹെൻറി സൂസോ വ്യക്തമാക്കുന്നതുപോലെ ദിവ്യമായ ഐക്യത്തിനു പ്രതിബന്ധമായേക്കാവുന്ന ആത്മീയാനന്ദങ്ങളും ആശ്വാസങ്ങളും ആ കന്യകാരത്നത്തിൽനിന്നും പല സമയങ്ങളിലും പിൻവലിക്കപ്പെട്ടു. അവൾ ദൈവത്തിന്റെ മഹത്വത്തിനുവേണ്ടിമാത്രം ഹോമിക്കപ്പെടുന്ന ഒരു ബലിവസ്തുവായിത്തീരണമെന്നായിരുന്നു അവളുടെ ഹൃദയാധിപൻ ആഗ്രഹിച്ചതു്.

ഈ ഘട്ടത്തിൽ ഈശോനാഥനെ സർവ്വോപരി സ്നേഹിക്കുന്നതിനുള്ള ആഗ്രഹം അവളിൽ ആളിക്കത്തിക്കൊണ്ടിരുന്നു. പക്ഷെ വേണ്ടവിധം സ്നേഹിക്കുന്നില്ലെന്നാണു് അവളുടെ വിചാരം. അതാണു് അവളുടെ ദുഃഖകാരണവും. അവൾ പറയുന്നു: "പണ്ടത്തെ അപേക്ഷിച്ചു എനിക്കു സഹനവും ത്യാഗവുമൊക്കെ വളരെ കുറവാണു്." കന്യാസ്ത്രീയായതിൽപിന്നെ വളരെ വഷളായിപ്പോയെന്നു അവൾ ഭയപ്പെടുന്നു. പാരവശ്യനേരത്തു് ദൈവസ്മരണ ഉണ്ടാകാത്തതിലും നിയോഗശുദ്ധി നവീകരിക്കുന്നതിനു സാധിക്കാത്തതിലും അവൾ വ്യസനിക്കുന്നു. ആയിടെ എഴുതിയ ഒരു കത്തിൽ ഈ ചിന്താഗതി പ്രകടമാകുന്നുണ്ടു്. "ദൈവസ്നേഹത്തിനു തടസ്സമായിട്ടുള്ള പോരായ്മകൾ ധാരാളം ഉണ്ടാകുന്നുണ്ടു്."

"ആത്മാവിന്റെ അന്ധകാരത്തിൽ" ഉൾപ്പെടുന്ന പുണ്യാത്മാക്കൾക്കു ഉണ്ടാകാറുള്ള വേറൊരു വൈഷമ്യവും അൽഫോൻസാമ്മയ്ക്കു അനുഭവപ്പെട്ടു. അതു ദൈവം അവളെ പരിത്യജിച്ചുവെന്നുള്ള വിചാരമായിരുന്നു.

"തിങ്ങിടുന്നൊരല്ലൽ പെരുങ്കാ-
ട്ടിലെന്നെത്തള്ളി-
യെങ്ങു നീ യൊളിഞ്ഞുമാറി
മേവിടുന്നെൻ നാഥാ!
ഹൃത്തടത്തിലാഴമെഴും പ്രേമ
മുറിവേററി-
യെത്രവേഗമോടെ നീമറഞ്ഞൊ-
രു മാൻപോലെ!"

ഈ ശോകഗാനം അൽഫോൻ

(ശേഷം 3-ാംപേജിൽ)

# സ്കോട്ട്ലണ്ടിൽനിന്നു് റോമിലേക്കുള്ള എന്റെ തീർത്ഥാടനം

(ഡോ. ജയിംസ് ഡഗ്ലസ് എം. എ. പിഎച്ച്. ഡി.)

(തുടർച്ച)

ഇതുവരെ പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് പ്രധാനപ്പെട്ട ഒരു വിശദീകരണംകൂടി നൽകിക്കൊള്ളട്ടെ. പ്രിസ്ബിറ്റേറിയൻ സഭയിലെ തിരുവത്താഴകർമ്മത്തോടനുബന്ധിച്ചുള്ള അപ്പത്തിലും വീഞ്ഞിലും ഏതോ പ്രത്യേകമായ ഒരു പരിശുദ്ധിയുള്ളതായി അന്നെനിക്കുണ്ടായിരുന്ന അനുഭവം, ഇന്നു് തിരിഞ്ഞു പുറകോട്ടു നോക്കുമ്പോൾ, കത്തോലിക്കാസഭയിലെ ആരാധനക്രമത്തിലും വിശ്വാസികളുടെ ആത്മീയജീവിതത്തിലും പരിശുദ്ധ കുർബാനയ്ക്കുള്ള സുപ്രധാനമായ സ്ഥാനം മനസ്സിലാക്കുന്നതിനു് എനിക്കു സഹായമായിത്തീർന്നുവെന്നു വേണം പറയുവാൻ. അതുപോലെ തിരുവോസ്തിയിലെ ദിവ്യനാഥന്റെ യഥാർത്ഥസാന്നിദ്ധ്യത്തെസംബന്ധിച്ചുള്ള ഒരവ്യക്തബോധവും അതെന്നിലുളവാക്കിയിരുന്നു. തന്നെയല്ല, ക്രിസ്തുനാഥൻ പൗരോഹിത്യമെന്ന കൂദാശ സ്ഥാപിച്ചപ്പോൾ അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും യഥാർത്ഥത്തിൽ ബലിയർപ്പിക്കുന്ന പുരോഹിതന്മാരായിരിക്കണമെന്നും, അല്ലാതെ വരപ്രസാദത്തിന്റെ ചാലുകളായ കൂദാശകൾ വിതരണം ചെയ്യുകയെന്ന സർവ്വപ്രധാനമായ കാര്യത്തിൽ ശ്രദ്ധ ചെലുത്താതെ വെറും സുവിശേഷപ്രസംഗംകൊണ്ടുമാത്രം തൃപ്തിയടയുന്ന ശുശ്രൂഷകന്മാർമാത്രമായാൽ പോരായെന്നും ദിവ്യനാഥൻ തീരുമാനിച്ചിരുന്നുവെന്ന കാര്യവും ഞാൻ കൂടുതൽ കൂടുതൽ മനസ്സിലാക്കി. എന്നാൽ ഇവയെ സംബന്ധിച്ചെല്ലാം കൂടുതൽ തെളിവായ ബോധവും അറിവും എന്നിലുണ്ടായതു് ഞാൻ ആംഗ്ലിക്കൻസഭയിലെ അംഗമായി മാറിയതിൽ പിന്നീടാണു്. ഇനിയും റോമിലേക്കുള്ള എന്റെ യാത്രയുടെ രണ്ടാംഭാഗത്തേക്കു നമുക്കു പ്രവേശിക്കാം.

ആംഗ്ലിക്കൻസഭയിലെ വൈദികനായിത്തീരണമെന്ന എന്റെ തീരുമാനം എന്നെ ഒരു ആംഗ്ലിക്കൻസെമ്മിനാരിയിലേക്കു നയിച്ചു. റിസറക്ഷൻകോളേജ് എന്നറിയപ്പെടുന്ന ആ വൈദികവിദ്യാലയം ഇംഗ്ലണ്ടിന്റെ ഉത്തരഭാഗത്താണു് സ്ഥിതിചെയ്യുന്നതു്. ദാരിദ്ര്യം, കന്യാത്വം, അനുസരണ എന്നീ വ്രതത്രയങ്ങൾ സ്വീകരിച്ചിട്ടുള്ള റിസറക്ഷൻ സന്യാസസമൂഹത്തിലെ അംഗങ്ങളായിരുന്നു ഗുരുഭൂതന്മാർ. മതജീവിതത്തിന്റെ ഒരു പുതിയ രംഗമാണു് ഞാനവിടെ ദർശിച്ചതു്. മതകർമ്മങ്ങളെല്ലാം ഇംഗ്ലീഷ് ഭാഷയിലാണു് നടത്തിയിരുന്നതെങ്കിലും കത്തോലിക്കാസഭയിലെ തിരുക്കർമ്മങ്ങളുമായി അവയ്ക്കു പരിപൂർണ്ണസാധർമ്മ്യമുണ്ടായിരുന്നു. ഗുരുഭൂതരോടൊന്നിച്ചു് വിദ്യാർത്ഥികളും എന്നും കാനോനാനമസ്കാരങ്ങളിൽ പങ്കെടുത്തുപോന്നു. അനുദിനപൂജാർപ്പണത്തിൽ സംബന്ധിച്ചു് ഭക്തിതീക്ഷ്ണതയോടെ ക്രിസ്തുവിന്റെ ശരീരരക്തരഹസ്യങ്ങളിൽ ഭാഗഭാക്കാകുകയെന്നതു് ഒരു പ്രത്യേക ആത്മീയാനുഭൂതി എന്നിലുളവാക്കി. അവിടെ അൾത്താരയിലും സക്രാരിയിലും യഥാർത്ഥത്തിൽ ക്രിസ്തു സന്നിഹിതനാണെന്നു ഞങ്ങൾ വിശ്വസിച്ചുപോന്നു. കുർബാന ഉയർത്തുമ്പോൾ അൾത്താരയിൽ ആഗതനാകുന്ന ദിവ്യനാഥന്റെ ദൈവത്വത്തെ ആരാധിക്കുന്നതിലും ഞങ്ങൾക്കു പ്രയാസമൊന്നുമുണ്ടായിരുന്നില്ല. പാപോച്ചാരണകർമ്മം വിദ്യാർത്ഥികളിൽ പലരും നടത്തിയിരുന്നതുകൊണ്ടു്, പാപോച്ചാരണം നടത്തുകയെന്നതു് ഒരു കത്തോലിക്കനാകുന്നതിനുമുമ്പുതന്നെ എനിക്കൊരു പതിവായിത്തീർന്നു. വലിയനോയമ്പുകാലത്തു് ദേവാലയത്തിനു പുറത്തുവച്ചുതന്നെ കുരിശിന്റെവഴി നടത്തുക, വിദ്യാർത്ഥികളെ ഉദ്ദേശിച്ചു് ഇടയ്ക്കിടയ്ക്കു ധ്യാനങ്ങൾ നടത്തുക തുടങ്ങി പല പരിപാടികളും കോളെജിൽ ഉണ്ടായിരുന്നു.

എന്റെ സെമ്മിനാരിജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഗതി, അതുവരെ യാദൃച്ഛികമായി പറഞ്ഞുകേട്ടിട്ടുണ്ടെന്നല്ലാതെ കാര്യമായി കരുതാതിരുന്ന ഒരു പുതിയ വ്യക്തിക്കു് എന്റെ ജീവിതത്തിൽ പ്രവേശനം ലഭിച്ചുവെന്നതാണു്. അതു ദൈവമാതാവായ കന്യകമറിയമല്ലാതെ മറ്റാരുമായിരുന്നില്ല. കത്തോലിക്കാസഭയുടെ സർവ്വപ്രധാനമായ ഒരു പ്രത്യേകതയാണു് വിശ്വാസികൾ പരിശുദ്ധ കന്യകയോടു് ഗാഢമായ ഭക്ത്യാദരങ്ങൾ പ്രകടിപ്പിക്കുന്നുവെന്നതു്. എന്നാൽ കത്തോലിക്കാസഭയ്ക്കു പുറത്തുള്ളവരുടെയിടയിലും ദൈവജനനിയോടു് സജീവവും ആത്മാർത്ഥവുമായ ഭക്തിയുള്ളവർ ധാരാളമുണ്ടെന്ന കാര്യം വിസ്മരിച്ചുകൂടാ. പലർക്കും ആശ്ചര്യംതന്നെയുളവാക്കുന്ന ഈ പരമാർത്ഥം കത്തോലിക്കരായ നമുക്കു വളരെ ആഹ്ളാദത്തിനു വകനൽകുന്നുണ്ടു്. മറിയത്തിന്റെ പ്രത്യേകഅവകാശങ്ങളും രക്ഷാകർമ്മത്തിൽ അവൾ വഹിക്കുന്ന സർവ്വപ്രധാനമായ പങ്കും അറിയുകയും സമ്മതിക്കുകയും ചെയ്യാതെ ഒരു യഥാർത്ഥ കത്തോലിക്കനായിരിക്കുവാൻ ഒരുവനും സാധിക്കയില്ല എന്ന കാര്യം ആദ്യമായി ഞാനറിഞ്ഞതു് ആംഗ്ലിക്കൻസഭയിൽവച്ചാണു്.

മറിയത്തിന്റെ ഒരു മനോഹരരൂപം ഞങ്ങളുടെ ദേവാലയത്തിൽ സ്ഥലംപിടിച്ചിരുന്നു. അവളുടെ തിരുനാൾദിവസങ്ങൾ ആഘോഷമായി കൊണ്ടാടുക സെമ്മിനാരിയിലെ ഒരു പതിവായി; തന്നെയല്ല മറിയത്തിന്റെ ജപമാല എന്നും എത്തിച്ചിരുന്നവർ ഞങ്ങളുടെ കൂട്ടത്തിൽ ധാരാളമുണ്ടായിരുന്നു. അന്നു ഞാൻ ഉപയോഗിച്ചിരുന്ന ജപമാലതന്നെയാണു് ഇന്നും ഞാൻ ഉപയോഗിക്കുന്നതെന്നു അഭിമാനപൂർവ്വം പറഞ്ഞുകൊള്ളട്ടെ. ദൈവജനനിയെ സ്വന്തമാതാവായി സ്വീകരിക്കുകയെന്നുവച്ചാൽ കത്തോലിക്കാസഭയുമായി വളരെയധികം അടുത്തുവെന്നാണർത്ഥം. എന്നാൽ ദൈവജനനിയോടു് യഥാർത്ഥമായ ഭക്ത്യാദരങ്ങളുള്ള എന്റെ സ്നേഹിതന്മാരിൽ എത്രപേരാണു് അവളുടെ ഓമനതനയന്റെ സത്യസഭയ്ക്കെതിരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതു്! വേദനാജനകമായ ഈ പരമാർത്ഥം നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകപ്രാധാന്യമർഹിക്കേണ്ടതാണു്.

എന്റെ മതപരിവർത്തനകാര്യത്തിൽ പരിശുദ്ധ കന്യക വഹിച്ച ഭാഗത്തെപ്പറ്റി ഞാൻ പിന്നീടു പറഞ്ഞുകൊള്ളാം. കത്തോലിക്കാസഭയിലേക്കു എന്നെ നയിക്കുവാൻ സഹായിച്ച ഇതരഘടകങ്ങളെ സംബന്ധിച്ചു് ഇപ്പോൾ രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. കത്തോലിക്കാസഭയിലെ സുപ്രസിദ്ധ ദൈവശാസ്ത്രജ്ഞനായ വി. തോമസ് അക്വിനാസിന്റെ കൃതികൾ പഠിക്കുന്നതിൽ ഞാൻ തല്പരനായിരുന്നു. സെമ്മിനാരിയിലെ പഠനസമയത്തിൽ ഒരു നല്ല ഭാഗം അതിനായി മാറ്റിവച്ചുവെന്നു പറയാം. ആ വിശുദ്ധന്റെ ഏതാണ്ടു് ദൈവനിവേശിതമെന്നുപോലും പറയാവുന്ന "സുമ്മ തിയളോജിക്ക" എന്ന കൃതി വായിക്കാനും അതിലടങ്ങിയിരിക്കുന്ന അഗാധചിന്താഗതി മനസ്സിലാക്കുവാനും ഞാൻ നടത്തിയ ശ്രമം വൃഥാവിലായില്ല. വി. തോമസ് അക്വിനാസിന്റെ പഠനത്തോടുള്ള താല്പര്യം ആംഗ്ലിക്കൻസഭയിൽ ഇന്നു കൂടിവരികയാണു്. "ഡോക്ടർ അഞ്ചേലിക്കൂസ്" എന്നതിനുപകരം ആംഗ്ലിക്കൻ ഡോക്ടർ എന്ന അപരനാമധേയം അദ്ദേഹത്തിനു പാരീസ്‌വൃത്തങ്ങളിൽ നൽകുന്നതായി അറിയുന്നു. അതു ശരിയോ തെറ്റോ ആയിരിക്കാം. എന്നാൽ ആംഗ്ലിക്കൻസഭയിലെ ബുദ്ധിജീവികൾ തങ്ങളുടെ ദൈവശാസ്ത്രപഠനം കത്തോലിക്കാസഭയിലെ പഠനരീതിയിലേക്കു തിരിച്ചുവിട്ടിരിക്കുന്നുവെന്നു പറയുവാൻ സാധിക്കും. സംശയംകൂടാതെ സമ്മതിക്കാവുന്ന ഒരു സംഗതിയാണു്, സത്യസഭയിലേക്കുള്ള എന്റെ കാൽവയ്പുകളെ ആ വിശുദ്ധന്റെ കൃതികൾ വളരെയധികം സഹായിച്ചുവെന്നുള്ളതു്.

സെമ്മിനാരിയിലെ ക്രമാനുസൃതമായ പഠനങ്ങൾക്കും പരിശീലനങ്ങൾക്കുംശേഷം ഞാൻ ആംഗ്ലിക്കൻപുരോഹിതനായി ഉയർത്തപ്പെട്ടു. സ്കോട്ട്ലണ്ടിലെ ഏറ്റവും വലിയ പട്ടണമായ ഗ്ലാസ്ഗോയുടെ കിഴക്കുഭാഗത്തുള്ള ഒരു പള്ളിയിൽ അസിസ്റ്റന്റായി നിയമിതനാകയുംചെയ്തു. വെൽഷ്, ഐറിഷ്, ഇംഗ്ലീഷ് എന്നിങ്ങനെയുള്ള വിവിധവംശജരെക്കൂടാതെ യൂറോപ്പിലെ വിവിധരാജ്യങ്ങളിൽനിന്നും വിദൂരമായ ഏഷ്യയിൽനിന്നുപോലും വാണിജ്യാർത്ഥം വന്നു താമസിക്കുന്ന ആളുകളും അവിടെയുണ്ടു്. ആംഗ്ലിക്കൻസഭ സ്കോട്ട്ലണ്ടിൽ എപ്പിസ്കോപ്പേലിയൻ സഭയെന്നാണു് അറിയപ്പെടുക. ഇംഗ്ലണ്ടിൽനിന്നും ഉത്തരഐർലണ്ടിൽനിന്നും വന്ന പ്രോട്ടസ്റ്റന്റുകാരാണു് അംഗങ്ങളിൽ ഭൂരിഭാഗവും. തീക്ഷ്ണത നിറഞ്ഞതാണു് അവരുടെ മതജീവിതമെന്നു പറഞ്ഞുകൂടാ. പൂജാർപ്പണം, ദൈവജനനിയോടുള്ള ഭക്തി എന്നീ കാര്യങ്ങളിൽ അവർക്കു ഒട്ടും താല്പര്യമില്ല. കത്തോലിക്കാവിശ്വാസവുമായി ബന്ധപ്പെട്ടവയാണെന്നതാണു് കാരണം. ആംഗ്ലിക്കൻസഭയിലെ പട്ടദാനകർമ്മം പുറമേനിന്നു കണ്ടാൽ കത്തോലിക്കാസഭയുടേതിൽ നിന്നും തിരിച്ചറിയുവാൻ പ്രയാസമാണു്. എന്നാൽ പട്ടദാനകർമ്മത്തിൽ ഉപയോഗിക്കുന്ന വാക്കുകളും കർമ്മംകൊണ്ടു് ഉദ്ദേശിക്കുന്ന കാര്യവും യഥാർത്ഥത്തിൽ ഒരു പുരോഹിതനെ അഭിഷേചിക്കുന്നതിനു പര്യാപ്തമല്ലെന്നാണു് കത്തോലിക്കാസഭയുടെ സുചിന്തിതമായ തീരുമാനം. ഞാൻ ആംഗ്ലിക്കൻപട്ടം സ്വീകരിച്ചിട്ടു് അധികനാൾ കഴിയുന്നതിനുമുമ്പുതന്നെ, ആംഗ്ലിക്കൻസഭയിലെ പട്ടദാനം വാസ്തവമാണോ എന്ന സംശയം എന്നെ അലട്ടാൻതുടങ്ങി. അതോടൊപ്പം കത്തോലിക്കാസഭയിലെ പട്ടദാനത്തെ സംബന്ധിച്ചു് യാതൊരു സംശയവും ആ സഭയ്ക്കില്ലെന്ന സംഗതിയും എനിക്കു ബോദ്ധ്യമായി.

വളരെയധികം കത്തോലിക്കരുള്ള ഒരു പട്ടണത്തിൽ അവരുടെ സജീവമതജീവിതവുമായി പരിചയംനേടാതിരിക്കുക ഇതരസഭാവിഭാഗങ്ങളിലെ വൈദികർക്കു പ്രയാസമായിരുന്നു. വാസ്തവം പറയാമല്ലോ, എന്റെ ഇടവകസന്ദർശനാവസരങ്ങളിൽ അടുത്തുകാണുന്ന കത്തോലിക്കാ ദേവാലയത്തിൽ പ്രവേശിച്ചു് കുറച്ചുസമയത്തേക്കെങ്കിലും പ്രാർത്ഥിക്കുകയെന്നതു് ഞാനൊരു പതിവാക്കി. ഇക്കാര്യം മേലധികാരിയറിഞ്ഞപ്പോൾ അദ്ദേഹം വളരെയധികം ക്ഷുഭിതനാകയാണു ചെയ്തതു്. ഞാൻ മറ്റുള്ളവർക്കു ദുർമാതൃക നൽകുന്നുവെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. അതുകൊണ്ടു് എന്റെ കത്തോലിക്കാ ദേവാലയസന്ദർശനങ്ങൾ ദൂരസ്ഥലങ്ങളിലേക്കു മാറ്റേണ്ടിവന്നു. പട്ടണത്തിന്റെ ഏതാണ്ടു മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്ന ഈശോസഭക്കാരുടെ ദേവാലയത്തിൽ പോയി ആഴ്ചയിലൊരിക്കൽ പരിശുദ്ധകുർബാനയുടെ ആശീർവ്വാദകർമ്മത്തിൽ ഞാൻ പങ്കുകൊണ്ടു. പരിചയക്കാരാരും അവിടെ കാണുകയില്ലെന്ന കാര്യം എനിക്കു ധൈര്യം നൽകി. കത്തോലിക്കാസഭയ്ക്കു ജനങ്ങളുടെമേലുള്ള സജീവസ്വാധീനം ഞാനവിടെ ദർശിച്ചു. വിശ്വാസികളുടെ ഭക്തിതീക്ഷ്ണതയും, ഞായറാഴ്ചദിവസങ്ങളിൽ ദേവാലയത്തിൽ തടിച്ചുകൂടുന്ന ജനപ്പെരുപ്പവും തങ്ങൾക്കില്ലാത്ത ഏതോ പ്രത്യേകത കത്തോലിക്കാസഭയ്ക്കുണ്ടെന്നു് കാണിക്കുവാൻ ധാരാളം പര്യാപ്തമായിരുന്നു. ഇവയെല്ലാം വെറും ഭയത്തിൽനിന്നുണ്ടാകുന്നവയെന്നു പറഞ്ഞു് നിസ്സാരമാക്കിത്തള്ളുവാനും വേണമെങ്കിൽ ഒരുവനു സാധിക്കുമായിരുന്നു. എന്നാൽ, ഞാൻ കണ്ട സജീവവിശ്വാസപ്രകടനങ്ങൾക്കു് തീർച്ചയായും അതൊരു ഉത്തരമാകുമായിരുന്നില്ല.

കാലങ്ങൾ കടന്നുപോകുന്തോറും, ആംഗ്ലിക്കൻസഭ ക്രിസ്തുവിന്റെ യഥാർത്ഥസഭയുടെ ഒരു ഭാഗമെന്നോ ശിഖരമെന്നോ ഉള്ള വാദത്തിൽ കഴമ്പൊന്നുമില്ലായെന്ന സംശയം എന്നെ കൂടുതൽ കൂടുതൽ അലട്ടിത്തുടങ്ങി. എന്റെ മെത്രാനും, സഹോദരവൈദികരുമായി നടത്തിയ ചർച്ചകൾ ആംഗ്ലിക്കൻസഭയുടെ അവകാശവാദങ്ങളിൽ ഉറപ്പുതരുന്നതിനുപകരം എന്നെ അതിൽനിന്നും കൂടുതൽ അകറ്റുകയാണുണ്ടായതു്. ആത്മാർത്ഥമായി സത്യാന്വേഷണം നടത്തുന്ന ഒരുവനു് ഇതുപോലുള്ള സംശയങ്ങൾ എത്ര വേദനാജനകമെന്നു് അനുഭവിച്ചറിഞ്ഞിട്ടില്ലെങ്കിൽ ഊഹിക്കുകതന്നെ പ്രയാസമാണു്. കൂടുതൽ മനമുരുകി പ്രാർത്ഥിക്കുകയും സ്വർഗ്ഗത്തിൽനിന്നു് എന്തെങ്കിലും പ്രത്യേകമായ ഒരടയാളം ലഭിക്കുന്നതിനുള്ള അത്യാസക്തി പ്രദർശിപ്പിക്കയും അയാൾ ചെയ്യുന്നു. എന്നാൽ തന്റെ പ്രബോധനങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കാൻ പ്രത്യേക അത്ഭുതങ്ങളൊന്നും ദിവ്യനാഥൻ വാഗ്ദാനം ചെയ്തിട്ടില്ല. ഈ തലമുറയിലും അതുപോലെ ഒരുവൻ ആഗ്രഹിക്കുന്നവിധത്തിൽ പ്രത്യേകഅടയാളങ്ങൾ ലഭിക്കണമെന്നില്ല. എന്റെ അനുഭവം അതായിരുന്നു. മതപരിവർത്തനത്തിനു് ബുദ്ധിപരമായ ബോദ്ധ്യമുണ്ടായാൽ മാത്രം പോരാ. വരപ്രസാദത്തിന്റെ പ്രവർത്തനം പ്രതീക്ഷിച്ചു് ഒരുവൻ കഴിഞ്ഞേ മതിയാവൂ.

കത്തോലിക്കാസഭയാണു് സത്യസഭയെന്നും, ഞാൻ അഭയം തേടേണ്ടതു് ആ സഭയിലാണെന്നും ബുദ്ധിപരമായി തീർച്ചയായിക്കഴിഞ്ഞ ഒരു പതനത്തിൽ ഇതിനകം ഞാനെത്തിക്കഴിഞ്ഞിരുന്നു. ഞാൻ നൽകിക്കൊണ്ടിരുന്ന കൂദാശകൾ യഥാർത്ഥത്തിൽ വരപ്രസാദത്തിന്റെ ചാലുകളല്ലെന്നും ആംഗ്ലിക്കൻ ദേവാലയങ്ങളിലെ സക്രാരികളിൽ ക്രിസ്തുനാഥന്റെ യഥാർത്ഥസാന്നിദ്ധ്യമുണ്ടെന്നു കരുതുന്നതു് വെറുതെയാണെന്നും എനിക്കു തീർച്ചയായി. 1941-ൽ മാതാവിന്റെ അമലോത്ഭവതിരുനാൾ ദിനത്തിലാണു് എന്റെ സംശയങ്ങൾക്കെല്ലാം ഒരറുതിയുണ്ടായതു്. അന്നു ഗ്ലാസ്ഗോ പട്ടണത്തിൽ അതികഠിനമായ ജർമ്മൻ വിമാനാക്രമണം നടന്നുകൊണ്ടിരുന്നു. ഏതാണ്ടു് അന്ധകാരത്തിൽ അമർന്നുകഴിഞ്ഞ നഗരം. ഏതുനിമിഷത്തിലും മരണമുണ്ടാകാവുന്ന സാഹചര്യം. സർവ്വത്ര ഗ്ലാനതയും മരണഭീതിയും കളിയാടിയിരുന്ന ആ ചുറ്റുപാടുകളിൽ വിശ്വാസസംബന്ധമായി തീർച്ചയായ ഒരു തീരുമാനമെടുക്കേണ്ടതു് ഏറ്റവും ആവശ്യമായി എനിക്കനുഭവപ്പെട്ടു. പരിശുദ്ധകന്യകയുടെ പ്രത്യേകമായ അനുഗ്രഹത്തിന്റെ ഫലമായാണു് ഞാൻ ഒരു തീരുമാനത്തിലെത്തിയതു്. അതു സംഭവിച്ചതെങ്ങനെയെന്നോ?

മാതാവിന്റെ അമലോത്ഭവതിരുനാൾ അക്കൊല്ലം ഒരു ഞായറാഴ്ചദിവസമായിരുന്നു. എന്നാൽ ആംഗ്ലിക്കൻസഭയിലെ നിയമമനുസരിച്ചു് ആഗമനകാലത്തുള്ള ഞായറാഴ്ചകളിൽ മറ്റു തിരുനാളുകൾ ആഘോഷിക്കുക നിഷിദ്ധമാണു്. ഇക്കാര്യത്തിൽ നിർബന്ധബുദ്ധിയായിരുന്ന എന്റെ വികാരി തിരുനാളാഘോഷം അടുത്തദിവസത്തേക്കു മാറ്റിവെച്ചു. ഞാൻ ഒട്ടും ഭഗ്നാശനായില്ല. ഞങ്ങളുടെ പള്ളിയിൽ കർമ്മങ്ങൾ നടക്കുന്നതിനു വളരെ മുമ്പുതന്നെ അടുത്തുള്ള കത്തോലിക്കാ ദേവാലയത്തിൽ നടന്ന ദിവ്യബലിയിൽ ഞാൻ പോയി സംബന്ധിച്ചു. കത്തോലിക്കാസഭയിലെ ബലിയർപ്പണത്തിൽ സംബന്ധിക്കുന്നതു അന്നാദ്യമായിരുന്നു. റോമിലേക്കുള്ള എന്റെ തീർത്ഥാടനത്തിന്റെ ആദ്യത്തെ പ്രായോഗികചുവടു് വെച്ചതായി ആ നിമിഷത്തിലെനിക്കു തോന്നി. കത്തോലിക്കാസഭയിലേക്കു സ്വീകരിക്കപ്പെടുന്നതിനു മുമ്പിൽ വീണ്ടും എനിക്കു ശേഷിച്ച ഒന്നു രണ്ടു മാസങ്ങൾ രണ്ടു സംഗതികൾ കൂടുതൽ തീർച്ചപ്പെടുത്തുന്നതിനു മാത്രമേ ഉപകരിച്ചുള്ളു. കത്തോലിക്കാസഭയാണു് ക്രിസ്തു സ്ഥാപിച്ച ഏകസത്യസഭയെന്നും, ഞാൻ സ്വീകരിച്ച വൈദികപട്ടം വാസ്തവത്തിൽ ഒരു പട്ടമേയല്ലെന്നും സംശയലേശമെന്യേ എനിക്കു ബോദ്ധ്യമായതോടെ വീണ്ടും കൂടുതൽ താമസിക്കുക ശരിയല്ലെന്നു ഞാൻ തീരുമാനിച്ചു. ഞാൻ ആത്മാർത്ഥമായി സ്നേഹിച്ചുപോന്ന, വളരെയധികം കടപ്പാടുകൾ എനിക്കുള്ള, ഇന്നും ആദ്യമാതാവായി ഞാൻ കരുതിപ്പോരുന്ന പൂർവ്വസഭയിലെ എന്റെ അവസാനനിമിഷങ്ങളെക്കുറിച്ചു് കൂടുതൽ കുറിക്കാതിരിക്കയാണു് നല്ലതു്. വേർപാടു് വേദനാപൂർണ്ണവും ഭാവി അനിശ്ചിതവുമായിരുന്നു. ഇംഗ്ലണ്ടിലുള്ള ഡൗൺസൈഡ് എന്ന ബനഡിക്റ്റൻ സന്യാസാശ്രമത്തിൽവെച്ചു് ഞാൻ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കപ്പെട്ടതോടെ എന്റെ ജീവിതമാർഗ്ഗവും നഷ്ടപ്പെട്ടു. (ഡോക്ടർ ഡഗ്ലാസ് ഇന്നു് സ്കോട്ട്ലണ്ടിൽ കിൽമർനോക്കു് എന്ന സ്ഥലത്തുള്ള കത്തോലിക്കാസ്കൂളിൽ ഒരദ്ധ്യാപകനാണു്.) എന്നാൽ സത്യസഭയുടെ മാർവ്വിടത്തിലാണു് താൻ അഭയംതേടിയിരിക്കുന്നതെന്നുള്ള ബോദ്ധ്യവും, ഇനിമുതൽ സഭയുടെ കൂദാശകളിൽ സംശയംകൂടാതെ ഭാഗഭാക്കാകാൻ സാധിക്കുമെന്നുള്ള വിചാരവും അതിൽനിന്നുളവായ ആനന്ദവും, നേരിട്ട നഷ്ടത്തിനു് ആവശ്യത്തിൽക്കവിഞ്ഞുള്ള പരിഹാരമായിരുന്നു.

മുഴുവനും വ്യക്തിപരമായ ഒരു കഥാകഥനംകൊണ്ടു് അനുവാചകരെ മുഷിപ്പിച്ചതിൽ എനിക്കു സങ്കടമുണ്ടു്. ആംഗ്ലിക്കൻസഭയുടെ ഇന്നത്തെ യഥാർത്ഥസ്ഥിതിയും അതിന്റെ കഷ്ടാവസ്ഥയും

മ

നസ്സിലാക്കുവാൻ വായനക്കാരെ സഹായിച്ചിട്ടുണ്ടെങ്കിൽ ഞാൻ തികച്ചും കൃതാർത്ഥനായി. "ഞാനും നീയും ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിത്തീരുവാൻ" എന്ന ദിവ്യനാഥന്റെ ആഗ്രഹത്തോടു യോജിച്ചുകൊണ്ടു് വായനക്കാരും ആംഗ്ലിക്കൻ സഭയുടെ പുനരാഗമനത്തിനുവേണ്ടി പ്രാർത്ഥിക്കണമെന്ന അഭ്യർത്ഥനയോടെ ഞാൻ വിരമിക്കുന്നു.

(വിവർത്തകൻ:-
പൈങ്ങളം ജോസു്)

(1-ാംപേജു് തുടർച്ച)

സാമ്മയിലും അന്വർത്ഥമായി. ദൈവത്തെ നിഷ്കളങ്കം സ്നേഹിക്കുന്ന ഒരാത്മാവിനു് ഇതെത്രകണ്ടു ദുസ്സഹമാണെന്നു അനുഭവസ്ഥർക്കുമാത്രമേ അറിയാവൂ. വരൾച്ചയും അരോചകവും അവളുടെ ഹൃദയത്തിലും അനുഭവപ്പെട്ടു യാതൊരു ആനന്ദവുമില്ലാതെ ഹൃദയം വെന്തുനീറി. അവൾ എഴുതുന്നു, "കർത്താവു ഇപ്പോൾ എന്നോടു വളരെ നിർദ്ദയമായിട്ടാണു വർത്തിക്കുന്നതു്. അവിടുന്നു എന്റെനേർക്കു കണ്ണടച്ചിരിക്കുകയാണെന്നു തോന്നുന്നു. ഞാൻ വളരെയധികം പരിശ്രമിച്ചു. യാതൊരു ഫലവുമില്ല." കർത്താവിനു തന്നോടു പിണക്കമാണോയെന്നു വേറൊരിക്കൽ ചോദിക്കുന്നു. "എന്റെ ആത്മാവു സ്നേഹിക്കുന്നവനെ എല്ലായിടത്തും ഞാൻ തിരഞ്ഞു. എങ്കിലും ഞാൻ അദ്ദേഹത്തെ കണ്ടില്ല." എന്നിങ്ങനെ അവളുടെ അന്തരാത്മാവു വിലപിച്ചു.

അൽഫോൻസാമ്മ ആത്മാവിന്റെ രാത്രിയിൽ തപ്പിത്തടഞ്ഞു നടക്കുന്ന കാലത്തു് ചില അവസരങ്ങളിൽ നിരാശയുടെ വക്കുവരെ എത്തുന്നുണ്ടു്. ഒരിക്കൽ "ആത്മസമാധാനമുണ്ടായിട്ടു മരിച്ചാൽ മതിയായിരുന്നു"വെന്നു പറഞ്ഞുപോകുന്നു. മരിക്കുന്നില്ലല്ലോ എന്നു ചിന്തിച്ച നിമിഷങ്ങളും ഇല്ലാതില്ല. അവളുടെ മനോവേദനയുടെ കാഠിന്യം വേറൊരിക്കൽ ഇങ്ങനെ വ്യക്തമാക്കുന്നു: "തീജ്വാലയുടെ നടുവിൽക്കിടന്നു പുളയുന്ന ഒരു കീടത്തിനു തുല്യമാണു് ഇപ്പോഴത്തെ എന്റെ സ്ഥിതി. ശരണക്കേടുപോലും തോന്നി. ഉടനെ മനസ്താപപ്പെട്ടു പൊറുതി അപേക്ഷിച്ചു" മരണത്തിനു ഏതാണ്ടു രണ്ടുമാസംമുൻപു എഴുതിയ കത്തിൽനിന്നും തെളിയുന്നുണ്ടു് അപ്പോഴും അവളുടെ ആത്മാവു് അന്ധകാരത്തിൽനിന്നും വിമുക്തമായിട്ടില്ലെന്നു്. "കഴിഞ്ഞ ആഴ്ചയിൽ ഒരുദിവസം അരമണിക്കൂർ നേരത്തേക്കു എനിക്കു എന്തെന്നില്ലാത്ത ഒരു വിഷമവും ഭാരവും മടുപ്പുംതോന്നി. ഞാൻ മരിക്കുന്നില്ലല്ലോ എന്നുള്ള വിചാരമുണ്ടായി."

ഇപ്രകാരം നിരാശയുടെ വക്കുവരെ അൽഫോൻസാമ്മ എത്തിയെങ്കിലും ശരണമെന്ന പുണ്യം അവൾക്കു നഷ്ടപ്പെട്ടിട്ടില്ല. അവൾ എഴുതുകയാണു്, "എന്റെ നല്ല ദൈവം എന്നെ നോക്കിക്കൊണ്ടിരിക്കുകയും എന്നെ ആശ്വസിപ്പിക്കുകയും ചെയ്യുന്നുണ്ടു്." ആത്മപ്രിയൻ അകന്നിരിക്കുന്നു. എന്നാൽ ദൂരെ എവിടെയോ ഒളിച്ചിരുന്നു നോക്കുന്നുണ്ടെന്നു അവൾക്കറിയാം. "കർത്താവു് എന്റെ ഹൃദയത്തിൽ ഇരുന്നുകൊണ്ടാണല്ലോ ഇപ്രകാരം എന്നെ ദുഃഖിപ്പിക്കുന്നതു് എന്നൊരാശ്വാസമുണ്ടു്" എന്നാണു് വേറൊരിക്കൽ അവൾ എഴുതുന്നതു്.

ക്ലേശത്തിന്റെ അന്ധകാരത്തിൽക്കൂടി പ്രയാണംചെയ്യുമ്പോൾ അൽഫോൻസാമ്മയുടെ സ്നേഹം അതിന്റെ പരമകോടിയിൽ എത്തുകയാണു്. അഗ്നിയിൽ ഉരുകുന്ന സ്വർണ്ണതുല്യം അവളുടെ സ്നേഹം കറകളഞ്ഞു് പരിശുദ്ധമായി. പരമമായ ദൈവൈക്യത്തിനു ഇതു അത്യന്താപേക്ഷിതമാണല്ലോ. അവൾ തികച്ചും ദൈവത്തിന്റേതായിത്തീർന്നു. "ഈ എളിയ ബലിവസ്തുവിനെ അവിടുന്നു ഇഷ്ടാനുസരണം ചവിട്ടുകയോ കുത്തി മുറിപ്പെടുത്തുകയോ എന്തും ചെയ്തുകൊള്ളട്ടെ" എന്നത്രെ വി. ചെറുപുഷ്പത്തെപ്പോലെ യാതനയുടെ ബലിവേദികയിൽ കിടന്നുകൊണ്ടു് അവൾ ഉരുവിടുന്നതു്.

സ്വന്തം ബലഹീനതാബോധവും ഇക്കാലത്തു് അവളിൽ വേരുറച്ചു. തൽഫലമായി വിശ്വാസം തഴച്ചുവളർന്നു. ദൈവത്തിന്റെ പരമനന്മയെ പൂർവ്വാധികം സൂക്ഷ്മതയോടെ അവൾ ഗ്രഹിച്ചു. മാതൃവക്ഷസ്സിൽ വിശ്രമംകൊള്ളുന്ന പൈതൽപോലെ സ്നേഹനാഥനിൽ അവൾ നിർവൃതിനേടി. സഹിച്ചുകൊണ്ടു സ്നേഹിക്കുവാൻ അവളുടെ ഹൃദയം വെമ്പൽകൊണ്ടു. അവളുടെ ആത്മാവു ദിവ്യമായ പ്രകാശത്താൽ ശോഭനമായി.

"...ശൈത്യകാലം അവസാനിച്ചു. മഴയും വിട്ടുമാറി. പുഷ്പങ്ങളാൽ ഭൂമുഖം അലംകൃതമായി. എന്റെ പ്രിയപ്പെട്ട സുന്ദരി! എഴുന്നേറ്റുവരിക" എന്നിങ്ങനെ ആ ഇരുളടഞ്ഞ രാത്രികൾക്കുശേഷം ആത്മനാഥൻ അവളുടെ കാതുകളിൽ മന്ത്രിച്ചു. അങ്ങനെ ആ ജൂലൈ 28-നു് ശരീരമാകുന്ന ശയ്യാതലത്തിൽനിന്നും എഴുന്നേറ്റു് അൽഫോൻസാമ്മ ആത്മമണവാളന്റെ മണിയറയിലേക്കു പ്രവേശിച്ചു.

# "ഞങ്ങളുടെ സ്കൂളുകൾ ഞങ്ങൾ ഒരിക്കലും കൈവിടുകയില്ല"

## ഇംഗ്ലണ്ടിലെ കത്തോലിക്കാ ഹൈരാർക്കിയുടെ പ്രസ്താവന

ഇംഗ്ലണ്ടിൽ 1944-ൽ മി. ബട്ട്ലേഴ്സ്ബിൽ പാർലമെന്റിൽ അവതരിപ്പിക്കപ്പെട്ടപ്പോൾ ബില്ലിലെ അസ്വീകാര്യമായ വ്യവസ്ഥകളെ പ്രതിഷേധിച്ചു് അവിടത്തെ കത്തോലിക്കാ ഹയരാർക്കി ഒരു ഖണ്ഡിതമായ പ്രസ്താവന പുറപ്പെടുവിക്കുകയുണ്ടായി. വെസ്റ്റ്മിനിസ്റ്റർ, ലിവർപ്പൂൾ, ബർമിംഗ്ഹാം, കാർഡിഫ് എന്നീ അതിരൂപതകളിലെ മെത്രാപ്പോലീത്താമാരും, സൗത്ത്വാർക്കിലെ മെത്രാപ്പോലീത്തൻ മെത്രാനും, ബ്രെൻറുവുഡ, മിഡിൽബ്രോ, പ്ലിമത്തു്, ക്ലിഫ്ടൻ, ഷ്റൂബറി, ലീഡ്സ്, ഹെക്സാം-ന്യൂകാസിൽ, ലങ്കാസ്റ്റർ, സാൽഫോഡ്, നോത്താംപ്ടൻ, മെനേവിയ, പോർട്ട്സ്മത്തു് എന്നീ രൂപതകളിലെ മെത്രാന്മാരും, നോട്ടിംഗാമിലെ വിക്കർകാപ്പിറ്റുലരും അതിൽ ഒപ്പുവച്ചിരുന്നു. പ്രസ്താവന ഇപ്രകാരമാണു്:-

"വിദ്യാഭ്യാസംസംബന്ധിച്ച ദേശീയപദ്ധതിയുടെ നവീകരണത്തിനുള്ള ബില്ലിലെ പൊതുവ്യവസ്ഥകളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നതോടൊപ്പം, ബിൽ ഇപ്പോൾ നിർമ്മിച്ചിരിക്കുന്ന രീതിയിൽ അതിനെ ഞങ്ങൾ ഒരിക്കലും സ്വീകരിച്ചിട്ടില്ലെന്നും, ഇപ്പോൾ സ്വീകരിക്കുന്നില്ല എന്നും, ഒരു കാലത്തും സ്വീകരിക്കുന്നതല്ല എന്നും വ്യക്തമാക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു

"ഞങ്ങൾ ഉന്നയിക്കുന്നതായ എതിർപ്പുകളെ പരിഹരിക്കത്തക്കവണ്ണം ബില്ലിൽ വേണ്ടതായ വ്യത്യാസങ്ങൾ വരുത്തുന്നതിനു ഇനിയും അവസരമുണ്ടെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അവയിൽ താഴെ പറയുന്നവയാണു് ഞങ്ങൾ ശക്തിയായി ഉന്നയിക്കുന്ന എതിർപ്പുകൾ:-

1. സ്കൂളുകളുടെ സ്ഥാപനവും നടത്തിപ്പും സംബന്ധിച്ചു് മാതാപിതാക്കന്മാരുടെ അവകാശങ്ങളെ വ്യക്തമായി അംഗീകരിക്കുന്ന ഏതെങ്കിലും വ്യവസ്ഥയില്ലാതിരിക്കുന്നതു്;

2. ഒരു കുട്ടിയെ ഏതു രീതിയിലുള്ള സ്കൂളിലേക്കാണു് വിടേണ്ടതെന്നു നിശ്ചയിക്കുന്നതിൽ സ്റ്റേറ്റിലെ ഉദ്യോഗസ്ഥന്മാരിൽ അതിരുകടന്ന അധികാരങ്ങൾ നിക്ഷേപിച്ചിരിക്കുന്നതു്;

3. ബില്ലനുസരിച്ചുള്ള കടമകളെ നിർവ്വഹിക്കുന്നതിനു കത്തോലിക്കാവിഭാഗത്തിനു സാദ്ധ്യമാകാത്തതരത്തിൽ ധനപരമായ വ്യവസ്ഥകളെ ക്രോഡീകരിക്കുന്നതിൽ ദുസ്സഹമായ അനീതി പ്രദർശിപ്പിച്ചിരിക്കുന്നതു്. എന്നിവയാകുന്നു.

"മി. ബട്ട്ലറുടെ ഈ ബില്ലിൽ മനസ്സാക്ഷിയുടെ പരമാധിപത്യവും സ്വാതന്ത്ര്യവും ഔദ്യോഗികമായും പ്രായോഗികമായും അംഗീകരിച്ചിരുന്നുവെങ്കിൽ, അതു നമ്മുടെ രാജ്യത്തിന്റെ ചിരസ്ഥായിയായ നന്മയ്ക്കു സഹായകമായിരുന്നേനെയെന്നാണു് ഞങ്ങളുടെ ആത്മാർത്ഥമായ ബോദ്ധ്യം. ഈ ബോദ്ധ്യത്തിൽ ഞങ്ങൾ ഉറച്ചു നില്ക്കുന്നു; ഞങ്ങളോടു അഭിപ്രായൈക്യമുള്ളവരുടെയെല്ലാം സഹകരണത്തെ ഞങ്ങൾ സ്വാഗതം ചെയ്യുകയും ചെയ്യുന്നു.


"ബില്ലിന്റെ ഒന്നാംവായനകഴിഞ്ഞു് പാസായിരിക്കുകയാണു്. ആംഗ്ലിക്കൻസഭയിലേയും ഫ്റീചർച്ചുവിഭാഗത്തിലേയും നേതാക്കന്മാർ ബില്ലിനെ സ്വീകരിക്കാമെന്നു പരസ്യമായി സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. സമ്മതിച്ചിട്ടുള്ള ഈ പദ്ധതിയിൽ അവർ മനസ്സാക്ഷിപരമായ യാതൊരുവിധ തടസ്സവും ഉന്നയിക്കുകയുണ്ടായിട്ടില്ല. എന്നാൽ ഞങ്ങൾ ആരംഭംമുതൽ അതിനെ എതിർത്തിരിക്കുന്നു. ഞങ്ങൾ ആഗ്രഹിച്ചിട്ടല്ല, പ്രത്യുത നിർബദ്ധരായിട്ടു്, വിധിനിർണ്ണായകമായ ഈ നിമിഷത്തിൽ ഒരു ന്യൂനപക്ഷമതവിഭാഗമായ ഞങ്ങൾ തനിച്ചുനില്ക്കുകയാണു്.

"ഈ നിലയിൽ, ഇംഗ്ലണ്ടിലെ പാരമ്പര്യവും നടപടിയും അനുസരിച്ചു് ന്യൂനപക്ഷത്തോടുള്ള പ്രവർത്തനരീതിയെ ഞങ്ങളാവശ്യപ്പെടുന്നു. 1919 ലെ സമാധാനസന്ധിയിലെന്നപോലെ പലേ അവസരങ്ങളിലും മറ്റു രാജ്യങ്ങളിലെ ന്യൂനപക്ഷമതവിഭാഗങ്ങളുടെ—പ്രത്യേകിച്ചു് അവരുടെ വിദ്യാഭ്യാസകാര്യം സംബന്ധിച്ചു്—പ്രബലവും പ്രമുഖവുമായ സംരക്ഷണത്തിനു ഇംഗ്ലണ്ടു മാതൃകാപരമായി പ്രവർത്തിച്ചിട്ടുണ്ടു്. ഇംഗ്ലണ്ടിലെ കത്തോലിക്കാ ന്യൂനപക്ഷവിഭാഗമായ ഞങ്ങൾ അപേക്ഷിക്കുന്നതു് ഇതുമാത്രമാണു്: ഈ വിദ്യാഭ്യാസപരിഷ്കാരത്തിൽ, രാജ്യത്തെ ഇതരസഹപൗരന്മാരോടൊപ്പം അതിന്റെ ഗുണഫലങ്ങളെ മനസ്സാക്ഷിസ്വാതന്ത്ര്യത്തോടുകൂടി അനുഭവിക്കുന്നതിനു്, പ്രബലമായ ആ സംരക്ഷണശക്തിയാൽ ഞങ്ങളേയും പ്രാപ്തരാക്കണേ എന്നു്.


"അവസാനമായി, സംഭവഗതികൾ എങ്ങിനെയെല്ലാമിരുന്നാലും വിദ്യാഭ്യാസരംഗത്തു രാജ്യത്തുണ്ടാകുന്ന പുരോഗതിയോടു കിടനില്ക്കുന്നതിനു് ഞങ്ങളുടെ സർവ്വകഴിവുകളും ഞങ്ങൾ വിനിയോഗിക്കുന്നതാണു്; എന്നാൽ ഒരുകാലത്തും ഞങ്ങളുടെ സ്കൂളുകൾ ഞങ്ങൾ കൈവിടുന്നതല്ല."

## വിവിധ സ്ഥലങ്ങളിലെ പ്രതിഷേധപ്രകടനങ്ങൾ






എറണാകുളത്തെ ജാഥയും രാജേന്ദ്രമൈതാനത്തെ യോഗവും



തൃശൂർ വിദ്യാർത്ഥികോർണറിൽ ചേന്ന പ്രതിഷേധയോഗത്തിൽ ശ്രീ ജോസഫ് പെട്ട പ്രസംഗിക്കുന്നു



മാളയിലെ ജാഥയും പ്രതിഷേധയോഗവും

## പ്രോട്ടസ്റ്റന്റ് സഭാ സിനഡ് പ്രശംസിക്കുന്നു

"ഞങ്ങൾക്കതിൽ അത്ഭുതപ്പെടാതിരിക്കാൻ നിവൃത്തിയില്ല" എന്നാണു് ബെൽഫാസ്റ്റിൽ ഈയിടെ ഒരു ഗ്രാമർസ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി "ചർച്ചു് ഓഫ് ഐർലണ്ടു്" സഭാവിഭാഗത്തിന്റെ രൂപതാകൗൺസിലിനെ ഉപദേശിച്ചുകൊണ്ടു് ന്യൂകാസിലിലെ കാനൻ ആംസ്ട്രോംഗ് ജോൺസ് അവർകൾ കത്തോലിക്കരുടെ വിദ്യാഭ്യാസസംബന്ധിച്ച നിലപാടിനെ പ്രശംസിച്ചു പ്രസ്താവിച്ചതു്. ഈ സ്ഥലത്തുത

ന്നെ കത്തോലിക്കർ രണ്ടു ഇൻറർമീഡിയററ് സ്കൂളുകൾ നടത്തുന്നു; ഏഴെണ്ണം പണി നടന്നുകൊണ്ടിരിക്കുന്നു. അഞ്ചെണ്ണത്തിനു പ്ലാൻ തയാറായിവരുന്നു വിദ്യാലയം പണിയുന്നതിനുള്ള സ്ഥലങ്ങൾ ചിലയിടങ്ങളിൽ ഉടമസ്ഥന്മാർ സൗജന്യമായി സംഭാവനചെയ്യുന്നു. ഒരിടവകയിൽ സ്കൂൾപണിക്കായി ഓരോ കത്തോലിക്കനും ഓരോ ആഴ്ചയിലും ഓരോ ഷില്ലിംഗുവീതം സംഭാവന ചെയ്തുകൊണ്ടിരുന്നതായും എനിക്കറിയാം എന്നദ്ദേഹം പറഞ്ഞു

"ഈ സ്കൂളുകളിലെ അദ്ധ്യാപകന്മാർ റോമൻകത്തോലിക്കാവിശ്വാസം അവരുടെ കുട്ടികളെ പഠിപ്പിക്കുമ്പോൾ. നമ്മുടെ ചർച്ച് ഓഫ് ഐർലണ്ടിൻെറ കുട്ടികൾ പോകുന്നത്, ഗവമ്മെൻറിൻെറ വിദ്യാഭ്യാസവകുപ്പിനു് ഏതൊരദ്ധ്യാപകനേയും, ഒരു നിരീശ്വരനെപ്പോലും, നിയമിക്കുന്നതിനു അധികാരമുള്ളതായ സ്ഥാപനങ്ങളിലേക്കാണ്. നമ്മുടെ സഭാംഗങ്ങളായ അദ്ധ്യാപകന്മാർ പഠിപ്പിക്കുന്ന ഒരു ഗ്രാമർസ്കൂളെങ്കിലും നമ്മുടെ സഭയ്ക്കുണ്ടായിരുന്നെങ്കിൽ അതെത്ര വലിയ ഒരു ശക്തിയായിരുന്നേനെ!" എന്നാണദ്ദേഹം തുടർന്നു പറഞ്ഞതു്.

—o—

(10-ാംപേജ് തുടർച്ച)

ലെ ജനതയോടുമുള്ള ശക്തിമത്തായ ഒരു വെല്ലുവിളിയാണെന്നു് ഞങ്ങൾ പരിഗണിക്കുന്നു.

"വിദ്യാഭ്യാസം മുഴുവൻ കൈയടക്കാനുള്ള ശ്രമം" തികച്ചും അപകടകരമാണെന്നും, "ബുദ്ധിയുടെ കേന്ദ്രീകരണം സർവ്വാബദ്ധമാണെന്നും" സർവ്വസംപൂജ്യനായ വിനോബജി ആവർത്തിച്ചു് ഉൽബോധിപ്പിച്ചിരിക്കുന്നു

ഭാവിതലമുറയെയും തൻമൂലം രാജ്യത്തിൻെറ ഒട്ടാകെയുള്ള പുരോഗതിയെയും സാരമായി സ്പർശിക്കുന്ന വിദ്യാഭ്യാസനയം ഉൾക്കൊള്ളുന്ന ഒരു ബിൽ ഇത്ര തിടുക്കത്തിൽ പാസ്സാക്കി എടുക്കത്തക്കവണ്ണം, പകർച്ചവ്യാധിമൂലമോ ജലപ്രളയംമൂലമോ പട്ടിണിമൂലമോ ഉണ്ടായിരിക്കുന്ന വ്യഗ്രാവസ്ഥ ഒന്നും വിദ്യാഭ്യാസമേഖലയിൽ ഉണ്ടായിട്ടില്ല. വിദ്യാഭ്യാസകാര്യങ്ങളെപ്പററി അന്വേഷണം നടത്തുന്നതിനു് പ്രതിപക്ഷകക്ഷികൾ ഉൾപ്പെടുന്ന ഒരു വിദഗ്ദ്ധകമ്മിററിയെ നിയമിക്കുകയും അവരുടെ പണ്ഡിതോചിതമായ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ആവശ്യമായ മാററങ്ങൾ രൂപീകരിച്ചു നടപ്പിൽ വരുത്തുകയുമാണു് ഈ സന്ദർഭത്തിൽ സ്വീകാര്യമായ സംഗതി എന്നു് ഞങ്ങൾ കരുതുന്നു.

ക്രിസ്തീയ ആദർശപരമായി ചിന്തിച്ചാൽ ഇന്നത്തെ വിദ്യാഭ്യാസബില്ലിൽ അന്തർഭവിച്ചിരിക്കുന്ന പ്രശ്നം "കൈസറിനുള്ളതിൻെറ പരിധിയാണു്." ദൈവത്തിനുള്ളവ എന്നതു് കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിനു സുഖപ്രദമായ ഭാഷയല്ലായിരിക്കാം. എന്നാൽ ഈ പ്രശ്നം തന്നെയല്ലയോ, ഇന്നു് ലോകരാഷ്ട്രങ്ങളെ രണ്ടുചേരികളായി ഭിന്നിപ്പിച്ചിരിക്കുന്ന കാരണങ്ങളിൽ പ്രധാനമായ ഒന്നു്. ക്രിസ്തുസഭയ്ക്കു് കൈസർക്കുള്ളതിലധികം കൈസർക്കു് നൽകുന്നതു അസാദ്ധ്യമെന്നു് പറയേണ്ടതില്ലല്ലോ.

ഡിസ്ത്രിക്ടിൻെറ അടിസ്ഥാനത്തിൽ ലിസ്റ്റനുസരിച്ചുള്ള നിയമനം, ലോക്കൽകമ്മിററികൾ വിദ്യാഭ്യാസത്തിൽ ഉണ്ടാകാൻപോകുന്ന അനധികൃതസ്ഥാനം, പടിപടിയായുള്ള ഏറെറടുപ്പു്, ധനസഹായം ഇല്ലെങ്കിലും ഈ നിയമങ്ങളെല്ലാം അനുസരിക്കണമെന്നുള്ള നിഷ്കർഷ, കോടതിയിൽ പോകാൻ പാടില്ലെന്നുള്ള വ

# വിദ്യാഭ്യാസബിൽ ജനാധിപത്യവിരുദ്ധവും നിഷേധാത്മകവും

## കെ പി സി സി എക്സിക്യൂട്ടീവിൻെറയും കോൺ. പാർല. പാർട്ടി എക്സിക്യൂട്ടീവിൻെറയും തീരുമാനം

തിരുവനന്തപുരത്തുവച്ചു് ജൂലൈ 15-ാംനു കെ പി സി സി എക്സിക്യൂട്ടീവിൻെറയും കോൺഗ്രസ് പാർലമെണ്ടറി പാർട്ടി എക്സിക്യൂട്ടീവിൻെറയും ഒരു സംയുക്തയോഗം കെ പി സി സി പ്രസിഡണ്ടു് മി കോഴിപ്പുറത്തു മാധവമേനോൻെറ അദ്ധ്യക്ഷതയിലും കോൺഗ്രസ് ജനറൽ സെക്രട്ടറി മി ശ്രീമന്നാരായണൻെറ സാന്നിദ്ധ്യത്തിലും കൂടി വിദ്യാഭ്യാസബില്ലിലെ ഓരോ വകുപ്പിനെയുംപററി പ്രത്യേകം പ്രത്യേകം 4 മണിക്കൂർനേരം ചർച്ച നടത്തിയശേഷം താഴെ കാണുന്ന പ്രമേയം ഏകകണ്ഠമായി അംഗീകരിച്ചിരിക്കുന്നു.

### പ്രമേയം

ജൂലൈ 13-ാം തീയതി അസംബ്ളിയിലവതരിപ്പിച്ച വിദ്യാഭ്യാസബില്ലിലെ വ്യവസ്ഥകളെപ്പററി കെ പി സി സി എക്സിക്യൂട്ടീവിൻെറയും കോൺഗ്രസ് പാർലമെണ്ടറി പാർട്ടി എക്സിക്യൂട്ടീവിൻെറയും സംയുക്തസമ്മേളനം അവഗാഢമായും ഉൽക്കണ്ഠയോടുകൂടിയും ചർച്ചചെയ്യുകയുണ്ടായി. ബില്ലിൻെറ പീഠികയിൽ പറയുന്ന ഉദ്ദേശലക്ഷ്യങ്ങൾ ബില്ലിലെ വ്യവസ്ഥകൾകൊണ്ടു നടാൻ പോകുന്നില്ലെന്നു മാത്രമല്ല, പ്രസ്തുത വ്യവസ്ഥകൾ അവയെ പരാജയപ്പെടുത്തുവാൻ പോരുന്നവയാണെന്നു കമ്മിററി ഖേദപൂർവ്വം നോട്ടുചെയ്യുന്നു. പ്രൈവററുസ്കൂൾ അദ്ധ്യാപകരുടെ നില മെച്ചപ്പെടുത്താനായി കോൺഗ്രസ് വിജയപൂർവ്വം പല ശ്രമങ്ങളും തുടർച്ചയായി നടത്തിയിട്ടുണ്ടു്. പ്രസ്തുത നടപടികൾ ഇതിനകം തന്നെ എല്ലാവർക്കും അറിവുള്ളതും അദ്ധ്യാപകന്മാരും പൊതുജനങ്ങളും അതിനെ അഭിനന്ദിച്ചിട്ടുള്ളതുമാണു്. അദ്ധ്യാപകന്മാരുടെ നില മെച്ചപ്പെടുത്താൻ കോൺഗ്രസിനു അങ്ങേയററം ആഗ്രഹമാണുള്ളതെന്നു് അദ്ധ്യാപകന്മാർക്കു് ഉറപ്പുനൽകിക്കൊള്ളട്ടെ. എന്നാൽ ഈ ബില്ലിൽ അവരുടെ നില ശ്രേയസ്കരമാക്കാൻ പററിയ യാതൊരു നിർദ്ദേശവുമില്ലെന്നു കാണുന്നതിൽ ഞങ്ങൾ ഖേദിക്കുന്നു. ജോലിസ്ഥിരത, പെൻഷൻ, പ്രോവിഡണ്ടുഫണ്ടു് തുടങ്ങിയ കാര്യങ്ങളെപ്പററി ബില്ലിന് യാതൊന്നും വ്യക്തമായി പറയുന്നില്ല.

കൂടുതൽ വിശദാംശങ്ങളിലേക്കു കടക്കാതെ ബില്ലിലെ തീർത്തും ജനാധിപത്യവിരുദ്ധവും നിഷേധാത്മകവുമായ ചില വ്യവസ്ഥകളെ ഞങ്ങൾ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

16 (2) വകുപ്പിൽ, അടിയന്തിരഘട്ടങ്ങളിൽ 1-ാം വകുപ്പിൽനിർദ്ദേശിക്കുന്ന വിധത്തിൽ മാനേജർക്കു് നോട്ടീസ് കൊടുക്കാതെതന്നെ ഗവമ്മെണ്ടിനു് സ്കൂളിൻെറ മാനേജുമെൻറു് ഏറെറടുക്കാമെന്നു പറയുന്നതു് സ്വേച്ഛാധിപത്യപരമായുള്ള ഒരു സമീപനമാണു്. തന്നെയല്ല സ്വാഭാവികനീതിയുടെ ഒരു ലംഘനവുമാണതു്. അതുപോലെ 17-ാം വകുപ്പിൽ നിയമസഭയോടാലോചിക്കാതെ ഏതിനത്തിൽപെട്ട സ്കൂളും കൈവശപ്പെടുത്താൻ എക്സിക്യൂട്ടീവിനു അസാധാരണവും വിശാലവുമായ അധികാരം നൽകിയിരിക്കുന്നു. 31-ാം വകുപ്പും മററു വകുപ്പുകളും പൗരന്മാർക്കു ഭരണഘടന നൽകുന്ന പരിരക്ഷയെ നിഷേധിക്കുന്നതാണു്. ബില്ലിലെ മിക്കവകുപ്പുകളും അംഗീകൃതനിയമങ്ങൾക്കു വിരുദ്ധമായി എക്സിക്യൂട്ടീവിനു സ്വേച്ഛാപരമായ അധികാരം നൽകുന്നതാണു്.

ഇതും ഇതുപോലുള്ള മററു വ്യവസ്ഥകളും ഒരു ജനാധിപത്യരാജ്യത്തിലെ നിയമങ്ങളിൽ സ്ഥാനം പിടിക്കത്തക്കവയല്ല. ബില്ലിൽ പറയുന്ന സ്റ്റേററു് എഡ്യൂക്കേഷൻ അഡൈ്വസറിബോർഡുകൾ, റീജനൽ എഡ്യൂക്കേഷൻ അതോറിട്ടികൾ, കമ്മിററികൾ ഇവയൊക്കെ, വിദ്യാഭ്യാസരംഗത്തു കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ആധിപത്യത്തിനു വഴിതെളിക്കുന്നതിനുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണു്. "ജനകീയക്കമ്മിററി"കളെന്ന പേരിൽ സംഘടിപ്പിച്ചിട്ടുള്ള മററു കമ്മിററികളെ സംബന്ധിച്ചു് ഞങ്ങൾക്കുണ്ടായിട്ടുള്ള അനുഭവം ഇതുസംബന്ധിച്ചുള്ള ഞങ്ങളുടെ ആശങ്കകളെ സ്ഥിരീകരിക്കുകയാണു്.

ഏയിഡഡു് സ്കൂളുകളിൽ, ലോക്കൽ അതോറിട്ടികൾ നിശ്ചയിക്കുന്ന പാനലിൽനിന്നേ അദ്ധ്യാപകരെ നിയമിക്കാവൂ എന്നു അനുശാസിക്കുന്ന 15-ാം വകുപ്പ് മാനേജ്മെൻറിൻെറ അവകാശങ്ങളെ ധ്വംസിക്കുന്നതാണു്. ബിൽ മുഴുവനായി ദുരുപദേശപരവും ശരിക്കു തയ്യാറാക്കാത്തതും ഏകാധിപത്യപരവുമാണെന്നും, ഈ സംസ്ഥാനത്തെ വിദ്യാഭ്യാസസ്ഥാപനങ്ങളെ പട്ടാളച്ചിട്ടയ്ക്കു വിധേയമാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമാണെന്നും ഞങ്ങൾ മനസ്സിലാക്കുന്നു.

കുപ്പു് എന്നിവയിലെല്ലാം അന്തർഭവിച്ചിരിക്കുന്ന മൗലികാവകാശങ്ങളിന്മേലുള്ള ഗൗരവതരമായ കയ്യേററപ്രശ്നത്തിലേക്കു് ഇപ്പോൾ പ്രവേശിക്കുന്നതിനു സാവകാശമില്ലാത്തതിൽ ഖേദിക്കുന്നു. കുടുംബവും മതവും ആകുന്ന അടിസ്ഥാനങ്ങളിലും ജനാധിപത്യ ആദർശങ്ങളിലും കോടാലിവയ്ക്കുന്ന ഈ ബില്ലിനെ ദുർബലപ്പെടുത്തുന്നതിനു് എല്ലാ ജനാധിപത്യവാദികളും സർവ്വശക്തിയും ഉപയോഗിക്കേണ്ടതാണു്. മർമ്മപ്രധാനമായ വിദ്യാഭ്യാസമേഖല സ്വാതന്ത്ര്യവും വൈവിധ്യത്തിനു് അവസരം നൽകുന്നതുമായിരിക്കണം. അതിനു വിഘാതമായി നിൽക്കുന്ന ഏതു കരുനീക്കവും ദേശീയ താല്പര്യങ്ങൾക്കു വിരുദ്ധമാകയാൽ ജനങ്ങൾ ശക്തിപൂർവ്വം എതിർക്കേണ്ടതാണു്.




# ഫാത്തിമായിലെ ദുഃഖാർത്തയായ രാജ്ഞി

(ഫാദർ ലാസർ സി. ഡി., ബി. എ. എൽ. ടി.)

സ്നേഹത്തിനെന്നപോലെ ദുഃഖത്തിനുമുണ്ടു് പദവികൾ. രണ്ടിനും സാധിക്കും ഒരാത്മാവിൻെറ ശ്രേഷ്ഠതയും ശക്തിയും വർദ്ധമാനമാക്കുവാൻ—അതിനെ പൂർണ്ണവളർച്ചയിലേക്കു നയിക്കുവാൻ. ഇവിടെ സാമ്യം അവസാനിക്കുന്നു. നമുക്കറിയാം പരിപാവനസ്നേഹം ഒരുവനെ ഗ്രസിച്ചുകഴിഞ്ഞാൽ എന്തു സംഭവിക്കുമെന്നു്. അതു അവനെ ധന്യനാക്കും. സ്നേഹമാണു് ആത്മാവിനു പൂർണ്ണവളർച്ചയും ജീവചൈതന്യവും പ്രദാനം ചെയ്യുന്നതു്—അതിനെ വികസിപ്പിക്കയും അതിൻെറ പ്രവർത്തനങ്ങൾക്കു മകുടം ചാർത്തുകയും ചെയ്യുന്നതു്. നമ്മുടെ കഴിവുകളിൽ ഏററവും പ്രാധാന്യം അർഹിക്കുന്നതാണു് സ്നേഹം, ഉദ്ദേശങ്ങളിലും പ്രധാന സ്ഥാനം സ്നേഹത്തിനത്രെ. നമ്മിൽ കുടികൊള്ളുന്ന തിന്മയേയും ദുഷ്പ്രവണതകളേയും ജയിച്ചടക്കുന്നതിനും, ബലക്ഷയം നീക്കി ശക്തിനൽകുന്നതിനും, കുറവുകളെ പരിഹരിച്ചു സുകൃതത്തിൽ പുരോഗമിക്കുന്നതിനും സഹായിക്കുന്ന സിദ്ധൗഷധവും ഉന്മേഷമാണു സ്നേഹം.

എന്നാൽ, ദുഃഖം! ഇതു് സ്നേഹത്തിൻെറ മുന്നോടിയാകാമെങ്കിലും ആത്മാവിൽ ഭരണം നടത്തുവാൻ ഇതിനെ അനുവദിച്ചുകൂടാ. കാരണം, ദുഃഖം അതിവേഗം അനിയന്ത്രിതമാകുകയും വലിയ പാപങ്ങളിലേക്കു്—പരിശുദ്ധാത്മാവിനോടും സ്നേഹാരൂപിയോടും എതിരായുള്ള പാപങ്ങളിലേക്കു്—നിരാശയിലേക്കു്—നമ്മെ നയിക്കുകയും ചെയ്യുന്നതാണു്. നിയന്ത്രിത ദുഃഖം ആത്മാവിൻെറ ശക്തികളെ വളർത്തുകയും വികസിപ്പിക്കയും ചെയ്യാം. എന്നാൽ പിടിവിട്ടുപോയാൽ നിരാശയിലേക്കാണു നയിക്കുക. ക്രൂശിതനെ വീക്ഷിച്ചുകൊണ്ടു ഗാഗുൽത്തായിൽ നിലകൊണ്ടു മറിയം! അവളുടേതിൽ വലിയ ദുഃഖം ലോകം ദർശിച്ചിട്ടില്ല. "വഴികടന്നു പോകുന്നവരേ, എന്നെ നോക്കി സൂക്ഷിപ്പിൻ. എൻേറതിൽ വലിയ ദുഃഖമുണ്ടോ എന്നു പറയുവിൻ" എന്നു ദീർഘദർശിയോടുകൂടെ പറയുവാൻ അവൾ നിർബന്ധിതയായി. എന്നാൽ ആ കഠോരദുഃഖഭാരത്തിൻ കീഴ് അമന്ന ഹൃദയം ഉയിർപ്പിൻെറ പ്രതീക്ഷയിൽ വികസിക്കയത്രെ ചെയ്തതു്. മൃതനായ ഈശോയുടെ ചങ്കു കുത്തിപ്പിളന്ന ശൂലം അവളുടേതിനേയും തുളച്ചു. എങ്കിലും അതു അവളെ നിഗ്രഹിച്ചില്ല. രണ്ടു ഹൃദയങ്ങളിൽനിന്നും അനുകമ്പയുടേയും സ്നേഹാർദ്രതയുടേയും പ്രവാഹമാണുണ്ടായതു്. എന്തുകൊണ്ടു്? ഇരുവരുടേയും ദുഃഖം സ്നേഹം, പ്രത്യാശ എന്നിവയിന്മേൽ താങ്ങിനിന്നതുകൊണ്ടുതന്നെ.

എന്നാൽ പ്രത്യാശയുടെ ഒരു ബാഷ്പബിന്ദുപോലും അവശേഷിപ്പിക്കാത്ത ഒരുതരം ദുഃഖമുണ്ടു്. ഇതൊരുതരം രോഗമായി പ്രത്യക്ഷപ്പെടും. താദൃശദുഃഖം ആത്മശക്തികളെ നാശോന്മുഖമാക്കും, ജീവിതത്തെ കൈപ്പുനിറഞ്ഞതാക്കും, പ്രത്യാശയ്ക്കു ഇടംകൊടുക്കുകയുമില്ല. പ്രത്യാശയുടെ രശ്മിദീപം ലും നിഴലിക്കാത്ത ആ നരകത്തിന്നടുത്തതാണു് ഈ ദുഃഖം. പ്രത്യാശാപൂർണ്ണമായ ദുഃഖം ക്ഷമയുള്ളതാണു്, കരുത്തുള്ളതാണു്. നരകത്തിന്നടുത്ത, പ്രത്യാശ സ്പർശിക്കാത്ത, ദുഃഖമോ, ക്ഷമയില്ലാത്തതും വിദ്വേഷപരവുമാണു്. അതു ദൈവത്തോടു് എതിർക്കുന്നു ദൈവസ്നേഹത്തെ നിഷേധബുദ്ധ്യാ വീക്ഷിക്കുന്നു. പ്രതീക്ഷയേയും വിശ്വാസത്തേയും നിഹനിക്കയും ചെയ്യുന്നു. ഇതാണു് ദൈവത്തേയും തന്നെത്തന്നെയും ഇല്ലാതാക്കുവാൻ വെമ്പൽകൊള്ളുന്ന—നാശം, നാശം എന്നു കൂവിവിളിക്കുവാൻ പ്രേരണ നൽകുന്ന ദുഃഖം. ഇതാണു് നിരീശ്വരകമ്മ്യൂണിസത്തിൻെറ വജ്രായുധം—നിരാശ! കമ്മ്യൂണിസം ആത്മാവുകളിൽ ഊതിക്കത്തിക്കുവാൻ യത്നിക്കുന്ന നിരാശാഗ്നിയെ, ആത്മവിശ്വാസത്തിൻെറയും പ്രതീക്ഷയുടേയും സ്നേഹത്തിൻെറയും പാവനാഗ്നിയാൽ വേണം നാം കെടുത്തുവാൻ.

ഫാത്തിമായിലെ അവസാനദർശനത്തിൽ ദുഃഖാർത്തയായിട്ടത്രെ മറിയം പ്രത്യക്ഷയായതു്. കാരണമെന്തായിരിക്കാം? കടിഞ്ഞാണിടപ്പെടാത്ത കമ്മ്യൂണിസംമൂലം മനുഷ്യരാശിക്കു വന്നിരിക്കുന്ന നാശം അവൾ കണ്ടു. അവൾ ദുഃഖാർത്തയായി. നമ്മുടെ സഹോദരസഹോദരികളുടെ കഷ്ടതയാൽ മനമുരുകി ദുഃഖിക്കുവാനും വിപത്തിനെ തടയുവാനുള്ള പ്രതിവിധികൾ കൈക്കൊള്ളുവാനും ഉള്ള ഒരു അനുസ്മരണയായിരുന്നു അതു്. നാം ഓർക്കണം അവരുടെ നിർഭാഗ്യാവസ്ഥയ്ക്കു നാമും അവരോടൊപ്പം കാരണക്കാരാണെന്നു്. തദ്വാരാ അവരുടെ കുരിശുവഹിക്കാൻ അവരെ സഹായിക്കേണ്ടതു നമ്മുടെ ചുമതലയാണെന്നു വരുന്നു. നമ്മുടെ കഴിവുകൾ പരിമിതങ്ങളായിരിക്കാം. എങ്കിലും നമ്മുടെ പ്രാർത്ഥനയും പ്രായശ്ചിത്തവും ഈശോയുടെ കഷ്ടാനുഭവത്തിൻെറ യോഗ്യതകളോടു ചേർത്തു നമുക്കു കാഴ്ചവയ്ക്കാം. ഫാത്തിമാംബികയുടെ നിർദ്ദേശാനുസരണം ദൈവകൃപയ്ക്കായി കരമുയർത്തി പ്രാർത്ഥിക്കുന്ന ലോകമെങ്ങുമുള്ള വിശ്വാസികളോടുകൂടെ നമുക്കും പ്രാർത്ഥിക്കാം.

മറിയം കാണിച്ചുതന്നു കമ്മ്യൂണിസത്തോടു എതിരിടുന്നവർ കൈയിലെടുക്കേണ്ട ആയുധങ്ങൾ—പ്രാർത്ഥന, പ്രായശ്ചിത്തം. അവളറിയിച്ചു അവളുടെ അനുശാസനപ്രകാരം വർത്തിക്കാത്തപക്ഷം ജനത നിശ്ശേഷം നശിക്കുമെന്നു്. മനുഷ്യൻ നശിക്കുന്നതെപ്പോൾ? മനുഷ്യത്വം നശിക്കുമ്പോൾ; മനുഷ്യനെ മനുഷ്യനാക്കുന്ന വ്യക്തിത്വം, സ്വാതന്ത്ര്യം ഇവ അവനു നഷ്ടപ്രായമാകുമ്പോൾ. കമ്മ്യൂണിസ്റ്റ്‌രാജ്യങ്ങളിലെ പീഡനത്താവളങ്ങളിൽ ബന്ധിതരായിരിക്കുന്ന ലക്ഷങ്ങളുടെ അവസ്ഥയെന്തു്? കാരാഗൃഹവാസം അടിമത്തമല്ല. പ്രസ്തുത താവളങ്ങളിലെ ബന്ധനങ്ങളല്ല, നിർബന്ധവേലയല്ല, മറ്റൊന്നുമല്ല വ്യക്തിത്വത്തിൻെറ നിഷേധമാണു് അവരെ അടിമത്തത്തിൽ അമർത്തുന്നതു്. മനുഷ്യൻെറ വ്യക്തിമാഹാത്മ്യം അവൻെറ ദൈവപുത്രസ്ഥാനത്തിൽ സ്ഥിതിചെയ്യുന്നു. എന്നാൽ ബുദ്ധിമാന്ദ്യം വരുത്തുന്നതിനാലോ, പ്രതീക്ഷനശിച്ചു നിരാശയിൽ പെടുന്നതിനാലോ ദൈവപുത്രസ്ഥാനം നഷ്ടപ്പെട്ടാൽ അവർ അടിമകളായി, കമ്മ്യൂണിസ്റ്റ്‌മേധാ

(ശേഷം 7-ാംപേജിൽ)

വിദ്യാഭ്യാസബില്ലിനെ സംബന്ധിച്ചു് കോൺഗ്രസ് എടുത്തിട്ടുള്ള നിലപാടും ബില്ലിൽ അടങ്ങിയിരിക്കുന്ന അപകടകരമായ സൂചനകളും ജനങ്ങൾക്കു മനസ്സിലാക്കിക്കൊടുക്കുവാൻ ഈ കമ്മിററി സ്റ്റേററിലെ എല്ലാ കോൺഗ്രസ് കമ്മിററികളെയും ആഹ്വാനം ചെയ്തുകൊള്ളുന്നു.

# കത്തോലിക്കാസഭയിൽ പുനരൈക്യപ്പെട്ടു

## റവ. ഫാദർ സി. എ. എബ്രാഹം എം. എ. ബി. ഡി., ബി. ലിററ് (ഓക്സൻ)

മൂവാററുപുഴ നിർമ്മലകോളേജു ചാപ്പലിൽവച്ചു ജൂലൈ 21-ാം തീയതി ഞായറാഴ്ച കാലത്തു പതിനൊന്നരമണിക്കു് റവ. ഫാദർ സി. എ. എബ്രാഹം സകുടുംബം സത്യപ്രതിജ്ഞചെയ്തു് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരിക്കുന്നു. ഈ മംഗളകർമ്മം തികച്ചും അനാർഭാടമായിട്ടാണു് നടത്തപ്പെട്ടതു്. എങ്കിലും അതിൽ സംബന്ധിക്കുന്നതിനായി എറണാകുളം മെത്രാപ്പോലീത്താ മോസ്റ്റു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ, തിരുവനന്തപുരം മെത്രാപ്പോലീത്താ മോസ്റ്റു് റവ. മാർ ഗ്രീഗോറിയോസ്, കോതമംഗലം മെത്രാൻ റൈററു് റവ. ഡോക്ടർ മാത്യു പോത്തനാമൂഴി, തിരുവല്ലാ അഡ്മിനിസ്ട്രേറ്റർ റൈററു് റവ. മോൺ: മാത്യു നെടുങ്ങാട്ടു്, കോതമംഗലം വികാരിജനറാൾ റൈററു് റവ. മോൺ: കുര്യാക്കോസ് നമ്പ്യാപറമ്പിൽ, വെരി റവ. ഫാദർ വി. സി. ഗീവർഗ്ഗീസ് കോറെപ്പിസ്കോപ്പാ, റവ. ഫാദർ ടി. വി. ജോൺ, പ്രിൻസിപ്പൽ റവ. ഫാദർ തോമസ് നെടുങ്കല്ലേൽ മുതലായ പല വൈദികപ്രമുഖന്മാരും, ഫാദർ എബ്രാഹമിന്റെ ബന്ധുക്കളും സുഹൃത്തുക്കളുമായ ഏതാനും മഹതീമഹാന്മാരും തദവസരത്തിൽ സന്നിഹിതരായിരുന്നു. പ്രാരംഭമായി വെരി റവ. കോറെപ്പിസ്കോപ്പാ ഫാദർ എബ്രാഹവുമായി തനിക്കുള്ള ചിരപരിചയത്തെ അനുസ്മരിച്ചു് കത്തോലിക്കാസഭയിലേക്കുള്ള അദ്ദേഹത്തിന്റെ ഈ പുനരൈക്യം അഗാധമായ പഠനത്തിന്റേയും, സുദീർഘമായ പര്യന്വേഷണങ്ങളുടേയും, സർവ്വോപരി അദ്ദേഹത്തിനു ദൈവം നൽകിയ പ്രസാദവരത്തിന്റേയും പരിണതഫലമാണെന്നു സമർത്ഥിക്കുകയും അദ്ദേഹത്തിനും അനുഗൃഹീതമായ കുടുംബത്തിനും കത്തോലിക്കാസഭാരാമത്തിലേക്കു ഹൃദ്യമായ സ്വാഗതമാശംസിക്കുകയും ചെയ്തു തുടർന്നു തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിലും തിരുവല്ലാ അഡ്മിനിസ്ട്രേറററുടെ സഹകരണത്തിലും പുനരൈക്യശുശ്രൂഷ നിർവ്വഹിക്കപ്പെട്ടു.

### എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രസംഗം

പുനരൈക്യാനന്തരം ഫാദർ എബ്രാഹമിനേയും കുടുംബാംഗങ്ങളേയും അനുമോദിച്ചും പുനരൈക്യപ്രസ്ഥാനത്തെ അവലോകനംചെയ്തും എറണാകുളംമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ഒരു പ്രസംഗം ചെയ്തു. പ്രസംഗത്തിൽ തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:-

പണ്ഡിതനും പ്രശസ്തനുമായ ഫാദർ സി. എ. എബ്രാഹത്തിന്റേയും കുടുംബാംഗങ്ങളുടേയും ജീവിതത്തിലെ അതിപ്രധാനമായ ഒരു ദിനമാണിന്നു്. കേരളസഭാചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തപ്പെടേണ്ട ഒരു ദിവസവുമാണിന്നു്. സംസ്കാരസമ്പന്നനും പ്രഗത്ഭമതിയുമായ ഫാദർ എബ്രാഹം ഈ സുദിനത്തിൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടിരിക്കുകയാണു്. ഇതു കേവലം ആകസ്മികമായ ഒരു സംഭവമല്ല; ദീർഘകാലത്തെ പ്രാർത്ഥനയുടേയും പഠനത്തിന്റേയും പരിണതഫലമാണു്.

ഈദൃശസംഭവങ്ങൾ കത്തോലിക്കാസമുദായവും യാക്കോബായസമുദായവും തമ്മിലുള്ള മൗലികമായ ഏകത്വത്തേയും ഗാഢമായ ബന്ധത്തേയുമാണു് വിളിച്ചറിയിക്കുന്നതു്. സാംസ്കാരികമായും സാമൂഹികമായും ഇരുസമുദായങ്ങളും ഒന്നുതന്നെയാണു്. മതസംബന്ധമായ ആചാരാനുഷ്ഠാനങ്ങളിൽ ദൃശ്യമാകുന്ന വ്യത്യാസംപോലും അടിസ്ഥാനപരമായ ഒരൈക്യത്തെ വിളംബരം ചെയ്യുന്നുണ്ടു്. ചില സ്ഥലങ്ങളിൽ യാക്കോബായ പള്ളിയും കത്തോലിക്കാപള്ളിയും അടുത്തടുത്തു സ്ഥിതിചെയ്യുന്നതു കാണാവുന്നതാണു്. ഒരു കുടുംബത്തിൽ രണ്ടു "വെപ്പും പൊറുതി"യുമുള്ളതിന്റെ പ്രതീതിയാണു് അതു നമ്മുടെ മനസ്സിൽ ഉളവാക്കുക. ഒരു ഭവനത്തിൽ രണ്ടു വിഭാഗമായി താമസിക്കുന്നവരുണ്ടെങ്കിൽ, സാധാരണമായുള്ള അനുമാനം അവർ രണ്ടു സഹോദരങ്ങളോ മററുവിധത്തിൽ ബന്ധപ്പെട്ടവരോ ആണെന്നും ഏതോ സ്വരച്ചേർച്ചയില്ലായ്മ നിമിത്തം അവർ രണ്ടു ചേരികളായി തിരിയാൻ ഇടവന്നതാണെന്നുമാണു്. താദൃശമായ ഒരനുമാനത്തിനാണു് സമീപസ്ഥിതങ്ങളായ രണ്ടു ക്രിസ്തീയദേവാലയങ്ങളും വക നൽകുന്നതു്. ചരിത്രം ഈ അനുമാനത്തെ സാധൂകരിക്കുന്നുമുണ്ടു്. ആദ്യകാലങ്ങളിൽ ഒരേ ദേവാലയത്തിൽത്തന്നെ യാക്കോബായവൈദികരും കത്തോലിക്കാ വൈദികരും ബലി അർപ്പിച്ചുവന്നതിനു് ഉദാഹരണങ്ങളുണ്ടു്. പില്ക്കാലത്തു് മതപരമായ കാര്യങ്ങളിലുള്ള താദൃശസഹകരണം നിഷിദ്ധമാണെന്നബോധം കത്തോലിക്കരിൽ ഉളവാകുകയും തന്നിമിത്തം ഓരോ കൂട്ടർക്കും വേറെ വേറെ ദേവാലയങ്ങൾ സ്ഥാപിക്കുവാനുള്ള ശ്രമം നടക്കുകയും ചെയ്തു.



റവ. ഫാദർ സി. എ. എബ്രാഹം

1653-ലാണല്ലോ കേരളത്തിൽ യാക്കോബായസഭയുടെ അടിത്തറ പാകിയ കൂനൻകുരിശുസത്യം നടന്നതു്. തൽഫലമായി സമുദായമദ്ധ്യത്തിലുണ്ടായ പിളർപ്പു് ഇല്ലാതാക്കാൻ പല ശ്രമങ്ങളും നടന്നിട്ടുണ്ടു്. 1930 ൽ മാർ ഈവാനിയോസ് തിരുമേനിയുടേയും മാർ തിയോഫിലസ് തിരുമേനിയുടേയും കത്തോലിക്കാ സഭാപ്രവേശത്തോടുകൂടി അപ്രതിരോദ്ധ്യമായ ഒരു പുനരൈക്യപ്രവാഹം സമാരംഭിച്ചുവെന്നു പറയാം. അന്നു പുനരൈക്യത്തിനു അനുകൂലമായ ഒരു പശ്ചാത്തലമല്ല ഉണ്ടായിരുന്നതു്. ഇന്നാകട്ടെ യാക്കോബായ സഹോദരങ്ങൾക്കു ഫാദർ എബ്രാഹത്തിന്റേതുപോലുള്ള ഒരു സഹൃദ്യമത്തെ തികഞ്ഞ സഹിഷ്ണുതയോടും സമുചിതതയോടുംകൂടി വീക്ഷിക്കുവാൻ സാധിക്കും. അദ്ദേഹത്തിന്റെ നിലപാടിന്റെ സാധുത ഗ്രഹിക്കാൻ സാധിക്കാത്തവർപോലും അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ ചോദ്യംചെയ്യുമെന്നു തോന്നുന്നില്ല. എന്നുവരികിലും ഈ പുനരൈക്യം അദ്ദേഹത്തേയും കുടുംബാംഗങ്ങളേയും സംബന്ധിച്ചിടത്തോളം ത്യാഗപൂർണ്ണമായിരിക്കുമെന്ന സംഗതി വിസ്മരിക്കാവുന്നതല്ല. നൈസർഗ്ഗികങ്ങളായ ചിലബന്ധങ്ങളെല്ലാം, മററു പലരേയുംപോലെ, അവർക്കും വിച്ഛേദിക്കേണ്ടിവന്നിട്ടുണ്ടു്. പക്ഷെ ഉത്തമവിശ്വാസത്തോടുകൂടി കത്തോലിക്കാസഭയിൽ പ്രവേശിച്ചവരാരും അതു തെറ്റായിപ്പോയി എന്നു പില്ക്കാലത്തു കുണ്ഠിതപ്പെടാൻ ഇടവന്നിട്ടില്ലെന്നുള്ളതു അനിഷേദ്ധ്യമായ ഒരു വാസ്തവമത്രെ. കത്തോലിക്കാസഭയിൽ ജനിച്ചുവളർന്നവരെപ്പററിയും ഇതുതന്നെ പറയാവുന്നതാണു്. സഭാപ്രബോധനങ്ങൾ അനുസരിച്ചു ജീവിച്ച ഒരൊററ വ്യക്തിപോലും അതിൽ ഖേദിക്കാൻ ഇടവന്നിട്ടില്ല. പ്രത്യുത അനവദ്യമായ ആശ്വാസമാണു് അവർക്കെല്ലാം സ്വമരണശയ്യയിൽ അനുഭവപ്പെട്ടിട്ടുള്ളതു്.

പുനരൈക്യം സർവ്വോപരി കൃപാവരത്തിന്റെ ഒരു പ്രവർത്തനമാകയാൽ തദ്വിജയത്തിനുവേണ്ടി നമ്മൾ നിരന്തരം പ്രാർത്ഥിക്കണം. വടക്കൻഭാഗങ്ങളിൽ പുനരൈക്യപ്രസ്ഥാനം ശക്തിപ്പെട്ടിരുന്നില്ലെങ്കിലും—ചുരുക്കം ചില വൈദികരും അത്മായരും നേരത്തെതന്നെ കത്തോലിക്കാസഭയെ ആശ്ലേഷിച്ച വസ്തുത ഇവിടെ വിസ്മരിക്കുന്നില്ല—കഴിഞ്ഞ ഒരു വർഷത്തിനിടയ്ക്കുണ്ടായ, വെരി റവ വി സി ഗീവറുഗീസ് കോറെപ്പിസ്കോപ്പാ ബി എ, റവ. ടി വി ജോൺ എം എ എൽ ററി, റവ. സി എ എബ്രാഹം എം എ ബി ഡി, ബി ലിററ് എന്നീ ത്രിമൂർത്തികളുടെ പുനരൈക്യം ഏതദ്വിഷയകമായി സുഗമമായ ഒരു പന്ഥാവു് വെട്ടിത്തുറന്നിട്ടുണ്ടു്. അതിൽക്കൂടി ചരിക്കുവാൻ വളരെപ്പേർ ഉണ്ടാകുന്നതിനു ദൈവം ഇടവരുത്തട്ടെ എന്നാശംസിച്ചു കൊണ്ടു് തിരുമേനി പ്രസംഗം സമാപിപ്പിച്ചു.

കോളെജുഹോസ്റ്റലിൽവച്ചു നടത്തപ്പെട്ട ഡിന്നറിൽ വന്ദ്യതിരുമേനിമാരും ബ: വൈദികരും പങ്കെടുത്തു. ഫാദർ എബ്രാഹമിനെ അനുമോദിച്ചു് പോത്തനാമൂഴി തിരുമേനിയും കോളെജു വൈസ് പ്രിൻസിപ്പൽ റവ. ഫാദർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി. അവർകളും ടോസ്റ്റുപ്രസംഗങ്ങൾ നടത്തി. ഫാദർ എബ്രാഹം അവയ്ക്കു സമുചിതമായി മറുപടി പറയുകയും എല്ലാവർക്കും കൃതജ്ഞത രേഖപ്പെടുത്തുകയുംചെയ്തു. വിശുദ്ധന്മാരുടെ ആരാമമായ കത്തോലിക്കാസഭയിൽ അഭയംതേടുന്നതിനു അദ്ദേഹത്തിനും കുടുംബത്തിനും ദൈവം നൽകിയ അനുഗ്രഹത്തിനും കൃപാവരത്തിനും നന്ദിപ്രകടിപ്പിക്കുകയും ഈ പുനരൈക്യസംരംഭത്തിൽ അദ്ദേഹത്തിനു നിർല്ലോഭം ലഭിച്ചിരുന്ന അനർഘമായ സഹകരണത്തെ ആനന്ദപൂർവ്വം സ്മരിക്കുകയുംചെയ്തു. കത്തോലിക്കാസഭയിൽ അദ്ദേഹം ജലാശയത്തിൽ എത്തിച്ചേർന്ന ഒരു മത്സ്യംകണക്കെ സംതൃപ്തി കണ്ടെത്തുന്നുവെന്നും, വലിയ കുളത്തിലെ ഒരു താറാവുപോലെ—as a duck in a big pond—സ്വാതന്ത്ര്യം അനുഭവിക്കുന്നുവെന്നും അദ്ദേഹത്തിന്റെ അനുഭവത്തെ സമഞ്ജസമായി അദ്ദേഹം വിവരിച്ചു. കത്തോലിക്കാ തിരുസഭയ്ക്കു പുറത്തു നില്ക്കുന്നവർക്ക അനുഭവവേദ്യമാകുന്ന പ്രതിസന്ധിഘട്ടങ്ങളേയും സഭാഐക്യത്തിലേക്കു വന്നുചേരുവാൻ അഭിലഷിക്കുന്നവരുടെ വിവിധങ്ങളായ മാനസികവിഷമങ്ങളേയും മനസ്സിലാക്കി അവർക്കുവേണ്ടി എല്ലാവരും ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കേണ്ട ആവശ്യകതയേയും അദ്ദേഹം സ്പർശിച്ചു.

ഫാദർ എബ്രാഹം ആലുവാ യൂണിയൻ ക്രിസ്ത്യൻകോളെജിലെ പ്രൊഫസറും "ചർച്ചുവീക്കിലി"യുടെ പത്രാധിപസമിതിയിലെ അംഗവുമായിരുന്നു. മേലിൽ അദ്ദേഹം നിർമ്മലാകോളെജിലെ പ്രൊഫസറായി ജോലി തുടരുന്നതായിരിക്കും. അദ്ദേഹത്തിനു സകല വിജയങ്ങളും ആശംസിച്ചു കൊള്ളുന്നു.

# കേരളഗവർമ്മെണ്ടിന്റെ വിദ്യാഭ്യാസനയത്തിൽ നാടാകെ പ്രതിഷേധം

**എറണാകുളം:** എറണാകുളത്തേയും പരിസരപ്രദേശങ്ങളിലേയും ജനത ആബാലവൃദ്ധം ഒന്നുചേർന്നു ഗംഭീരമായ ഒരു ജാഥായായി രാജേന്ദ്രമൈതാനത്തേക്കു് ജൂലൈ 14-ാം തീയതി സായാഹ്നത്തിൽ പ്രവഹിച്ചുകൊണ്ടിരുന്നു. വിശാലമായ രാജേന്ദ്രമൈതാനിയും കൃഷ്ണവിലാസം ബങ്കളാവിന്റെ മുൻഭാഗവും ഇർവിൻപാർക്കിന്റെ ദക്ഷിണഭാഗവും ജനതതിയെക്കൊണ്ടു നിബിഡമായിരുന്നു. പ്രതിഷേധയോഗം ശ്രീ കെ പി അബ്രഹാമിന്റെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ ഇ പി വർഗ്ഗീസിന്റെ സ്വാഗതത്തെ തുടർന്നു് മെ: എൻ എൻ നാരായണപിള്ള, കെ എം സെയ്തുമുഹമ്മദ്, ഹെൻട്രി ആസ്റ്റിൻ ആദിയായവർ ബില്ലിനെ നിശിതമായി വിമർശിച്ചു പ്രസംഗിച്ചു. പ്രതിഷേധപ്രമേയം പൊതുയോഗം ഏകകണ്ഠമായി പാസ്സാക്കി.

**തൃശ്ശൂർ:** ജൂലൈ 12-ാം തീയതി തൃശ്ശൂർ പട്ടണവും പരിസരപ്രദേശങ്ങളും വിദ്യാഭ്യാസനയത്തെ പ്രതിഷേധിച്ചു് പരിപൂർണ്ണ ഹർത്താലാചരിച്ചു. നാനാജാതി മതസ്ഥരും അതിൽ ഏകയോഗമായി പങ്കെടുത്തു. ഉച്ചതിരിഞ്ഞു് ഒല്ലൂർ, അരണാട്ടുകര, അയ്യന്തോൾ, മുക്കാട്ടുകര, ചേരൂർ, കൊട്ടേക്കാട്ടു്, കയ്പാട്ടുകര മുതലായ സ്ഥലങ്ങളിൽനിന്നു വമ്പിച്ച ജാഥാകൾ കറുപ്പുകൊടിയും ബാഡ്ജും ധരിച്ചു തൃശ്ശൂരെത്തുകയും മൂന്നു മണിയോടെ ടൗൺചുററിയുള്ള റാലി നടത്തുകയുംചെയ്തു. റാലി കലക്ടറുടെ ആഫീസിനടുത്തെത്തിയപ്പോൾ ശ്രീ സി ആർ ഇയ്യുണ്ണി പൊതുജനനിവേദനം കലക്ടർക്കു സമർപ്പിച്ചു. ശ്രീ സി എം ജോസഫ് കോൺഗ്രസ് ജനറൽസിക്രട്ടറി ശ്രീ ശ്രീമന്നാരായണനും ഒരു മെമ്മോറാണ്ഡം സമർപ്പിച്ചു. വിദ്യാർത്ഥികോർണറിൽ പ്രൊഫസർ ജോസഫ് പെട്ട എം എയുടെ അദ്ധ്യക്ഷതയിൽ പ്രതിഷേധയോഗം ചേർന്നു. മെ: കെ ടി അച്ചുതൻ, ബി സി വർഗ്ഗീസ്, കെ എം സെയ്തുമുഹമ്മദ് മുതലായവർ പ്രസംഗിച്ചു. യോഗം കലക്കുന്നതിനു ചില സഖാക്കൾ ശ്രമിച്ചുവെങ്കിലും അതു പരാജയപ്പെടുകയാണുണ്ടായതു്.

**കൊല്ലം:** സ്ഥലം സെൻറ് അലോഷ്യസ് ഹൈസ്കൂളിൽ ശ്രീ കുമ്പളത്തു ശങ്കുപ്പിള്ളയുടെ അദ്ധ്യക്ഷതയിൽ ജൂലൈ 15-ാം തീയതി പ്രതിഷേധമഹായോഗം നടന്നു. ജാതിമതഭേദമെന്യേ ഈ ബില്ലിനെ എതിർക്കണമെന്നു അദ്ധ്യക്ഷൻ ശക്തിയായി ഉൽബോധിപ്പിച്ചു. മെ: ടി എം വർഗ്ഗീസ്, പി ആർ കൊച്ചുകൃഷ്ണപിള്ള, അഡ്വക്കേററു് സദാനന്ദൻ, കെ സി ഈപ്പൻ, അബ്ദു മുഹമ്മദ്, കെ എസ് തങ്ങൾ തുടങ്ങി പലരും ശക്തിയായ പ്രസംഗങ്ങൾ ചെയ്തു.

**അതിരമ്പുഴ:** ജൂലൈ 14-ാം തീയതി ഉച്ചതിരിഞ്ഞു് അതിരമ്പുഴയുടെ നാനാഭാഗങ്ങളിൽനിന്നു ആയിരമായിരമായി ജാഥാകൾ പള്ളിമൈതാനത്തേക്കു പ്രവഹിച്ചുതുടങ്ങി. 4 മണിക്കു ശ്രീ കെ എം മുൻഷിയുടെ അദ്ധ്യക്ഷതയിൽ പ്രതിഷേധയോഗം സമാരംഭിച്ചു. ശ്രീ മുഹമ്മദുകോയ, ശ്രീമതി ദേവകികൃഷ്ണൻ, മി കെ കാസിം സാഹിബ്, ശ്രീമതി ചിന്നമ്മ ചാണ്ടി, ശ്രീ ചെറിയാൻ കാപ്പൻ, ശ്രീ മത്തായി മാഞ്ഞൂരാൻ ആദിയായവർ പ്രസംഗിച്ചു.

**അങ്കമാലി:** അങ്കമാലിയുടെ പരിസരപ്രദേശങ്ങളിൽ നിന്നും ജൂലൈ 14-ാം തീയതി കറുപ്പു കൊടികൾ പാത്തി നിരവധി ജാഥാകൾ സ്കൂൾമൈതാനിയിലേക്കു പ്രവഹിച്ചു ശ്രീ കെ എം മുഹമ്മദ് പ്രതിഷേധയോഗത്തിൽ അദ്ധ്യക്ഷതവഹിച്ചു. മെ: എം എൽ പോൾ, ജോൺ മാഞ്ഞൂരാൻ, ബി സി വർഗ്ഗീസ് മുതലായവർ പ്രസംഗിച്ചു.

**ചാലക്കുടി:** ചാലക്കുടിയിൽ ഹർത്താലും പ്രതിഷേധയോഗവും ജൂലൈ 17-ാം തീയതി നടത്തപ്പെട്ടു. വിവിധസ്ഥലങ്ങളിൽ നിന്നു ജാഥാകൾ യോഗസ്ഥലത്തു വന്നുചേർന്നപ്പോൾ ശ്രീ പനമ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ യോഗനടപടികൾ ആരംഭിച്ചു മുണ്ടശ്ശേരിയുടെ ബില്ലിൽ അദ്ധ്യാപകനനുകൂലമായ ഒററ വകുപ്പെങ്കിലും ചൂണ്ടിക്കാണിക്കുവാനുള്ള വെല്ലുവിളിയോടുകൂടിയാണു് സുദീർഘമായ അദ്ധ്യക്ഷപ്രസംഗമാരംഭിച്ചതു്. യോഗത്തിൽ മെ: എം സി ലാസർ, ബി സി വർഗ്ഗീസ്, ഫാദർ വടക്കൻ എന്നിവർ പ്രസംഗിച്ചു.

**മാനന്തവാടി:** കേരളാഗവമ്മെൻറിന്റെ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധം രേഖപ്പെടുത്തി അധികാരസ്ഥാനങ്ങളിൽ അയച്ചുകൊടുക്കുന്നതിനുവേണ്ടി നാട്ടുകാരുടെ ഒരു പൊതുയോഗം കണിയാരം സെൻറ് ജോസഫ്സ് പള്ളിക്കു സമീപംവച്ചു് സ്ഥലം പഞ്ചായത്തുപ്രസിഡണ്ടു് ശ്രീ എം കുഞ്ഞിരാമവാര്യർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. മലബാർ ഡിസ്ട്രിക്ടുബോർഡ് മെമ്പർ (വയനാട്ടു്) ശ്രീ പി സി ബാലകൃഷ്ണൻനമ്പ്യാർ ഗവമ്മെൻറ് കൊണ്ടുവന്നിരിക്കുന്ന ബില്ലിന്റെ തിക്തഫലങ്ങളെ വിശദീകരിച്ചു സംസാരിച്ചു. പിന്നീടു് ജനാബ് സി എച്ചു് മൊയ്തു അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ജനങ്ങളുടെ മൗലികാവകാശങ്ങളിന്മേലുള്ള ഈ കൈകടത്തലിനെ മതവിശ്വാസികൾ സർവ്വശക്തിയുമുപയോഗിച്ചു് എതിർക്കുവാൻ തയ്യാറാകണമെന്നുൽബോധിപ്പിച്ചു. പ്രതിഷേധപ്രമേയം സർവ്വസമ്മതമായി പാസാക്കി.

**പൈസക്കരി:** സ്ഥലം പള്ളിമൈതാനിയിൽവച്ചു് റവ ഫാദർ മാത്യു മേക്കുന്നേൽ ബി എ ബി ടി അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധയോഗം കൂടുകയുണ്ടായി. ശ്രീ തോമസ് താന്നിവയലിൽ ബില്ലിനെ പരാമർശിച്ചു പ്രസംഗിക്കുകയും, ശ്രീ തോമസ് കാളിയാനിൽ ഒരു പ്രതിഷേധപ്രമേയം അവതരിപ്പിക്കുകയുംചെയ്തു. പ്രമേയത്തെ യോഗം ഐകകണ്ഠ്യേന പാസാക്കി.

(ശേഷം 8-ാംപേജിൽ)

# സത്യദീപം

പത്രാധിപന്മാർ

ഷവരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി
റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 JULY 24 || No. 47.


# ബില്ലിനെപ്പററി ചില പ്രമുഖപത്രങ്ങൾ

## വിദ്യാഭ്യാസരംഗത്തിലെ ആദർശവൈരുദ്ധ്യങ്ങൾ

ശാസ്ത്രീയമോ, സാമൂഹികമോ രാഷ്ട്രീയമോ ആയ രംഗങ്ങളിലെല്ലാം ആദർശവൈരുദ്ധ്യങ്ങൾ ഇന്നു വർദ്ധമാനമായിക്കൊണ്ടിരിക്കുകയാണ്. മൗലികസിദ്ധാന്തങ്ങളെ സ്വീകരിക്കുന്നതിൽ വന്നുചേരുന്ന ആശയവൈപരീത്യങ്ങളും, അനുമാനങ്ങളെടുക്കുന്നതിൽ ഉണ്ടാകാവുന്ന പ്രമാദങ്ങളും ആദർശങ്ങളുടെ വൈവിദ്ധ്യങ്ങൾക്കും അവ തമ്മിലുള്ള സംഘട്ടനങ്ങൾക്കും കാരണമാകുന്നു. വളരെക്കാലമായി ലോകരാഷ്ട്രീയരംഗം ഒരു ശീതസമരാങ്കണമായി മാറിയിട്ടുള്ളതും, ഏതു നിമിഷത്തിലാണ് അതൊരു പ്രത്യക്ഷസമരാങ്കണമായിത്തന്നെ രൂപംപ്രാപിക്കുക എന്ന സന്നിദ്ധാവസ്ഥയിൽ നിലകൊള്ളുന്നതും ഇക്കാരണംകൊണ്ടുതന്നെയാണ്. കേരളാന്തരീക്ഷത്തിൽ, ശ്രീ മുണ്ടശ്ശേരിയുടെ വിദ്യാഭ്യാസബില്ലിന്റെ ആവിർഭാവത്തോടുകൂടി സംജാതമായിട്ടുള്ള പ്രക്ഷുബ്ധതയുടേയും മൂലകാരണം ഈദൃശ ആദർശവൈരുദ്ധ്യത്തിന്റെ അനന്തരഫലമാണെന്നുള്ളതിൽ പക്ഷാന്തരമുണ്ടാകുമെന്നു തോന്നുന്നില്ല. അതൊരു ജീവൽപ്രശ്നമായി രൂപംകൊണ്ടുകഴിഞ്ഞിട്ടുള്ള ഈ പ്രതിസന്ധിഘട്ടത്തിൽ രാജ്യത്തെ ഓരോ പൗരനും ഈ വിഷയത്തിന്റെ നാനാവശങ്ങളെപ്പററി ശരിയായി പഠനംനടത്തുകയും അവനവന്റെ കർത്തവ്യാനുസൃതമായ ഒരുറച്ച നില സ്വീകരിക്കുകയും ചെയ്യേണ്ടതു് അവശ്യാവശ്യമായി തീർന്നിരിക്കുകയാണ്. ഈ സ്ഥിതിഗതികളെ മുൻകൂട്ടി കണ്ടുകൊണ്ടാണ് വിദ്യാഭ്യാസപ്രശ്നത്തിന്റെ നാനാവശങ്ങളേയും ക്രോഡീകരിച്ച് പല മുഖലേഖനങ്ങൾ ഈ പംക്തികളിൽ ഞങ്ങൾ നേരത്തെതന്നെ തുടർച്ചയായി പ്രസിദ്ധീകരിച്ചിരുന്നതു്. ഞങ്ങളുടെ മാന്യവായനക്കാരുടെ അവഗാഢമായ ശ്രദ്ധ അവയിൽ പതിഞ്ഞിട്ടുണ്ട് എന്നു ഞങ്ങൾ വിശ്വസിക്കുന്നു.

കുടുംബം, മതം, രാഷ്ട്രം എന്നു മാനവജീവിതത്തോട് അവഗാഢം ബന്ധപ്പെട്ട മൂന്നു ഘടകങ്ങളാണ് വിദ്യാഭ്യാസവിഷയത്തിൽ പ്രഥമഗണനീയങ്ങളായിരിക്കുന്നതു്. അവയോരോന്നും അതതിന്റെ രംഗങ്ങളിൽ ഒതുങ്ങിനില്ക്കുകയും, അവയുടെ അധികാരാവകാശങ്ങൾ സംരക്ഷിക്കപ്പെടത്തക്കവണ്ണം വ്യവസ്ഥിതമായി നിയന്ത്രിക്കപ്പെടുകയും ചെയ്യേങ്കിൽ മാത്രമേ സുഭഗവും ഫലദായകവുമായ ഒരു വിദ്യാഭ്യാസപദ്ധതി രൂപം പ്രാപിക്കുകയുള്ളൂ. പ്രസ്തുത അധികാരാവകാശങ്ങളെ അനാദരിക്കുകയും ഒരു കക്ഷിയുടെ അനിയന്ത്രിതമായ സ്വേച്ഛാഭരണത്തിനു നിർബന്ധം കൂട്ടുകയും ചെയ്യുമ്പോൾ ആദർശസംഘട്ടനം അനന്തരഫലമാകാതെ തരമില്ല. ഈ സ്ഥിതിവിശേഷമാണ് കേരളത്തിൽ ഇന്നു സംജാതമായിരിക്കുന്നതു് എന്നു വിശദമാണല്ലോ. ജനാധിപത്യാദർശത്തിനു കടകവിരുദ്ധമായ കമ്മ്യൂണിസത്തിന്റെ സ്വേച്ഛാധിപത്യപ്രവണതയുടെ ഒരു പ്രകടനമാണ് കേരളത്തിലെ കമ്മ്യൂണിസ്റ്റ് വിദ്യാഭ്യാസബില്ലെന്നു മനസ്സിലാക്കുവാൻ സാമാന്യബുദ്ധിയുള്ളവർക്കു വിഷമമില്ല. അതിനെ കൂടുതൽ മലീമസമാക്കുന്ന ഇതരവ്യക്തിവിദ്വേഷപ്രവണതകളും അതിൽ സ്ഥലംപിടിച്ചിട്ടുണ്ട് എന്നുള്ളതും ശ്രദ്ധാർഹമാണ്. അതുകൊണ്ട് ഈ ബിൽ തികച്ചും പ്രതിഷേധാർഹമായി തീർന്നിരിക്കുന്നു. രാജ്യത്തുള്ള നിഷ്പക്ഷമതികളായ പൗരവിഭാഗം ഒന്നടങ്കം ഈ ബില്ലിനെ പ്രതിഷേധിക്കുകയും ശക്തിയുക്തം എതിർക്കുകയും ചെയ്യുന്നതിന്റെ കാരണമിതാണ്. ജനാധിപത്യപരമായ ഇന്ത്യൻ ഭരണഘടനയുടെ ചട്ടക്കൂട്ടിൽ ഒതുങ്ങിനില്ക്കുന്നതിനും തികച്ചും ജനകീയമായ ഇവിടത്തെ നല്ല പാരമ്പര്യങ്ങളെ ആദരിക്കുന്നതിനുമുള്ള സന്മനോഭാവം കേരളാഗവമ്മെണ്ട് പ്രകടമാക്കുന്നില്ല എങ്കിൽ പൗരാവകാശത്തിന്റെ സുരക്ഷിതത്വത്തിനു വേണ്ടിയുള്ള ഈ പ്രക്ഷോഭണം നിഷ്ഫലമാക്കപ്പെടുവാൻ പോകുന്നില്ല. ഏതാദൃശമായ ദുർഘടഘട്ടങ്ങളിലേക്കു പൊതുജനങ്ങളെ തള്ളിവിടരുതേ എന്നാണ് ബഹുമാനപ്പെട്ട ഗവമ്മെൻറിനെ സാദരം ഞങ്ങൾ ഉൽബോധിപ്പിക്കുന്നതു്.

വിദ്യാഭ്യാസരംഗത്തിലെ ആദർശവൈരുദ്ധ്യങ്ങൾക്കു നിദാനമായ ആശയഗതികളെ മൂന്നു ഗണമായി പൊതുവെ തരംതിരിക്കാവുന്നതാണ്. ഈശ്വരവിശ്വാസത്തെ മുറുകെപ്പിടിക്കുകയും കുടുംബത്തിന്റെ പ്രകൃതിദത്തവും പരിപാവനവുമായ വിദ്യാഭ്യാസാവകാശങ്ങളെ മാനിക്കുകയും ചെയ്യുന്ന ഒരു വിഭാഗം. വ്യവസ്ഥാപിതമായ എല്ലാ ജനാധിപത്യജനവിഭാഗങ്ങളും ഈ ഗണത്തിൽപെടുന്നു. പ്രത്യക്ഷത്തിൽ മതവിരുദ്ധവും കുടുംബത്തിന്റെ അവകാശാധികാരങ്ങളെ അവഗണിക്കുന്നതുമല്ലെങ്കിലും, അവയ്ക്കു യഥാർഹമായ പരിഗണന നൽകാതെ വെറും ഭൗതികത്വാത്മകമായ ഒരു വിദ്യാഭ്യാസസമ്പ്രദായത്തെ പിന്താങ്ങുന്നതാണ് രണ്ടാമത്തെ ഗണം. മതനിഷ്പക്ഷമനസ്ഥിതിയോടും ഭൗതികത്വാദർശപ്രവണതകളോടും കൂടിയ ഈ വിഭാഗത്തിന്റെ നയവൈകല്യംകൊണ്ടാണ് ഇന്നു ലോകത്തിൽ മനുഷ്യന്റെ ആദ്ധ്യാത്മികതയെ അവഗണിച്ച് വെറും ലൗകായതികമായ ആദർശങ്ങൾ തഴച്ചുവളരുന്നതിനിടയായിട്ടുള്ളതു്. മൂന്നാമത്തെ ഗണം ഈശ്വരവിശ്വാസത്തേയും കുടുംബത്തിന്റെ പാവനാവകാശങ്ങളേയും പ്രകടമായി നിഷേധിക്കുകയും നിരീശ്വരപരവും രാഷ്ട്രസ്വേച്ഛാധിപത്യപരവുമായ വിദ്യാഭ്യാസം ജനതയുടെമേൽ അടിച്ചേല്പിക്കുന്നതിനു ദൃഢവ്രതമെടുക്കുകയും ചെയ്തിട്ടുള്ള ഒന്നാണ്. കമ്മ്യൂണിസത്തിന്റെ ആദർശം ഇതാണെന്നു സുവിദിതമാണല്ലോ. അതുകൊണ്ട് വിദ്യാഭ്യാസരംഗത്തു കേരളത്തിൽ മുളയെടുത്തിട്ടുള്ള വിപത്തു അപ്രതീക്ഷിതമോ ആകസ്മികമോ അല്ല. ഇതരകമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ നടമാടുന്ന ബീഭത്സമായ പദ്ധതികളുടെ ഒരു രംഗപ്രവേശം മാത്രമാണിതു്. സാഹചര്യങ്ങളിൽ കുറെ വ്യത്യാസമുണ്ടെന്നു മാത്രം. ഇന്ത്യ ഒരു ജനാധിപത്യരാഷ്ട്രമാണ്. തികച്ചും ജനാധിപത്യപരമായ സുശക്തമായ ഒരു ഭരണഘടനയും അതിനുണ്ട്. ഇന്ത്യയിലെ ഒരു സ്റ്റേററുമാത്രമാണ് കേരളം. തന്മൂലം കേന്ദ്രത്തിന്റേയും ഇന്ത്യൻ ഭരണഘടനയുടേയും സംരക്ഷണം കേരളീയർക്കു എപ്പോഴും അവകാശപ്പെടാവുന്നതാണ്. നിർഭാഗ്യവശാൽ കേരളത്തിലെ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ അപ്രതീക്ഷിതമായി ലോലമായ ഒരു ഭൂരിപക്ഷം കമ്മ്യൂണിസ്റ്റ് പാർട്ടിക്കു ലഭിച്ചു. ഏതാനും സ്വതന്ത്രമെമ്പറന്മാരെ കൂട്ടുപിടിച്ചു ഇവിടത്തെ മന്ത്രിസഭാഭരണം ആ പാർട്ടി നിർവ്വഹിച്ചുപോരികയാണ്. കേന്ദ്രത്തിന്റെ നിർദ്ദേശങ്ങളും ഭരണഘടനയുടെ വ്യവസ്ഥകളും പാലിക്കേണ്ടതു് അവരുടെ കർത്തവ്യമാണ്. ഈ പരിതസ്ഥിതികളിൽ കേന്ദ്രത്തിന്റെ മുമ്പിൽ നല്ലപിള്ള ചമഞ്ഞുകൊണ്ടും ഭരണഘടനാവകുപ്പുകൾക്കു ചില മാർജിനുകളിട്ടുകൊണ്ടും കമ്മ്യൂണിസ്റ്റാദർശപ്രവണതകൾക്കു സ്വച്ഛന്ദവിഹാരം നടത്താവുന്ന ഒളിപ്രദേശങ്ങൾ ഈ ബില്ലുവഴി കണ്ടുപിടിച്ചിരിക്കുന്ന കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിന്റെ നയതന്ത്രജ്ഞത അത്ഭുതപ്പെടേണ്ടതുതന്നെയാണ്. പക്ഷെ യഥാകാലം കേരളത്തിലെ പൗരസഞ്ചയവും കേന്ദ്രാധികാരികളും യഥാർത്ഥവസ്തുതകളെ വേണ്ടവിധത്തിൽ മനസ്സിലാക്കി ഈ ഒളിച്ചുകളിയെ അവസാനിപ്പിക്കുമെന്നുവേണം വിശ്വസിക്കുവാൻ.

## വിദ്യാഭ്യാസബിൽ പൂച്ചവിദ്യയാണെന്ന് "എക്സാമിനർ"

ജൂലൈ 13-ാംതീയതിയിലെ "എക്സാമിനർ"പത്രം കേരളത്തിലെ നിയമസഭയിൽഅവതരിപ്പിച്ചിരിക്കുന്ന വിദ്യാഭ്യാസബില്ലിനെപ്പററി പരാമർശിച്ചിരിക്കുന്നതിപ്രകാരമാണ്:- കേരളത്തിലെ സ്കൂളുകളെ സംബന്ധിച്ച ഇപ്പോൾ പുറത്തുവിട്ടിരിക്കുന്ന ബില്ലിൽ, അതു ഭരണഘടനാവിരുദ്ധമാണെന്നുള്ള ആരോപണത്തെ എതിർക്കുന്നതിനു ഒരു പ്രത്യക്ഷശ്രമമെന്നവണ്ണം ഒരു ഖണ്ഡിക കൂട്ടിച്ചേർത്തിട്ടുണ്ട്. മതപരവും മററുമായ ന്യൂനപക്ഷങ്ങൾക്കു അവരുടേതായ വിദ്യാഭ്യാസസ്ഥാപനങ്ങളെ ആരംഭിക്കുന്നതിനുള്ള അവകാശം ഉറപ്പുവരുത്തപ്പെടണമെന്നു ഭരണഘടനാവകുപ്പു പ്രസ്താവിക്കുന്നു. അതുകൊണ്ട് ബില്ലിലെ മേല്പറഞ്ഞ ഖണ്ഡികയിൽ, ഏതെങ്കിലും വിദ്യാഭ്യാസ ഏജൻസിയെ എയിഡഡ് സ്കൂളുകൾ ആരംഭിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും അനുവദിക്കുന്നതും, ഏതെങ്കിലും ഏജൻസി ആരംഭിച്ചു നടത്തിപ്പോരുന്ന സ്കൂളിനെ അംഗീകരിക്കുന്നതുമാണ് എന്നു പ്രഖ്യാപിച്ചിരിക്കുന്നു. ഇപ്രകാരം ഭരണഘടനയിൽ സ്കൂളുകൾ നടത്തുന്നതിനു ന്യൂനപക്ഷങ്ങൾക്കു നൽകിയിരിക്കുന്ന അവകാശത്തെ തത്വപരമായി ബിൽ അംഗീകരിച്ചിട്ടുണ്ട്. പക്ഷെ ഈ ഖണ്ഡിക, എതിർപ്പിനെ ദൂരീകരിക്കുന്നതിനുവേണ്ടി മനഃപൂർവ്വം കൂട്ടിച്ചേർത്തിരിക്കുന്ന ഒരു വെറും പൂച്ചവിദ്യമാത്രമാണെന്ന് ബില്ലിന്റെ മററു ഭാഗങ്ങൾകൊണ്ടു വ്യക്തമാണ്. എല്ലാ എയിഡഡ്സ്കൂളുകളും പ്രത്യേകിച്ച് ക്രിസ്ത്യൻ സ്കൂളുകളും ക്രമത്തിൽ ഏറെറടുക്കുകയാണ് ഫലത്തിൽ ബില്ലിന്റെ ഉദ്ദേശ്യമെന്നു അവ തെളിയിക്കുന്നു. പ്രയോഗത്തിൽ ക്രിസ്ത്യൻ സ്കൂളുകൾക്ക് ഗവമ്മെണ്ടു നിർദ്ദേശിക്കുന്ന ലിസ്റ്റിൽനിന്നു അദ്ധ്യാപകന്മാരെ നിയമിക്കാൻ സാദ്ധ്യമാകാതെവരും. അപ്പോൾ നിയമം ലംഘിക്കുന്നതിനും അവയുടെ മാനേജരന്മാർ നിർബന്ധിതരാകും. ബില്ലിലെ വ്യവസ്ഥയനുസരിച്ച് തന്മൂലം അവർ അയോഗ്യരായിത്തീരുകയും ഗവമ്മെണ്ടു്, സ്ഥാപനത്തിന്റെ അംഗീകാരം പിൻവലിക്കുകയും ചെയ്യും. മാത്രമല്ല, പൊതുതാല്പര്യത്തിനു ഏതെങ്കിലും എയിഡഡ് സ്കൂൾ കൈവശപ്പെടുത്തണമെന്നു ഗവമ്മെണ്ടിനു തോന്നുകയാണെങ്കിൽ അങ്ങിനെ ചെയ്യുന്നതിനു അധികാരം നൽകുന്ന വ്യവസ്ഥയും ബില്ലിൽ കൊള്ളിച്ചിട്ടുണ്ട്. അതിനു പ്രതിഫലം കൊടുക്കണമെന്നേയുള്ളു. എയിഡഡ്സ്കൂളുകളെ നിഷ്പ്രയാസം കൈയടക്കുന്നതിനു തക്കവണ്ണം, കേരളഗവമ്മെണ്ടു് പൊതുതാല്പര്യമെന്ന വ്യവസ്ഥയിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന ആശയം എത്രമാത്രമെങ്കിലും വലിച്ചുനീട്ടുകയോ കുഴച്ചുമറിക്കുകയോ ചെയ്യാൻ വിഷമമില്ലാത്തതാണെന്നുള്ളതും വ്യക്തമാണ്. പ്രതിഫലം കൊടുക്കുന്നു എന്ന പ്രശ്നത്തിനു ഇവിടെ വലിയ പ്രസക്തിയില്ല. കാരണം ഇവിടെ തീരുമാനിക്കപ്പെടേണ്ട പ്രധാനമായ പ്രശ്നം സ്കൂൾ എടുക്കുന്നതിനു ഗവമ്മെണ്ടിനധികാരമുണ്ടോ ഇല്ലയോ എന്നതാണ്. അതുകൊണ്ട് ബിൽ ഭരണഘടനയുടെ വകുപ്പിനെ ആദരിക്കുന്നതിൻ ഭാവിക്കുന്നതായി നടിക്കുന്നുണ്ടെങ്കിലും, പ്രയോഗത്തിൽ അതിനെ ഖണ്ഡിതമായി നിരാകരിക്കുകയാണ് ചെയ്യുന്നതു്.

X X X

## ബിൽ ഇരുമ്പുമുഷ്ടി പ്രയോഗമാണെന്ന് "ഹിന്ദു"വിന്റെ മുഖപ്രസംഗം

ജൂലൈ 17-ാം തീയതിയിലെ ഹിന്ദുപത്രം കേരളവിദ്യാഭ്യാസബിൽ എന്ന തലക്കെട്ടിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന മുഖലേഖനത്തിൽ ഇപ്രകാരം പറയുന്നു:-

സാക്ഷരത്വത്തിൽ ഇന്ത്യയിൽ ഏററവും മുന്തിനില്ക്കുന്നതു് കേരളമാണ്. അവിടെ വളരെയധികം സ്കൂളുകൾ ഉള്ളതാണ് ഇതിനു കാരണം. സ്കൂൾ നടത്തിപ്പ് വളരെ പ്രിയംകരമായ ഒരു പ്രവൃത്തിയാക്കിത്തീർക്കത്തക്കവിധത്തിൽ അവിടെ ജനങ്ങൾക്കു വിദ്യാഭ്യാസകാര്യത്തിൽ അത്രയേറെ താല്പര്യമുണ്ട്. അതുകൊണ്ട് ഇത്രവളരെ പള്ളിക്കൂടങ്ങൾക്കിടയിൽ ശരിയായി മാനേജുചെയ്യാത്ത ഏതാനും സ്കൂളുകൾ ഉള്ളതും അദ്ധ്യാപകന്മാർക്കു പരാതിപ്പെടാൻ അവിടങ്ങളിൽ ഏറെ കാര്യങ്ങൾ ഉണ്ടാകാവുന്നതും അത്ഭുതകരമല്ല.

ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ തങ്ങളുടെ പുതിയ വിദ്യാഭ്യാസബില്ലിൽ കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറ് ശ്രമിച്ചിരിക്കുന്നു. ഗവമ്മെൻറ് ഖജനാവിൽനിന്നു പ്രൈവററ് സ്കൂൾ അദ്ധ്യാപകർക്കു ശമ്പളം നേരിട്ടുകൊടുക്കാനും പെൻഷൻ, പ്രോവിഡൻറ് ഫണ്ട്, ഇൻഷ്വറൻസ് മുതലായി ഗവമ്മെൻറ് സർവ്വീസിലുള്ള അദ്ധ്യാപകർക്കു കിട്ടുന്ന എല്ലാ ആദായങ്ങളും അവർക്കു ലഭിക്കുവാനും ബില്ലിൽ നിർദ്ദേശിച്ചിട്ടുണ്ട്. (14 (1) ....Subject to such conditions and with such modifications as may be deemed fit. ഈ വകുപ്പിൽ ആനുകൂല്യങ്ങൾ ഗവർമ്മെൻറിനു "സമുചിതമെന്നു തോന്നുന്ന വ്യവസ്ഥകൾക്കും വ്യത്യസ്തതകൾക്കും വിധേയമായി" മാത്രമേ അനുവദിക്കുകയുള്ളൂ എന്നതു പ്രത്യേകം ശ്രദ്ധാർഹമാണ്. സ. ദീ. പ.) ഈ പതിവു മററു സ്ഥലങ്ങളിൽ അജ്ഞാതമല്ല. ഉത്തമമായ മാനേജുമെൻറിനു പേരെടുത്തിട്ടുള്ള സ്കൂളുകളുടെ കാര്യത്തിൽ ഇതു യഥാർത്ഥത്തിൽ ആവശ്യമില്ലെന്നതൊഴിച്ചാൽ ഇതിനെപ്പററി വലിയ എതിർപ്പു പ്രകടിപ്പിക്കാനില്ല. സഹായധനം സ്വീകരിക്കുന്ന സ്കൂളുകൾ സംബന്ധിച്ച് ബില്ലിലുള്ള മററു വ്യവസ്ഥകൾ നിർഭാഗ്യവശാൽ എല്ലാ എയിഡഡ് സ്കൂളുകളേയും ഗവമ്മെൻറു ഏററവും വലിയ സംശയത്തോടുകൂടിവീക്ഷിക്കുന്നുവെന്നും അദ്ധ്യാപകന്മാർക്കും ഉപകരണങ്ങൾക്കുമുള്ള ഗ്രാൻറ് അങ്ങനെയുള്ള എല്ലാ സ്ഥാപനങ്ങളും കർശനമായി നിയന്ത്രിക്കുന്നതിനുള്ള ഉപാധിയായി ഉപയോഗിക്കാൻ ആഗ്രഹിക്കുന്നുവെന്നും കാണിക്കുന്നു. അതുകൊണ്ടാണ് കേരളത്തിലെ കോൺഗ്രസ് കക്ഷി ബിൽ ദുർവിഭാവിതവും ദുർലിഖിതവും സമീപനത്തിൽ സ്വേച്ഛാധിപത്യപ്രവണത കാണിക്കുന്നതും സംസ്ഥാനത്തെ വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ പട്ടാളച്ചിട്ട വരുത്തുന്നതിനു വഴിതെളിക്കുന്നതുമാണ് എന്നു പറഞ്ഞിട്ടുള്ളതു്.

ബില്ലിലെ വ്യവസ്ഥകൾ ക്രോഡീകരിച്ചുകൊണ്ട് മുഖലേഖനം തുടരുന്നു: വിദ്യാഭ്യാസം സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിനോ സാക്ഷരത്വനിലവാരം ഉയർത്തുന്നതിനോ ഏതുതരം എയ്ഡഡ്സ്കൂളുകളും ഗവമ്മെൻറിനു കൈവശപ്പെടുത്താമെന്നും മാർക്കററുവിലയുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകാമെന്നും 17-ാം വകുപ്പിൽ പറയുന്നു. ഈ വകുപ്പു സഹായധനം ലഭിക്കുന്ന പള്ളിക്കൂടങ്ങളെ മാത്രമല്ല ഗവമ്മെൻറിൽനിന്നും സഹായധനം വാങ്ങാത്ത അംഗീകൃതസ്കൂളുകളേയും ബാധിക്കുന്നു! ഒരു നിർദ്ദിഷ്ട അധികാരസമിതി നൽകുന്ന ലിസ്റ്റിൽനിന്നു മാത്രമേ അദ്ധ്യാപകന്മാരെ നിയമിക്കാവൂ എന്നു വ്യവസ്ഥചെയ്യുന്ന വകുപ്പുമൂലം അദ്ധ്യാപകരെ നിയമിക്കുന്നതിനു മാനേജർക്കുള്ള അധികാരംപോലും വെട്ടിക്കുറയ്ക്കുന്നു. ഗവമ്മെൻറ് യോഗ്യതയുള്ള അദ്ധ്യാപകന്മാരുടെ ഒരു സ്റ്റേററ് രജിസ്റ്റർ സൂക്ഷിക്കുന്നതാണ്. ഇതൊരു നല്ല സമ്പ്രദായമായിരിക്കാം. എന്നാൽ അദ്ധ്യാപകന്മാരെ ഒരു ചെറിയ നാമവലയത്തിൽനിന്നു മാത്രമേ നിയമിക്കാവൂ എന്നു നിർബന്ധിക്കുന്നതു മാനേജുമെൻറിന്റെ സ്വാതന്ത്ര്യത്തിന്റെ അവസാനലാഞ്ഛനങ്ങൾപോലും എടുത്തുകളയുന്നതാണ്.

ഒരു നിർദ്ദിഷ്ട ഏജൻസിയുടെ അംഗീകരണത്തിനു വിധേയമായി ഏതു വിദ്യാഭ്യാസഏജൻസിക്കും ഒരു എയിഡഡ്സ്കൂളിന്റെ മാനേജരായി ആരേയും നിയമിക്കാമെന്നുള്ള 8-ാംവകുപ്പു ഗവമ്മെൻറു സഹായധനം വാങ്ങാത്ത ഏതു അംഗീകൃതസ്കൂളിനും ബാധകമാണെന്നുള്ളതും അത്ഭുതകരമാകുന്നു. ഇങ്ങനെയുള്ള വകുപ്പുകൾ അംഗീകൃതസ്കൂളുകൾക്കു ബാധകമാക്കിക്കൊണ്ട് ബിൽ വിദ്യാഭ്യാസരംഗത്തിൽ മാർഗ്ഗദർശനംനൽകിയ — വിദ്യാർത്ഥികളിൽനിന്നുള്ള

# ലിക്വിഡേറ്റുചെയ്യുന്ന നാഷനലൈസേഷൻ വന്നേക്കാമെന്നോർമ്മയിരിക്കട്ടെ

## നീതിന്യായത്തിൻെറപേരിലും ജനാവകാശങ്ങളുടെ പേരിലും ഇതിനെ ശക്തിയായി പ്രതിഷേധിക്കണം

### മുണ്ടശ്ശേരിയുടെ അന്നത്തെ പ്രസംഗം

1945 നവംബർ 4-ാംനു തൃശ്ശൂർ സെൻറ് തോമസ് കോളെജ് ഹാളിൽവച്ച് പരേതനായ ശ്രീ പി സി വക്കീയുടെ അദ്ധ്യക്ഷതയിൽ തിരുവിതാംകൂർ ദിവാൻജിയുടെ (സി പി) വിദ്യാഭ്യാസപദ്ധതിയെ പ്രതിഷേധിക്കാൻ കൂടിയ യോഗത്തിൽ ഇന്നത്തെ വിദ്യാഭ്യാസമന്ത്രിയായ അന്നത്തെ മുണ്ടശ്ശേരി മാസ്റ്റർ ചെയ്ത ശ്രദ്ധേയമായ പ്രസംഗം താഴെ ചേർക്കുന്നു:-

ആരുടേയോ മതസഹിഷ്ണുതകൊണ്ടാണ് ക്രിസ്തുമതം ഇവിടെ ആവിർഭവിച്ചതെന്നു ചിലർ പറഞ്ഞുകേൾക്കാറുണ്ട്. പക്ഷേ ക്രിസ്തുമതം ആവിർഭവിച്ച 1-ാം നൂററാണ്ടിൽ മതസഹിഷ്ണുതയ്ക്കു ഇവിടെ ആരുണ്ടായിരുന്നു? ഏതു രാജസ്ഥാനമുണ്ടായിരുന്നു. അന്നു സാമൂതിരിയോ, കൊച്ചിരാജാവോ, തിരുവിതാംകൂർ രാജാവോ, ഹിന്ദുമതംതന്നെയോ ഇവിടെ ഉണ്ടായിരുന്നില്ല. ആകെക്കൂടി കൊടുങ്ങല്ലൂരിൽ ഒരു പെരുമാളുണ്ടായിരുന്നു. പെരുമാക്കന്മാർ യാതൊരു മതത്തിൻേറയും അദ്ധ്യക്ഷന്മാരായിരുന്നില്ല. അന്നു യാതൊരു മതവ്യവസ്ഥിതിയും ഇവിടെ ഉണ്ടായിരുന്നില്ല. പുറമേനിന്നു വന്ന ആദ്യത്തെ സംസ്കാരം ബൗദ്ധസംസ്കാരമാണ്. വർണ്ണാശ്രമധർമ്മങ്ങളുടെ നൂലാമാലകളൊന്നുമില്ലാത്ത ആ സംസ്കാരത്തിനു ഇവിടെ പ്രചുരപ്രചാരം ലഭിച്ചു. ആ മതത്തിൻെറ തണലിലാണ് ക്രിസ്തുമതം കേരളത്തിൽ കടന്നുവന്നതു്. അല്ലാതെ 9-ാംനൂററാണ്ടിൽ ശങ്കരാചാര്യർ വർണ്ണാശ്രമധർമ്മം ഏർപ്പെടുത്തി ഉണ്ടാക്കിയ ഹിന്ദുമതത്തിൻെറ സഹിഷ്ണുതകൊണ്ടല്ല ഒന്നാംനൂററാണ്ടിൽ ക്രിസ്തുമതം ഇവിടെ പ്രചരിച്ചതു്. മള്ളൂരിനെപ്പോലുള്ളവർ ചരിത്രത്തേയും സത്യത്തേയും വ്യഭിചരിപ്പിക്കുക മാത്രമാണ് ചെയ്യുന്നതു്. കേരളത്തിൽ കടന്നുവന്നതു ബ്രാഹ്മണനാണ്, ബ്രാഹ്മണധർമ്മമല്ല. നേരെ മറിച്ച് ക്രിസ്ത്യാനിയല്ല ക്രിസ്തുധർമ്മമാണ്. മുസ്ലീമല്ല മുസ്ലീംധർമ്മമാണ്. ഈ വ്യത്യാസം എല്ലാവരും മനസ്സിലാക്കണം. എന്നിട്ടു വേണം വരത്തരാരാണെന്നു പറയുവാൻ.

#### നാഷനലൈസേഷൻ എന്നുപറഞ്ഞാൽ എന്താണ്?

ക്രിസ്ത്യാനി അവൻെറ നിലശരിക്കു മനസ്സിലാക്കണം. രാഷ്ട്രീയകാര്യങ്ങളിൽ പ്രത്യേകിച്ചും ഒരു നിലപാടു വേണം. ചെറുപ്പക്കാരുടെ രാഷ്ട്രീയബോധത്തെ സംഘടിപ്പിച്ചു നിയന്ത്രിക്കണം. അവർക്കു നേതൃത്വം നൽകണം. കച്ചവടവും കൃഷിയും ലിക്വിഡേറു ചെയ്യാവുന്നതായ നാഷനലൈസേഷൻ വന്നേക്കാമെന്നുള്ള ഓർമ്മയോടുകൂടിത്തന്നെ ഇരിക്കണം തിരുവിതാംകൂറിലെ വിദ്യാഭ്യാസ പരിഷ്കാരത്തെപ്പററി അത്ഭുതപ്പെടാനില്ല. കൗടില്യൻെറ കാലത്തിനുശേഷം അനേകർ ഇങ്ങനെ പരീക്ഷിച്ചുനോക്കിയിട്ടുണ്ട്. അദ്ധ്യാപകനെ രക്ഷിക്കാനാണത്രെ ഈ പദ്ധതി എന്നാൽ ഒരു അദ്ധ്യാപകനെന്ന നിലയിൽ ഞാൻ ചോദിക്കുന്നു, സർക്കാർസ്കൂൾ വേണ്ടെന്നുവച്ചു ആ സ്കൂൾനടത്തിപ്പിനു വരുന്ന മേൽച്ചിലവുകൂടി അദ്ധ്യാപകനു ശമ്പളമായി കൂട്ടിക്കൊടുത്തുകൂടയോ എന്നു്. അന്തസ്സു പാലിക്കാൻവേണ്ടി അന്യായമായിനികുതിചുമത്തുവാൻ തുനിയുന്നവരുണ്ടെങ്കിൽ അതു കൊടുക്കുകയില്ലെന്നു പറയാൻ തൻേറടമുള്ള ജനങ്ങളുമുണ്ടാകണം. എന്താണ് ഈ നാഷനലൈസേഷൻ? വ്യക്തികൾ കൈവശംവച്ചു ദുരുപയോഗിക്കുന്ന സംഖ്യകൾ സമാഹരിച്ച് എല്ലാവരുടേയും ഗുണത്തിനുവേണ്ടി ചിലവാക്കുകയാണല്ലൊ നാഷനലൈസേഷൻെറ ഉദ്ദേശ്യം. വിദ്യാഭ്യാസത്തിൽ എന്തു നാഷനലൈസേഷനാണുള്ളതു് പാഠ്യപുസ്തകങ്ങളോ? ഏതാനും പ്രസാധകകമ്പനികൾക്കു പണം ഉണ്ടാക്കിക്കൊടുക്കുക എന്നതിൽ കവിഞ്ഞ് ഗവമ്മെൻറിനു വല്ല പാഠപുസ്തകനയവുമുണ്ടോ? സമ്പത്തിൻെറ കാര്യത്തിലും മാറുമില്ലാത്ത നാഷനലൈസേഷനൊ പള്ളിക്കൂടങ്ങളുടെ കാര്യത്തിൽ?

#### സ്നേഹം പ്രസംഗത്തിലല്ല, പ്രവൃത്തിയിലാണു കാണേണ്ടതു്

നീതിന്യായത്തിൻെറ പേരിലും ജനാവകാശങ്ങളുടെ പേരിലും ഇതിനെ ശക്തിയായി പ്രതിഷേധിക്കേണ്ടതാണ്. ഇത്തരം നാഷനലൈസേഷൻകാരായ നേതാക്കളെ അല്ല ഇന്നു ഇന്ത്യയ്ക്കു വേണ്ടതു്. പ്രത്യുത പറഞ്ഞതുപോലെ പ്രവർത്തിക്കുന്നവരെയാണ്. മിനിട്ടിനുമിനിട്ടിനു മാറിമാറിപ്പറഞ്ഞു വഴുതിപ്പോകുന്ന രാജ്യതന്ത്രജ്ഞന്മാരുടെ നേതൃത്വം ഏതു രാജ്യത്തിനും ആപല്ക്കരമാണ്. താൻ ക്രിസ്ത്യാനികളുടെ സ്നേഹിതനാണെന്നു തിരുവിതാംകൂർ ദിവാൻജി കോട്ടയത്തുവച്ചു വിളിച്ചുപറയുകയുണ്ടായി. ആരെങ്കിലും അതു വിശ്വസിക്കുമോ? പ്രസംഗത്തിലല്ല പ്രവൃത്തിയിലാണ് സ്നേഹം കാണിക്കേണ്ടതു്. തിരുവിതാംകൂറിലും കൊച്ചിയിലും ക്രിസ്ത്യാനികൾ ഭൂരിപക്ഷസമുദായമാണ്. മററുള്ളവർ അതു മനസ്സിലാക്കുകയില്ലെങ്കിൽ ക്രിസ്ത്യാനികളെങ്കിലും [illegible] മനസ്സിലാക്കണം. കഴിവുകളെ ശരിയായ മാർഗ്ഗത്തിൽ ഉപയോഗിക്കണം. ചെറുപ്പക്കാർക്കു ശരിയായ നേതൃത്വം നൽകണം. അപ്പോൾ ക്രിസ്ത്യാനികളുടെ യാതൊരു അവകാശവും അവഗണിക്കപ്പെടുകയോ അതിലംഘിക്കപ്പെടുകയോ ചെയ്യുകയില്ല.

#### പ്രമേയങ്ങൾ

സ്കൂൾ നടത്താനുള്ള പ്രഥമാവകാശം പ്രൈവററ് ഏജൻസികൾക്കു നൽകണം; ആ തോതനുസരിച്ചുതന്നെ ഗ്രാൻറുനൽകണം; ടോട്ടലിറേററിയൻനയത്തെ പ്രതിഷേധിക്കുന്നു എന്നീ മൂന്നു പ്രമേയങ്ങളും യോഗം പാസ്സാക്കി.

(മലബാർമെയിൽ 1945 നവമ്പർ 8)

ഹി ആകുന്ന വരുമാനത്തെ അവലംബിച്ചു നിലനില്ക്കുന്നവയും സ്വന്തം വിദ്യാഭ്യാസസമ്പ്രദായം വികസിപ്പിക്കാൻ അനുവദിക്കപ്പെടേണ്ടവയുമായ — സ്കൂളുകളുടെ സ്വാതന്ത്ര്യം നശിപ്പിക്കുന്നു. അങ്ങനെ ബില്ലിനെതിരായി പൊതുജനങ്ങൾ മുഴക്കിയ മുറവിളിക്കു നല്ല കാരണമുണ്ട്. അദ്ധ്യാപകന്മാർക്കു സാമ്പത്തികമായി ഗുണമുണ്ടായേക്കാം. എന്നാൽ ബില്ലിൻെറ ആത്യന്തികഫലം കേരളാസ്റ്റേററിലെ എല്ലാ പള്ളിക്കൂടങ്ങളും ഗവമ്മെൻറ് ഇഷ്ടാനുസരണം പ്രയോഗിച്ചു നിയന്ത്രിക്കുന്നതും രാഷ്ട്രീയം പൂർണ്ണമായി ഒഴിച്ചുനിറുത്തേണ്ട ഒരു രംഗത്തു അതു പ്രവേശിക്കുന്നതുമായിരിക്കും.

—o—

### അടുത്തയാഴ്ചയിൽ

ജൂലൈ
25 വ്യാ: വി. യാക്കോബുശ്ലീഹാ
26 വെ: വി. അന്നാമ്മ
27 ശ: വി. പന്തലിയോൻ
28 ഞാ: പന്തക്കു: 7-ാംഞായർ
29 തി: വി. മാത്താ
30 ചൊ: വി. അബ്ദോനും സെനേനും
31 ബു: വി. ഇഗ്നേഷ്യസ് ലയോള



നിത്യസഹായമാതാവിൻെറയും വി. യൗസേപ്പുപിതാവിൻെറയും സഹായത്താൽ എൻെറ ഭർത്താവു സുഖം പ്രാപിച്ചതിൽ നന്ദി.

മേരി ജോസഫ്, നെല്ലിക്കൽ, പെരുമ്പടപ്പും

(4-ാം പേജ് തുടർച്ച)

വികളുടെ കളിപ്പാട്ടങ്ങളായി നരകത്തിനു അവകാശികളായി. ഇവരുടെ ഏകപ്രതീക്ഷ ഈശോയോടും മറിയത്തോടും സഹകരിച്ചുകൊണ്ടുള്ള നമ്മുടെ പരിശ്രമമാണ്.

പ്രസ്തുത പീഡനത്താവളങ്ങളിൽ നരകിക്കുന്നവരിൽ നമ്മുടെ മാതാപിതാക്കളോ, സഹോദരങ്ങളോ, മക്കളോ ഇല്ലെന്നു പറയാമോ? മിശിഹായിൽ നാം അവരുടെ സഹോദരരല്ലയോ? തദ്വാരാ പരസ്പരം സ്നേഹിക്കുന്നതിനും സേവിക്കുന്നതിനുമുള്ള ചുമതല—ഗുരുതരമായ ചുമതല—നമുക്കുണ്ട്. എന്നാൽ നമുക്കു എന്തു ചെയ്യാൻ കഴിയും. യുദ്ധം തടഞ്ഞതുകൊണ്ടായില്ല, സന്ധികൊണ്ടു പ്രയോജനമില്ല. ഫാത്തിമാ സന്ദേശം പ്രാവർത്തികമാക്കുകമാത്രമാണ് കരണീയം. ഫാത്തിമാരാജ്ഞി എങ്ങനെ ദുഃഖാർത്തയാകാതിരിക്കും? "പ്രാർത്ഥിക്കുക, പ്രായശ്ചിത്തം ചെയ്യുക" എന്നാവർത്തിച്ചതിൽ അവൾ തൻെറ ഹൃദയവ്യഥ സ്പഷ്ടമാക്കി. പീഡിപ്പിക്കപ്പെടുന്നവർ മാത്രമല്ല പീഡിപ്പിക്കുന്നവരും നിരാശരാണ്. മർദ്ദകർ മർദ്ദിതരെ അപേക്ഷിച്ചു കൂടുതൽ നിർഭാഗ്യരാണെന്നുവേണം പറയുവാൻ. സ്വസഹോദരങ്ങളുടെ വിനാശം, രക്തച്ചൊരിച്ചിൽ ഇവ ആഗ്രഹിക്കുന്ന ഹൃദയങ്ങളിൽ പ്രതീക്ഷാരശ്മി എങ്ങനെ പ്രവേശിക്കും! നാരകീയാന്ധകാരം, കടുത്ത നിരാശ ഇവയല്ലേ അവിടെ തിങ്ങിക്കൂടുക. തദ്വാരാ അവരും നമ്മുടെ അനുകമ്പാപാത്രങ്ങളാകണം. ക്രിസ്തീയ ഉപവി ഇതു ആവശ്യപ്പെടുന്നു. ആകയാൽ ഇരുകൂട്ടർക്കുംവേണ്ടിയാണ് പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിൻേറയും സുഗന്ധധൂമം ദൈവസിംഹാസനത്തിൻ മുമ്പിൽ നാം ഉയർത്തേണ്ടതു്. റഷ്യയും ചൈനയും ഇനിയും മാനസാന്തരപ്പെട്ടില്ലെങ്കിൽ അതിനു കാരണം ഫാത്തിമാസന്ദേശം പ്രാവർത്തികമാക്കുന്നതിൽ നാം കാണിക്കുന്ന അലസതയാണെന്നു നമുക്കു ഏററു പറയാം. വീഴ്ചകളെ തിരുത്തുന്നതിനു യത്നിക്കാം. മർദ്ദിതരുടെ ഇടയിൽ നമ്മുടെ രക്തബന്ധത്തിലുള്ളവർ ഇന്നില്ലെങ്കിലും നാളെ ഉണ്ടാകയില്ലെന്നു ആരറിഞ്ഞു!

# വിവിധവൃത്താന്തങ്ങൾ

## കുടുംബത്തെ ഭദ്രമാക്കാൻ

### മാർപ്പാപ്പാ ആഹ്വാനം ചെയ്യുന്നു

ബോർഡോയിൽ നടത്തപ്പെട്ട ഫ്രാൻസിലെ കാത്തലിക്ക് സോഷ്യൽ വീക്ക് പ്രമാണിച്ച് പരിശുദ്ധ പിതാവു് അയച്ചുകൊടുത്ത ഒരു സന്ദേശത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- മനുഷ്യസമൂഹത്തെ അഭിമുഖീകരിക്കുന്ന വിപത്തുകളായ വിവാഹമോചനത്തിനും ജനനനിരോധനത്തിനും എതിരായി അടരാടുവാൻ ഊർജ്ജിതമായ ശ്രമങ്ങൾ നടത്തേണ്ടതാണ്. അതേസമയംതന്നെ, ജനസമൂഹത്തിൻെറ ആശാസ്യതരമായ രൂപാന്തരത്തിനു വിഘാതമാകാതെ, സോഷ്യലൈസേഷൻെറ വർദ്ധിച്ചുവരുന്ന സ്വാധീനശക്തിക്കെതിരായി കുടുംബത്തെ പരിരക്ഷിക്കേണ്ടതും ആവശ്യമാണ്. ഭവനപ്രശ്നം അതിൻെറ ധാർമ്മികവും സാമൂഹ്യപരവും ശുചിത്വപരവുമായ ഗുരുതരഭവിഷ്യത്തുകളെ പരത്തിക്കൊണ്ടു മുന്നേറുകയാണ്. കുടുംബത്തിൻെറ അവകാശങ്ങളെ വേണ്ടവിധത്തിൽ ആദരിക്കാതെയുള്ള വിദ്യാഭ്യാസനയം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു. ഭവനത്തിനു വെളിയിലുള്ള മാതാപിതാക്കന്മാരുടെ ജോലിയും ഗാർഹികജീവിതത്തിൽ അനുഭവപ്പെടുന്ന വിഷമതകൾ പൊതുവിലും കുടുംബജീവിതത്തിൻെറ ഭദ്രതയെ അപകടത്തിലാക്കിയിരിക്കുകയാണ്. ഈ കുറവുകൾക്കു പരിഹാരമുണ്ടാക്കുന്നതിനുള്ള സാമൂഹികസ്ഥാപനങ്ങളുടെ പ്രവർത്തനപരിധികൾ പരിമിതമാക്കപ്പെട്ടിരിക്കുന്നതായും കാണുന്നു. അതുകൊണ്ടു് അവ രോഗശമനത്തിനു കാരണമാകുന്നുണ്ടെങ്കിലും അതിൻെറ മൂലകാരണങ്ങൾ നീക്കി പൂർണ്ണമായ രോഗവിമുക്തി വരുത്തുന്നില്ല.

## കർദ്ദിനാളിനു ബഹുമതിബിരുദം

വെനീസ് പാത്രിയാർക്ക് അത്യുന്നത കർദ്ദിനാൾ റൊൻകാലി തിരുമേനിക്കു്, പശ്ചിമജർമ്മൻ ഗവമ്മെൻറ് "ഗ്രാൻറ് ക്രോസ് ഓഫ് മെരിററ്" എന്ന ബഹുമതിബിരുദം പ്രദാനം ചെയ്തിരിക്കുന്നു. തിരുമേനി കഴിഞ്ഞ ലോകമഹായുദ്ധത്തിൽ ഫ്രാൻസിൽ താമസിപ്പിക്കപ്പെട്ടിരുന്ന ജർമ്മൻകാരായ തടവുകാർക്കു നൽകിയ അമൂല്യസേവനങ്ങളെ ആദരിച്ചാണ് ഈ ബഹുമതിദാനം. അന്നദ്ദേഹം ഫ്രാൻസിലെ അപ്പസ്തോലിക്ക് നൺഷിയോ ആയിരുന്നു. ബന്ധികളുടെ കൂട്ടത്തിലുണ്ടായിരുന്ന സെമ്മിനാരിവിദ്യാർത്ഥികൾക്കു തുടർന്നു പഠിക്കുന്നതിനുള്ള അനുവാദം അദ്ദേഹം വാങ്ങിക്കൊടുക്കുകയും പഠനം പൂർത്തിയാക്കിയ പലർക്കും അദ്ദേഹംതന്നെ പുരോഹിതപട്ടം കൊടുക്കുകയുംചെയ്തു.

## ലൂർദ്ദിൽ പട്ടാളപ്രവാഹം

ഫ്രാൻസിൻെറ നാനാഭാഗങ്ങളിൽനിന്നും ഉത്തരാഫ്രിക്കയിൽനിന്നുമായി കരസൈന്യത്തിലും വ്യോമനാവികവിഭാഗങ്ങളിലുംപെട്ട 30,000 ത്തിൽപ്പരം സൈനികർ 22 പ്രത്യേകതീവണ്ടികളിലായി ഈയിടെ ലൂർദ്ദു സന്ദർശിച്ചിരിക്കുന്നു. പാരീസിലെ ആർച്ചുബിഷപ്പ് കർദ്ദിനാൾ ഫെൽടിൻ തിരുമേനിയാണ് തീർത്ഥകസംഘത്തെ നയിച്ചതു്. സൈനികകപ്പലാൻമാരും ഉദ്യോഗസ്ഥമേധാവികളും അതിൽ പങ്കെടുത്തു ഗ്രോട്ടോയിൽവച്ച് 700 അമേരിക്കൻ യോദ്ധാക്കളും ഈ സംഘത്തിൽ ചേർന്നു. ദിവ്യബലിയോടനുബന്ധിച്ച് കർദ്ദിനാൾ തിരുമേനി നിർവ്വഹിച്ച പ്രഭാഷണത്തിൽ സൈനികർക്കുണ്ടായിരിക്കേണ്ട മൂന്നു വിശിഷ്ടപുണ്യങ്ങളെ ചൂണ്ടിക്കാണിക്കുകയുണ്ടായി: വ്യക്തിപരമായ ധ്യാനനിഷ്ഠ; സഹോദരസ്നേഹം; ദൈവത്തിലുള്ള ആശ്രയബോധം എന്നിവയായിരുന്നു അവ.

## പൂർവ്വജർമ്മനിയിൽ മതവിരുദ്ധനടപടികൾ

പൂർവ്വജർമ്മനിയിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറ് മതത്തെ നിഷ്പ്രഭമാക്കുന്നതിനു അവിടത്തെ കോളെജുകളിലെ ദൈവശാസ്ത്രവിദ്യാർത്ഥികളുടെ എണ്ണം മൂന്നിലൊന്നായി കുറയ്ക്കണമെന്നാവശ്യപ്പെട്ടു. കത്തോലിക്കാസഭയിലേയും ലൂതാൻസഭയിലേയും വൈദികാധികാരികൾ പരാതിപ്പെട്ടതിൻെറ ഫലമായി സഭാവകുപ്പിൻെറ ഗവമ്മെൻറുസിക്രട്ടറി ഉത്തരവിൽ ഭേദഗതിചെയ്ത് മൂന്നിലൊരുഭാഗംമാത്രം കുറവുചെയ്താൽ മതിയെന്നു നിശ്ചയിച്ചിരിക്കുന്നു. മററു വിഷയങ്ങൾ പഠിക്കുന്നതിനു പ്രോത്സാഹനം നൽകാനാണു ഈ പദ്ധതിയെന്നാണ് ഗവർമ്മെൻറു പറയുന്ന കാരണം.

## പോളണ്ടിൽ ആർഭാടപൂർവ്വകമായ സ്വീകരണം

പോളണ്ടിലെ പ്രൈമേററ് അത്യുന്നത കർദ്ദിനാൾ വിഷിൻസ്കി തിരുമേനി റോമിലെ ആറാഴ്ചത്തെ പര്യടനം കഴിഞ്ഞു വാർസോയിൽ മടങ്ങിയെത്തിയപ്പോൾ വളരെ ആർഭാടപൂർവ്വകമായ ഒരു ഹൃദ്യസ്വീകരണമാണ് ജനങ്ങൾ തിരുമേനിക്കു നൽകിയതു്. വിയന്നായിൽനിന്നും അദ്ദേഹം യാത്രചെയ്തിരുന്ന എക്സ്പ്രസ്സ് വണ്ടിക്കു ഒരു മണിക്കൂർ താമസിച്ചുമാത്രമേ വാർസോയിൽ എത്തിച്ചേരാൻ സാധിച്ചുള്ളു. ഓരോ സ്റ്റേഷനിലും തിരുമേനിയെ ഒരു നോക്കുകാണുവാൻ ജനത തടിച്ചുകൂടിയിരുന്നു. വാർസോ സെൻട്രൽ സ്റ്റേഷനും നഗരവീഥികളും ജനങ്ങളെക്കൊണ്ടു നിറഞ്ഞിരുന്നു. ആശംസാപ്രഘോഷണങ്ങളും ഗാനാലാപങ്ങളും അന്തരീക്ഷത്തെ മുഖരിതമാക്കി. പുഷ്പമഞ്ജരികൾ തിരുമേനിയുടെ മുന്നിൽ കുന്നുകൂടി. വളരെ പണിപ്പെട്ടാണ് തിരുമേനി പ്ലാററുഫോറത്തിൽനിന്നു വാഹനംവരെ എത്തിയതു്. മാർപ്പാപ്പായാൽ ആശീർവ്വദിക്കപ്പെട്ട, സെസ്റ്റോച്ചോവ്വായിലെ അവരുടെ ദൈവരാജ്ഞിയുടെ ഒരു തിരുസ്വരൂപം തിരുമേനി അവിടുത്തെക്കൂടെ കൊണ്ടുവന്നിരുന്നു. പ്രത്യാഗമനാനന്തരം, ഇക്കൊല്ലത്തെ വിശുദ്ധകുർബാനയുടെ തിരുനാൾപ്രമാണിച്ചു തിരുമേനിതന്നെ പ്രദക്ഷിണത്തിൽ തിരുഅരുളിക്കാ വഹിക്കുകയും തദവസരത്തിൽ ശ്രദ്ധേയമായ ഒരു പ്രസംഗം പറയുകയും ചെയ്തു. "ഞാൻ എന്നെ മുഴുവനായി നിങ്ങൾക്കർപ്പിച്ചിരിക്കുകയാണ്. ദൈവം തിരുമനസ്സാകുന്നതുവരെ ഞാൻ നിങ്ങളെ സേവിക്കും. ഞാ

ൻ ഒരാശ്ലകൊണ്ടു്, അശക്തനായി വീണുമരിക്കുമെങ്കിലും അവസാനംവരെ നിങ്ങൾക്കു ശുശ്രൂഷ ചെയ്യുവാൻ ഞാൻ തയാറാണു്" എന്നത്രെ ക്ഷീണിതനും വിളറിയ വദനനുമായ കർദ്ദിനാൾ പ്രസ്താവിച്ചതു്.

(12-ാംപേജു് തുടർച്ച)

പെട്ടെന്നു രണ്ടു പോലീസുകാർ വന്നെന്നെ വിലങ്ങുവച്ചു. "ഉം. നടക്കു സ്റ്റേഷനിലേക്കു്" അവരിലൊരാൾ പറഞ്ഞു. ഞാൻ പകച്ചു ചുററും നോക്കി. ഹൊ! തയ്യൽക്കടക്കാരനുമുണ്ടല്ലോ? അയാളുടെ കൈയിലിരിക്കുന്നതെന്താണു്? കളിപ്പാട്ടങ്ങൾ!

വാസ്തവത്തിൽ എനിക്കു വളരെ ഉറക്കെ കരയണമെന്നു തോന്നി. പക്ഷേ, എനിക്കു കരയുവാൻ മാത്രം ശക്തിയുണ്ടായിരുന്നില്ല. നിറഞ്ഞുതുളുമ്പുന്ന കണ്ണുകളോടെ ഞാനെൻെറ പെങ്ങളുടെ ശവമഞ്ചത്തിലേക്കൊന്നുകൂടി തിരിഞ്ഞുനോക്കി. അപ്പോഴും ആ ഫാഷൻബെ്ളൗസ്സ് എന്നെ നോക്കി പുഞ്ചിരിക്കുന്നതുപോലെ എനിക്കു തോന്നി.

ഞാൻ ഉള്ള സത്യമെല്ലാം പറഞ്ഞു. എന്നെ ഒരു മാസത്തേക്കു ശിക്ഷിച്ചു. ഒരു മാസത്തെ ജയിൽവാസത്തിനുശേഷം ഞാൻ വിമുക്തനായി ഒട്ടിയകവിളുകളോടും, പാറിപ്പറന്ന തലമുടിയോടുംകൂടി ഞാൻ വീണ്ടും എൻെറ നാട്ടിലേക്കു തിരിച്ചുവന്നു! പക്ഷേ, ഞാൻ വീട്ടിലേക്കു പോയില്ല. ആ ശ്മശാനത്തിൻെറ വാതില്ക്കൽ ഇരുന്നു ഞാൻ തേങ്ങിത്തേങ്ങിക്കരഞ്ഞു. എൻെറ പ്രിയപ്പെട്ട പെങ്ങളുടെ ശവക്കുഴി എനിക്കറിഞ്ഞുകൂടാ എങ്കിലും ഞാൻ കരഞ്ഞു! "വല്യേട്ടാ" ആ ശ്മശാനത്തിൻെറ ഒരു കോണിൽനിന്നു ഒരു കൊച്ചുവിളി! ഞാൻ ഞെട്ടിത്തിരിഞ്ഞു! ഹൊ! ആരാണെന്നെ വന്നു കെട്ടിപ്പിടിക്കുന്നതു്? "ജോയിക്കുട്ടി!"

"വല്യേട്ടാ!"

"ജോ...യി...ക്കു...ട്ടി!"

## ഇടവകവാർത്തകൾ

**പാവറട്ടി:** പ്രിയോർ വെരി റവ. ഫാദർ ഫ്ളാവ്യൻ അവർകളുടെ അദ്ധ്യക്ഷതയിൽ "കത്തോലിക്കാ ട്രൂത്ത് സൊസൈററി" എന്ന ഒരു സംഘടന സ്ഥലത്തെ കൊവേന്ത സ്കൂളുകളിലെ കത്തോലിക്കാ അദ്ധ്യാപകന്മാർ രൂപീകരിച്ചിരിക്കുന്നു. കത്തോലിക്കർ നേരിടേണ്ടിവരുന്ന നിരവധി പ്രശ്നങ്ങളെ താത്വികമായി പഠിക്കുന്നതിനും പരിഹാരം കാണുന്നതിനുമാണു് സംഘടനയുടെ ഉദ്ദേശം. സംഘടനയുടെ ആദ്ധ്യാത്മികോപദേഷ്ടാക്കളായി വെരി റവ. ഫാദർ ഫ്ളാവിയൻ, വെരി റവ. ഫാദർ ആലിപ്പിയൂസ് എന്നിവരേയും, പ്രസിഡണ്ടായി മി. കെ റാഫേൽ തോമസ് ബി എ എൽ ററി യേയും സിക്രട്ടറിയായി മി. സി വി ജോസഫ് ബി എ ബി ടി യേയും തിരിഞ്ഞെടുത്തു.

**വലപ്പാട്ട്:** സെൻറു വിൻസെൻറു ഡി പോൾ പുണ്യവാൻെറ തിരുനാൾ പൂർവ്വാധികം ആഡംബരപൂർവ്വം ആഘോഷിച്ചിരിക്കുന്നു. തിരുനാളിനോടനുബന്ധിച്ചു നടത്തിയ വിഭവസമൃദ്ധമായ സാധുജനസദ്യയിൽ നാനാജാതിമതസ്ഥരായ ആയിരത്തോളംപേർ സംബന്ധിക്കുകയുണ്ടായി. അനന്തരം വന്നുചേർന്ന ഒട്ടനേകംപേർക്കു അന്നദാനവും ഉണ്ടായിരുന്നു.

**കാവക്കാട്ട്:** കാവക്കാട്ടു് സെൻറു് മേരീസ് കത്തോലിക്കാ പള്ളിയുടെ ശിലാസ്ഥാപനകർമ്മം ജൂലൈ 15-ാംനു- തിങ്കളാഴ്ച കാലത്തു് റവ. ഫാദർ സി വേരനാനിക്കൽ വമ്പിച്ച ഒരു ജനാവലിയുടെ സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചിരിക്കുന്നു തദനന്തരം ചാപ്പലിൽ റവ. ജി. നെടുങ്ങാട്ടു് ദിവ്യബലി അർപ്പിച്ചു.

**വല്ലം:** വി. തോമ്മാശ്ലീഹായുടെ ദുക്റാനതിരുനാൾ പ്രമാണിച്ചു് സ്ഥലം സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ ഒരു അസാധാരണയോഗം റവ. ഫാദർ ഐസക്കു് അറയ്ക്കപ്പറമ്പിൽ അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ പി ഒ വർഗ്ഗീസ്സ്, ശ്രീമതി കെ വി ത്രേസ്യാമ്മ എന്നിവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളുമുണ്ടായിരുന്നു.

---

പരി. കന്യകമറിയത്തിൻേറയും വി. യൗസേപ്പിതാവിൻേറയും മാദ്ധ്യസ്ഥതാലും ബ: അൽഫോൻസാമ്മയുടെ സഹായത്താലും എൻെറ അസുഖം ഭേദമായതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം. A. P. A.

---

**പെങ്ങോട്ടൂർ:** ജാതീയദിനംപ്രമാണിച്ചു് സ്ഥലം പ്രൈമറിസ്കൂൾഹാളിൽവച്ചു് റവ ഫാദർ സേവ്യർ ചുണ്ടാട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു സമ്മേളനം നടത്തപ്പെട്ടു. അഡ്വക്കേററു് ജോസഫ് തലയ്ക്കൽ, കുമാരി കെ പി റോസക്കുട്ടി മുതലായവർ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. വേദപാഠക്ലാസുകളിൽ സമ്മാനാർഹരായ കുട്ടികൾക്കു് സമ്മാനങ്ങളും നൽകപ്പെട്ടു.

**പള്ളുരുത്തി:** സ്ഥലം സെൻറു് മേരീസ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യതയുടെ 9-ാമതു വാർഷികവും ജാതീയദിനവും പ്രമാണിച്ചു് ജൂലൈ 14-ാംനു- ഞായറാഴ്ച വൈകുന്നേരം 4 മണിക്കു് സെൻറു് തോമസ് സ്കൂൾഹാളിൽവച്ചു് സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം കൂട്ടുകയുണ്ടായി. ശ്രീ കെ സി ജെയിക്കബ് എ. എ പ്രസംഗിച്ചു. കുട്ടികളുടെ ഡാൻസ്, സംഗീതം മുതലായവയും യോഗാനന്തരം സഖ്യാംഗങ്ങളുടെ ഒരു ടാബ്ളോയുമുണ്ടായിരുന്നു.

**തിരുമൂലപുരം:** മാർത്തോമ്മാശ്ലീഹായുടെ തിരുനാളും സൺഡെസ്കൂൾ, സൊഡാലിററി ഇവയുടെ 9-ാമത്തെ സംയുക്തവാർഷികവും വിവിധപരിപാടികളോടുകൂടി ഈ ഇടവകയിൽ ആഘോഷിച്ചു. ജൂലൈ 7-ാംനു- ഞായറാഴ്ച ഉച്ചയ്ക്കുശേഷം 3 മണിക്കു് ഇരുവെള്ളിപ്രാ സെൻറു് തോമ്മസ് ഹൈസ്കൂളിൽവച്ചു് തിരുവല്ലാ രൂപതയുടെ അഡ്മിനിസ്ട്രേറററു് റവ. മോൺ. മാത്യു നെടുങ്ങാട്ടു് എൽ ഡി അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം നടന്നു. റവ ഫാദർ സഖറിയാസ് കരുവേലിൽ, സിസ്റ്റർ ലീലാമ്മ, കുമാരി ത്രേസ്യാമ്മ ഇവർ പ്രസംഗിച്ചു. വേദോപദേശക്ലാസിൽ വിജയിച്ചവർക്കു സമ്മാനങ്ങൾ നൽകി.

## ചരമവാർത്തകൾ

**കൊട്ടിയം:** ഹോളിക്രോസ് ആശുപത്രിയിൽവച്ചു ജൂലൈ 4-ാം തീയതി രാത്രി 11 മണിക്കു റവ ഫാദർ സ്ലീഹൻ നസ്രത്തു അവർകൾ 59-ാമത്തെ വയസ്സിൽ നിര്യാതനായി. പരേതൻ കോട്ടാർ, തിരുവനന്തപുരം, കൊല്ലം എന്നീ രൂപതകളിൽ പല ഇടവകകളിലും വികാരിയായിരുന്നു പ്രശസ്തസേവനം അനുഷ്ഠിച്ചിട്ടുണ്ടു്.

**അമ്പഴക്കാട്ട്:** സ്ഥലം കർമ്മലീത്താമഠത്തിലെ ബ: കോൺസ്റ്റൻസ് അമ്മ വാർദ്ധക്യസഹജമായ രോഗംമൂലം ജൂലൈ 16-ാം തീയതി കർത്താവിൽ നിദ്രപ്രാപിച്ചു. പരിയാരത്തു പുതുശ്ശേരിപ്പടിഞ്ഞാർക്കര, തറവാട്ടിലാണു ഈ സന്ന്യാസിനിയുടെ ജനനം.

**പൊൻകുന്നം:** ഈ ഇടവക മുന്നുപീടികയ്ക്കൽ ശ്രീമതി മറിയം 90-ാമത്തെ വയസ്സിൽ ജൂലൈ 13-ാം തീയതി ശനിയാഴ്ച ചരമംപ്രാപിച്ചു. പിറേറദിവസം പരേതയുടെ സഹോദരപുത്രൻ റവ ഫാദർ ജേക്കബ്ബ് ബി എയുടെ പ്രധാനകാർമ്മികത്വത്തിലും മററു പല വൈദികരുടെ സഹകരണത്തിലും ശവസംസ്കാരം യഥാവിധി നിർവ്വഹിക്കപ്പെട്ടു. റവ ഫാദർ ജോർജ്ജ് മുളങ്ങാട്ടിൽ പള്ളിയിൽവച്ചു ചരമപ്രസംഗം നടത്തുകയുംചെയ്തു.

**ഉപ്പുതറ:** ഞാറക്കൽ ഇട്ടിയവരാ മത്തായി 82-ാമത്തെ വയസ്സിൽ ജൂലൈ 14-ാം തീയതി കർത്താവിൽനിദ്രപ്രാപിച്ചു. 15-ാം തീയതി ഉച്ചകഴിഞ്ഞു് ശവസംസ്കാരകർമ്മം റവ ഫാദർ ജോർജ്ജ് പരുവനാനി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു. റവ ഫാദർ തോമസ് സി പാറേൽ ചരമപ്രസംഗം ചെയ്തു.

**വൈക്കം:** ഈ ഇടവക പേരയിൽ ശ്രീ ദേവസ്യായുടെ ഭാര്യ മറിയാമ്മ ജൂലൈ 11-ാം തീയതി ഉച്ചകഴിഞ്ഞു് 62-ാമത്തെ വയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചു. ശവസംസ്കാരകർമ്മം പിറേറദിവസം പല ബ: വൈദികരുടേയും ബന്ധുമിത്രാദികളടക്കം ഒരു വലിയ ജനക്കൂട്ടത്തിൻേറയും സഹകരണത്തിൽ സ്ഥലം ഫൊറോനാപ്പള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

**കരുകുററി:** ഈ ഇടവക പൈനാടത്തു ശ്രീ പൈലോ കുഞ്ഞുവറിയതു് ജൂലൈ 11-ാം തീയതി 65-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. ക നി മൂ സ ബ: ഇന്നസെൻറു് അച്ചൻെറ സഹോദരനാണു് പരേതൻ. ശവസംസ്കാരം 12-ാം തീയതി ഉച്ചതിരിഞ്ഞു് 4 മണിക്കു് പരേതൻെറ പുത്രൻ ക നി മൂ സ ബ: ബസീലിയോസച്ചൻെറ പ്രധാനകാർമ്മികത്വത്തിലും പല ബ: വൈദികരുടേയും ഒട്ടേറെ ജനങ്ങളുടേയും സഹകരണത്തിലും നടന്നു.

**കൊതവറ:** ഈ പള്ളിയിടവക വളമംഗലത്തു ശ്രീ ഔസേപ്പു കൊച്ചുവക്കി ജൂലൈ 1-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. 2-ാംനു- ചൊവ്വാഴ്ച പരേതൻെറ സഹോദരപുത്രൻ വളമംഗലത്തു പെ ബ യൗസേപ്പച്ചൻെറ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരകർമ്മം നടന്നു.

R. I. P.

## പ്രതിഷേധയോഗങ്ങൾ

(5-ാംപേജ് തുടർച്ച)

**മരുതോങ്കര:** വടക്കേ മലബാറിൽ മരുതോങ്കര സെൻററിൽ വച്ചു നാനാജാതിമതസ്ഥരുടെ ഒരു വമ്പിച്ച പ്രതിഷേധയോഗം ജൂലൈ 7-ാം തീയതി ഞായറാഴ്ച പകൽ 11 മണിക്കു് ശ്രീ ഇ കെ കെ രാജ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ കൂടി. മി പി ജെ സെബാസ്ത്യൻ പ്രസംഗിച്ചു. പ്രതിഷേധപ്രമേയങ്ങൾ അവതരിപ്പിച്ചതു യോഗം ഐകകണ്ഠ്യേന പാസ്സാക്കി.

**പേരാവൂർ:** പേരാവൂരിലും പരിസരത്തുമുള്ള നാനാജാതിമതസ്ഥരുടെ ഒരു മഹായോഗം ജൂലൈ 4-ാം തീയതി നാലുമണിക്കു് തൊണ്ടിയിൽവച്ചു് ശ്രീ എ സി. കുര്യാക്കോസ് ബി എ ബി ടി അവർകളുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. മെ: സത്യാനന്ദവൈദ്യൻ, പാമ്പൻ മാധവൻ (കണ്ണൂർ) എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം സർവ്വസമ്മതമായി പാസ്സാക്കുകയുംചെയ്തു.

**പുല്ലുവിള:** ഈ ഡിസ്ട്രിക്റ്റിൽ ചേന്ന കൊല്ലങ്കോട്ടു്, പരിത്തിയൂർ, പൂവാർ, കരിങ്കുളം, കൊച്ചുതുറ, ചിന്നമാത്താണ്ഡന്തുറ, ലൂർദ്ദപുരം, പള്ളം, അടിമലത്തുറ നിവാസികളായ ആയിരക്കണക്കിൽ വരുന്ന ഒരു ജനം ജൂലായി 14-ാം തീയതി ഞായറാഴ്ച സായാഹ്നത്തിൽ പുല്ലുവിള പള്ളിമൈതാനത്തിൽ പ്രതിഷേധയോഗംകൂടി. ശ്രീ സത്യനേശൻ ആദ്ധ്യക്ഷംവഹിച്ചു. മെ: വി രാജൻ, ജ്ഞാനവാദ്ധ്യാർ എന്നിവർ പ്രസംഗിച്ചു. അനന്തരം പ്രമേയം അവതരിപ്പിച്ചു ഐകകണ്ഠ്യേന പാസ്സാക്കി

**ചിറക്കൽ:** വിദ്യാഭ്യാസബില്ലിനോടുള്ള പ്രതിഷേധം പ്രകടിപ്പിക്കുവാൻ സ്ഥലത്തെ കച്ചവടക്കാർ ജൂലൈ 12-ാം തീയതി വെള്ളിയാഴ്ച ഹർത്താൽ ആചരിച്ചിരിക്കുന്നു.

**ഇടപ്പോൺ:** മൗലികാവകാശദ്ധ്വംസകവും പിഞ്ചുശിശുക്കളുടെ മനസ്സിൽ കമ്മ്യൂണിസ്റ്റാദർശവിഷബീജങ്ങൾ കുത്തിവയ്ക്കുന്നതിനു കളമൊരുക്കുന്നതിനു ഉദ്ദേശിച്ചുകൊണ്ടുള്ളതുമായ കേരളാഗവൺമെൻറിൻെറ വിദ്യാഭ്യാസബില്ലിനെ പ്രതിഷേധിക്കാനായി ഇടപ്പോൺ ഇടവകയുടെ ആഭിമുഖ്യത്തിൽ പട്ടോട്ടിൽ ശ്രീ ഉമ്മുമ്മൻ അവർകളുടെ അദ്ധ്യക്ഷതയിൽ ജൂൺ 30-ാം തീയതി ഒരു പൊതുയോഗംകൂടി. ശ്രീ ബേബി വഴനപ്പുഴ അവതരിപ്പിച്ച പ്രമേയങ്ങൾ സഭ ഐകകണ്ഠ്യേന പാസാക്കി.

**വെട്ടിയാർ:** വെട്ടിയാറും പരിസരങ്ങളിലുമുള്ള പൊതുജനങ്ങളുടെ ഒരു യോഗം റവ ഫാദർ കോശി ഒ ഐ സി അവർകളുടെ അദ്ധ്യക്ഷതയിൽ ജൂൺ 30-ാം തീയതി ഞായറാഴ്ച കൂടി. കേരളാഗവമ്മെൻറിൻെറ വിദ്യാഭ്യാസനയത്തിൽ പ്രതിഷേധിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ പുത്തൻകളിക്കൽ ശ്രീ ചാക്കോ കുരുവിള അവതരിപ്പിച്ചതു സദസ്യർ ഐകകണ്ഠ്യേന പാസാക്കി.


**കല്ലോടി:** വിവിധ സമുദായത്തിൽപ്പെട്ട സ്ഥലനിവാസികളുടെ ഒരു പൊതുയോഗം വയനാട്ടു ഡി സി സി മെമ്പർ ശ്രീ പി കുഞ്ഞുരാമൻനായരുടെ അദ്ധ്യക്ഷതയിൽ ജൂൺ 30-ാം തീയതി ഇവിടെവച്ചു സമ്മേളിച്ചു് ന്യൂനപക്ഷസമുദായങ്ങളുടെ ന്യായമായ അവകാശങ്ങളെ ധ്വംസിക്കുന്ന കേരളാകമ്മ്യൂണിസ്റ്റു് ഗവമ്മെൻറിൻെറ വിപ്ലവകരമായ വിദ്യാഭ്യാസനയത്തെ ശക്തിയായി പ്രതിഷേധിക്കുന്ന പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസാക്കി.

**കുളത്തുവയൽ:** കേരളാഗവമ്മെൻറിൻെറ വിദ്യാഭ്യാസബില്ലിൽ പ്രതിഷേധിക്കുതിനായി റവ ഫാദർ സി ജെ വക്കിയുടെ അദ്ധ്യക്ഷതയിൽ സ്ഥലം പള്ളിമൈതാനത്തുവച്ചു കൂടിയ പൊതുയോഗത്തിൽ നാനാജാതിമതസ്ഥരായ രണ്ടായിരത്തിൽപ്പരം ആളുകൾ പങ്കുകൊണ്ടു ശ്രീമാന്മാരായ മാത്യു കാപ്പൻ ബി എ, സി വി ദേവസ്യാ എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയങ്ങൾ ജനാബ് എം പി മൊയ്തുസാഹിബ് അവതരിപ്പിച്ചതു സഭ ഐകകണ്ഠ്യേന പാസാക്കി.

**കാരിച്ചാൽ:** വീയപുരം പഞ്ചായത്തു പ്രസിഡണ്ടു് ശ്രീ പി സി ജോസഫിൻെറ അദ്ധ്യക്ഷതയിൽ കാരിച്ചാൽ സെൻറു മേരീസ് മിഡിൽസ്കൂളിൽവെച്ചു സ്ഥലത്തെ യാക്കോബായ-മാർത്തോമ്മാ കത്തോലിക്കാ സമുദായങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ജൂൺ 3-ാംനു- ഞായറാഴ്ച കൂടിയ പൊതുയോഗത്തിൽ ശ്രീമാന്മാരായ കെ എം മാത്യു ബി എസ്സ്സി, ഏ വറുഗീസ് എന്നിവർ പ്രസംഗിക്കയും പ്രതിഷേധപ്രമേയങ്ങൾ യോഗം ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

**കട്ടിപ്പാറ:** ജൂലൈ 7-ാംതീയതി സ്ഥലം സ്കൂൾഹാളിൽവച്ചു് റവ. ഫാദർ എം സി തോമസിൻെറ അദ്ധ്യക്ഷതയിൽ ഒരു പ്രതിഷേധയോഗം കൂടി. ശ്രീ ജോസഫ് തെക്കേമുറിയിൽ, ശ്രീ ജോൺ മാത്യു എന്നിവർ പ്രസംഗിച്ചു. ശ്രീ പി ജെ സിറിയക്കു് അവതരിപ്പിച്ച പ്രമേയം യോഗം ഏകകണ്ഠമായി അംഗീകരിക്കുകയും ചെയ്തു.

—o—



# ചെറുകഥ

## കണ്ണീരും പുഞ്ചിരിയും

(പി. വി. ജോസ്, പട്ടണക്കാട്)

"ഞാനിപ്പം കരയുമേ...ഓ... എന്നോടു മിണ്ടത്തില്ല......നാൻ കരയുമേ...മൂ...മൂ...."

ആ പിഞ്ചുകുഞ്ഞു കരയുവാൻ തുടങ്ങി. ആരോടാണ് അവൻ ഇത്ര പിണക്കത്തിൽ സംസാരിക്കുന്നത്. ഉണ്ണീയോടു്; അവന്റെ കൊച്ചുസ്നേഹിതനോട്

ഉയരംകൂടിയ ആ ബലിപീഠത്തിൽ അവനെങ്ങിനെ കയറിപ്പററി? അവനെന്തു ചങ്കുറപ്പ്, ആ ദിവ്യസിംഹാസനത്തിന്റെ തിരശ്ശീലകൾ മാററി ആ ഇരുമ്പുപലകകളിൽ മുട്ടിവിളിക്കുവാൻ?

ചെങ്കുങ്കുമം പൂശിയ കവിൾത്തടങ്ങളിൽക്കൂടി കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടു്. അവനതു പുറംകൈകൊണ്ടു തുടച്ചു. എന്നിട്ടും അവൻ വിളി നിറുത്തിയില്ല.

"ഉണ്ണീയേ! ന്റെ പൊന്നുണ്ണീയേ...എന്നോടു മിണ്ടൂല്ലേ?......ഓ...നാൻ പിന്നങ്ങുമേ......എന്നോടു പിണക്കാണോ?... ...?"

നിശ്ശബ്ദത.

"എന്താ ഉണ്ണീ മിണ്ടാത്തെ?" അവനു സംശയം മുററിവന്നു. "ഉണ്ണീ ഉറക്കമായോ; വിളക്കു കത്തിച്ചില്ലേയുള്ളൂ. അതിനുമുൻപു ഉറക്കായോ...? അതോ ഉണ്ണീ വീടുംപൂട്ടി പുറത്തുപോയോ, നടക്കാൻ. എന്താണിത്രയും വൈകുന്നതു്. ഇരുട്ടീയല്ലോ? ഉണ്ണീക്കു പേടിയാവൂല്ലേ..."?

വിചാരപരമ്പരകൾ അവനെ തെല്ലിട അവിടെത്തന്നെ ഇരുത്തി. ആ കൊച്ചുബാലൻ കരയുകയാണ്.

സ്നേഹം!—സ്നേഹം എവിടെയുണ്ടോ അവിടെ കണ്ണീരുണ്ടു്. വിശ്വാസം എവിടെയുണ്ടോ അവിടെ കണ്ണീരു കാണും. സ്നേഹവും വിശ്വാസവും ഒത്തുചേർന്നാൽ കണ്ണീരിന്റെ പ്രളയമാണ്. സ്നേഹിക്കുകയും വിശ്വസിക്കപ്പെടുകയും ചെയ്യുക. പരിപൂർണ്ണമായും അതു സാധിച്ചാൽ വേദനയും യാതനയും അനുഭവിക്കുന്ന ജീവിതം, കണ്ണീരിൽ കുതിർന്ന ജീവിതം, ആനന്ദമായി. പ്രയാസങ്ങളില്ല; ആവലാതികളില്ല. മധുരിക്കുന്ന സ്മരണകൾ! മധുരിക്കുന്ന കണ്ണുനീർ! അതുമാത്രം അവശേഷിക്കും. അവിടെനിന്നും "എന്താണു ജീവിതം?"എന്നതിനു ഉത്തരം കിട്ടും.

സ്ഥിരമായ അവന്റെ വിശ്വാസമല്ലാതെന്താണ് അവനെ അവിടെ കയററിയിരുത്തി മുട്ടിവിളിപ്പിക്കുന്നതു്—കരയിപ്പിക്കുന്നതു്. ആ പിഞ്ചുഹൃദയത്തിന്റെ കൊച്ചുകോണുകളിൽ ആ ദിവ്യസ്നേഹിതനെ—അവന്റെ ഉണ്ണീയെ അവൻ സൂക്ഷിച്ചിരുന്നു.

അന്നു—ആദ്യമായി തന്റെ കൊച്ചുസ്നേഹിതനെ സ്വീകരിച്ച അന്നു—വളരെ നാളുകളായില്ല, രണ്ടുമാസം കഴിഞ്ഞിരിക്കും, അന്നവൻ ഹൃദയംകുളിർക്കെ ആനന്ദിച്ചു. അവന്റെ ജീവിതത്തിൽ അവനൊരു സ്നേഹിതനുണ്ടായി. സ്നേഹിക്കുവാൻ അറിയാവുന്ന ഒരു കൊച്ചുസ്നേഹിതൻ—ഹൃദയരക്തംപോലും സ്നേഹത്തിനുവേണ്ടി ഊററിത്തരുവാൻ സന്നദ്ധതയുള്ള ഒരു ദിവ്യസ്നേഹിതൻ. അന്നവൻ ഉണ്ണീയോടു സംസാരിച്ചു, ഹൃദയംതുറന്നു്.

അന്നു്, ദിവ്യകാരുണ്യം നാവിൽവച്ചു നുണഞ്ഞുകൊണ്ടു് പള്ളിക്കെ അവനൊന്നു പുഞ്ചിരിച്ചു; അവന്റെ ഹൃദയം പൊട്ടിപ്പൊട്ടി ചിരിച്ചു. തന്റെ ഹൃദയത്തിൽ വന്നെത്തുന്ന ദിവ്യനാഥനോട് പറയുവാനുള്ളതും അപേക്ഷിക്കുവാനുള്ളതും അവൻ തയ്യാറാക്കിയിരുന്നു. തലേദിവസം, ആ പുലരാൻ താമസംതോന്നിയ രാത്രി മുഴുവൻ അവനതു കാണാപ്പാഠമാക്കുകയായിരുന്നു.

ആ കുഞ്ഞുമുട്ടുകൾ നിലത്തൂന്നി, കുഞ്ഞുകൈകൾ കൂപ്പിപ്പിടിച്ച്, ചുണ്ടത്തു പുഞ്ചിരിയുമായി അവൻ ഈശോയോടു സംസാരിച്ചു.

"ന്റ ഈശോയേ....എനിക്കപ്പനില്ല...അപ്പച്ചൻ മരിച്ചുപോയി. ന്റമ്മച്ചിക്കു നാൻ മാത്രേ ഉള്ളൂ...എനിച്ചു വേറെ ആരും ഇല്ലേ...എന്റെ പൊന്നമ്മച്ചിക്കു സൂക്കേടു വരത്തല്ലേ. ഞങ്ങക്ക് എന്നും ചോറുതരണേ! അമ്മച്ചീം ഞാനും പാവാണേ. ..."

അവൻ അവന്റെ പ്രയാസങ്ങൾ—വേദനകൾ—അമ്മച്ചി പറഞ്ഞുകൊടുത്തതു മുഴുവൻ അപേക്ഷിച്ചു. ഉണ്ണീ അതു മുഴുവനും കേട്ടുകാണും.

അന്നു് അമ്മച്ചി പറഞ്ഞുകൊടുത്തു: "മോനേ! ഇന്നു ഉണ്ണീ നിന്റെ ചങ്കിന്റെ ചങ്കിൽ വന്നിരിക്കുകയാണ്. പാപം ചെയ്യരുതു്. ചെയ്താൽ ഉണ്ണീ പിണങ്ങിപ്പോകും; ഓടിപ്പോകും. ഇന്നു നിന്റെ ഹൃദയത്തിൽ വന്നിരിക്കുന്ന ഉണ്ണീ നിന്റെ കുഞ്ഞുസ്നേഹിതൻകൂടിയാണ്. ഒരു നല്ല സ്നേഹിതൻ നിന്റെകൂടെ ഉള്ളപ്പോൾ എന്തിനാ ഈ ചീത്ത കൂട്ടുകെട്ടുകൾ. അവരോടു കൂട്ടുകൂടരുതു്. നീ നിന്റെ ഉണ്ണീയോടുകൂടി കൂട്ടുകൂടിയാൽമതി. നിനക്കു സങ്കടമുണ്ടാകുമ്പോൾ ഈശോയോടു ചെന്നു കരഞ്ഞുകൊണ്ടു് അപേക്ഷിച്ചാൽ നിനക്കാവശ്യമുള്ളതൊക്കെ തരും; മറക്കരുതു്. പാപം ചെയ്താൽ ഈശോ പിണങ്ങിപ്പോകുമേ......"

അതെ, അന്നത്തെ അമ്മച്ചിയുടെ വാക്കുകൾ ഇന്നും അവൻ സൂക്ഷിക്കുന്നുണ്ടു്. "സങ്കടം വരുമ്പോൾ ഈശോയോടു കരഞ്ഞുകൊണ്ടു പ്രാർത്ഥിക്കണം." അതാണ്, ആ വാക്കുകളാണ്, ഇന്നവനെ അവിടെ കയററി ഇരുത്തിയതു്.

"ഉണ്ണീയേ!......മൂ......" അവൻ ആ കുഞ്ഞുകണ്ണുകൾ പൊത്തി കരയുവാൻതുടങ്ങി. "മൂ...നാൻ കരയുമേ!...മൂ...ഉണ്ണീ എന്നോടു പിന്നക്കാണോ......അയ്യോ....ഉണ്ണീ അമ്മച്ചീടെ അടുത്തു ആരും ഇല്ല. നാൻ പോവാ.."

അവൻ താഴത്തിറങ്ങി തിരിഞ്ഞുനടന്നു. വീണ്ടുമവൻ പുറകോട്ടു തിരിഞ്ഞുനോക്കി. ഇല്ല. ഉണ്ണീ ഉണർന്നിട്ടില്ല. ഈ മാലാഖയോടു പറഞ്ഞിട്ടുപോകാം. അവൻ തിരികെ ദൈവദൂതന്റെ രൂപക്കൂടിനരികത്തേക്കു നടന്നു.

"ന്റ മാലാഖേ, ഉണ്ണീശോ വരുമ്പം പറേണേ, നാൻ വന്നെന്നു്. എന്റമ്മച്ചിക്ക് സൂക്കേടാണ്. അങ്ങോട്ടൊന്നുവന്നു് അമ്മച്ചീട സൂക്കേടു മാററാൻ പറയണം. എട്ടോ..."

ആ ദൈവദൂതൻ തലകുലുക്കി സമ്മതിച്ചപോലെ തോന്നി. അവൻ ഒട്ടും താമസിച്ചില്ല. വീട്ടിലേക്കു തിരിച്ചോടി. ഇരുട്ടു വ്യാപിച്ചുകഴിഞ്ഞു.

അമ്മ തന്റെ ഓമനമകനെ കാണാതെ വിളിതുടങ്ങിട്ടു കുറച്ചു നേരമായി.

"അവൻ എവിടെപ്പോയി. എന്റെ പൊന്നുമോനേ, ജോയിച്ചാ! അമ്മച്ചിക്കാരുണ്ടടാ ..."

ഇതു കേട്ടുകൊണ്ടുവന്ന ജോയി അമ്മച്ചിയുടെ കട്ടിലിനരുകിൽ ചെന്നുനിന്നു്, "എന്നാമ്മച്ചി; അമ്മച്ചിക്കെന്നാ? നാൻ ഈശോയോടു പറഞ്ഞമ്മച്ചി. ഈശോ വരുമ്പം അമ്മച്ചീടെ സൂക്കേടു പോകും..."

ആ സ്നേഹംനിറഞ്ഞ മാതാവ് ഓമനമകനെ കെട്ടിപ്പിടിച്ചു ഉമ്മവച്ചു. മധുരിക്കുന്ന ഒരു കണ്ണുനീർ ചാലു് ആ ചുളിവാർന്ന കവിൾത്തടങ്ങളിൽ തട്ടി താഴത്തുവീണു. ആ രംഗം കണ്ടുനില്ക്കുവാൻ പ്രകൃതിക്കുപോലും കഴിഞ്ഞില്ല. ഓമനമകന്റെ കുഞ്ഞുകൈകൾ ആ നനഞ്ഞ കവിളത്തൂടെ നീങ്ങിയപ്പോൾ പൊള്ളുന്ന ചൂടിൽ വെന്തിരുന്ന ആ മാതൃഹൃദയത്തിനു് കുളിരു തോന്നിട്ടുണ്ടാവണം.

ജോയിമോൻ വിളക്കു കൊളുത്തി. ആ മങ്ങിയ വെളിച്ചത്തിൽ അവൻ അവന്റെ പൊള്ളുന്ന അമ്മച്ചിയെ കണ്ടു.

"മോനേ! ജോയിച്ചാ, മോൻ കുരിശുവരച്ചിട്ടു് അങ്ങേതിൽച്ചെന്നു ഇത്തിരി കഞ്ഞി വാങ്ങി കുടിക്കൂ കേട്ടോ?"

"അപ്പോ, അമ്മച്ചിക്കോ?"

"അമ്മച്ചിക്കു വേണ്ട. വല്ല്യമ്മോടുചെന്നു് മോനു് ഇച്ചിരി കഞ്ഞി തരാൻ പറഞ്ഞാൽ വല്ല്യമ്മ തരും. കേട്ടോ?"

"വേണ്ടമ്മച്ചി, എൻറീശോ ഇപ്പംവരും. ആ മാലാഖ കൂട്ടിക്കൊണ്ടുവരും. ഉണ്ണീ വരുമ്പം നാൻ ഇല്ലങ്കി ഉണ്ണീ പിണങ്ങിപ്പോകും. എനിച്ചു വേണ്ട കഞ്ഞി."

"............"

"............"

"ഏ...ലീ...ീ...ീ" ആരോ പുറത്തുനിന്നും വിളിച്ചു.

എന്തൊരു ചന്തമാണ്
മനോഹരങ്ങളായ വസ്ത്രങ്ങളാണ്
ആ കുട്ടികളെ ഇത്രയും
അഴകുള്ളവരാക്കിത്തീർക്കുന്നതു്
പാറിപ്പറക്കുന്ന പൂമ്പാററകളെപ്പോലെ പള്ളിക്കൂടങ്ങളിലേക്കും മററും പോകുന്ന ആ കുട്ടികളെ കാണാൻ എന്തൊരു ചന്തമാണ്
നിങ്ങൾക്കാവശ്യമുള്ള എല്ലാതുണിത്തരങ്ങൾക്കും ഞങ്ങളെ സമീപിക്കുക
ഫാഷൻ ഫാബ്രിക്സ്,
മൻസിപ്പൽ ഓഫീസ് റോഡ്,
തൃശ്ശൂർ

ആദ്ധ്യാത്മികവീഥി

## പ്രേഷിതവേല

ദൈവത്തിന്റെ വത്സലമക്കളേ,

പ്രേഷിതവേലയിൽ ഒരു പ്രധാനഘടകം സന്മാതൃകയാണെന്നു കഴിഞ്ഞ മാർച്ചിൽ എഴുതിയിരുന്ന കാര്യം നിങ്ങൾ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലോ. അതിനെത്തുടർന്നാണ് വൈദികരെ കൂടാതെ മതപരിവർത്തനശ്രമം പുരോഗമിക്കയില്ലാത്തതിനാൽ എല്ലാവിധത്തിലും ദൈവവിളി പ്രോത്സാഹിപ്പിക്കേണ്ടതാണെന്നു സമർത്ഥിക്കുകയും അതിനുള്ള ഏതാനും മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തതു്.

ഇനി മതപ്രചാരണവേലയിൽ അൽമായർ വഹിക്കേണ്ട ഭാഗത്തെപ്പററി സ്വല്പം ചിന്തിക്കാം. വേട്ടയ്ക്കു പോകുന്നവർ പ്രത്യേക പരിശീലനം നൽകിയിട്ടുള്ള നായ്ക്കളെക്കൂടി തങ്ങളുടെ സഹായത്തിനായി കൊണ്ടുപോകാറുണ്ടു്. വേട്ടക്കാരനു കയറിച്ചെല്ലാൻ നിവൃത്തിയില്ലാത്ത സ്ഥലങ്ങളിൽ നായ്ക്കൾ നിഷ്പ്രയാസം കയറിച്ചെന്നു മൃഗങ്ങളെ ഇളക്കി വെടിവയ്ക്കാൻ സൗകര്യമുള്ള സ്ഥലങ്ങളിലേക്കു ആനയിക്കുന്നു. ഇങ്ങനെ തന്റെ മുൻപിൽ പ്രത്യക്ഷപ്പെടുന്ന മൃഗങ്ങളെ വെടിവച്ചുവീഴ്ത്തേണ്ട ഭാരമേ വേട്ടക്കാരനുള്ളൂ.

നമ്മുടെ കർത്താവിനുവേണ്ടി ആത്മാക്കളെ വേട്ടയാടിപ്പിടിക്കേണ്ട വേട്ടക്കാരൻ വൈദികനാണെങ്കിൽ അദ്ദേഹത്തെ സഹായിക്കേണ്ട വേട്ടപ്പട്ടികൾ അൽമായരാണ്. വൈദികനു പ്രവേശിക്കാൻ നിവൃത്തിയില്ലാത്ത പല സ്ഥലങ്ങളിലും അൽമായർക്കു നിഷ്പ്രയാസം കയറിച്ചെല്ലാം. വേണമെന്നുണ്ടെങ്കിൽ അന്യമതക്കാരോടു പരിപാവനമായ ക്രിസ്തുമതത്തെക്കുറിച്ചു സംസാരിക്കുന്നതിനും അവർക്കു കഴിയും. ആത്മാർത്ഥമായ സംസാരത്തിന്റെ ഫലമായി മാനസാന്തരപ്പെടുന്നതിനുള്ള ആഗ്രഹം അവർക്കുണ്ടാകുന്നപക്ഷം അവരെ വേണ്ടവണ്ണം പഠിപ്പിച്ച് ബാക്കി കാര്യങ്ങൾ ചെയ്യുന്നതിനായി വൈദികരുടെ പക്കലേക്കു ആനയിച്ചാൽമതി. അവർ ആവശ്യമുള്ള സംഗതികളെല്ലാം പറഞ്ഞു മനസ്സിലാക്കി വേണ്ടതെല്ലാം ചെയ്തുകൊള്ളും.

സഭയുടെ ആരംഭഘട്ടത്തിൽ ഓരോ അൽമായക്രിസ്ത്യാനിയും ഇതരമതക്കാരോടു പുതിയ വേദത്തെക്കുറിച്ചു സംസാരിക്കയും അതിലേക്കു ചേരുന്നതിനു് അവരെ മനസ്സാക്കുകയും ചെയ്തിരുന്നു. അന്നു ക്രിസ്തുമതം അതിവേഗം പ്രചരിക്കുന്നതിനുള്ള പ്രധാനകാരണങ്ങളിൽ ഒന്നു അതായിരുന്നു. ഇന്നും സഭ കാര്യമായി പുരോഗമിക്കണമെങ്കിൽ അൽമായരുംകൂടി അതിനായി മുന്നോട്ടിറങ്ങി പരിശ്രമിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഇപ്പോൾ അക്കാര്യത്തിൽ വലിയ വിമുഖതയാണു കണ്ടുവരുന്നതു്. അതു ക്ഷന്തവ്യമാണോ? ഉത്തരം അടുത്തതിൽ.

എന്നു
പ്രാർത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവ്

"ആരാ മോനേ, നോക്കിക്കേ."

ജോയി വാതിൽ തുറന്നു. ഒരു സൂട്ടുധരിച്ച മനുഷ്യൻ ജോയിച്ചനെ വാരിയെടുത്തു.

"അമ്മച്ചി എവിടെ, മോനേ?"

"അമ്മച്ചിക്കു സൂക്കോല്ല. കെടക്കുവാ." ഉത്തരം പറയുവാൻ മടിച്ചെങ്കിലും അവൻ പറഞ്ഞു. അവൻ ചിന്തിച്ചുപോയി, ഒരു സായിപ്പിനെപ്പോലെ, ആരായിതു്.

അവർ അകത്തേക്കു നീങ്ങി. കൂട്ടത്തിൽ ഒരു പ്രായംചെന്ന മനുഷ്യനും.

ഏലിച്ചേട്ടത്തി കിടക്കയിൽ നിന്നും എഴുന്നേല്ക്കുവാൻ ശ്രമിച്ചു. പക്ഷെ അതു സാധിച്ചില്ല.

"അയ്യോ! ഇതാരാ, ബേബിച്ചനോ? അപ്പച്ചനും ഉണ്ടല്ലോ! മാത്തുച്ചേട്ടാ, ഒന്നു ഇരിക്കുന്നതിനു മാററിയിട്ടുതരുവാൻപോലും എനിക്കാവതില്ല."

"ഓ. എന്തിനാ ഏലി. ഞാൻ ഇവിടെ ഇരുന്നുകൊള്ളാം" ആ പ്രായംചെന്ന മനുഷ്യൻ ആ കട്ടിലിൽതന്നെ ഇരുന്നു. "നിനക്കെന്തുപററി; എന്നിട്ടെന്തേ എന്നെ അറിച്ചില്ല?"

"ചേട്ടനെ എന്തിനു വിഷമിപ്പിക്കുന്നെന്നു കരുതി..."

"ആ, അതു കൊള്ളാം. നീ പോയാൽ ഇവനാരുണ്ടെടീ. ബേബി. ഏലിക്കെന്താന്നു്, നോക്കു."

പുതിയ എം. ബി. ബി. എസ്. കാരന്റെ ആദ്യത്തെ രോഗി!

ഡോക്ടർ ബേബി കട്ടിലിനരുകിൽ ഇരുന്നുകൊണ്ടു്, "അമ്മച്ചി" എന്നു വിളിച്ചപ്പോൾ ചങ്കിന്റെ പരിസരങ്ങളിൽ ഒരു കുളിരുകാററു വീശുന്നതുപോലെ ഏലിക്കു തോന്നി.

"മോനേ! ബേബിച്ചാ, വർഷങ്ങൾ കുറെയായി ഈ സ്വരം ഞാൻ കേട്ടിട്ടു്. ഇന്നെനിക്കു ആനന്ദമായി. മോനേ, ബേബിച്ചാ..."

ആ പ്രായംചെന്ന മനുഷ്യൻ തന്റെ മൂക്കത്തെ കണ്ണടയെടുത്തു്, ആ കുഴിഞ്ഞ കണ്ണുകളിൽനിന്നു അടരുന്ന വെൺമുത്തുകളെ തുടച്ചു.

ഡോക്ടർ ബേബി തെർമോമീററർ വായിക്കുമ്പോഴും ഭൂതകാലസംഭവങ്ങൾ അതിൽക്കൂടെ കാണുകയായിരുന്നു. അന്നു്, അമ്മച്ചിയെ പനിനോക്കിയ ഡോക്ടർ ഒന്നും പറയാതെ മുറിവിട്ടുപോയി. അന്നും ഏലിച്ചേട്ടത്തി എന്റടുത്തു നിൽപ്പുണ്ടായിരുന്നു. അന്നു് ആദ്യമായി കരഞ്ഞതു് ഏലിച്ചേട്ടത്തിയാണ്. എല്ലാം തീർന്നു. എനിക്കമ്മച്ചിയില്ലാതായി. എന്നിട്ടും ഞാൻ വളർന്നു; എന്നെ വളർത്തി. തെററും ശരിയും ഞാൻ പഠിച്ചു; എന്നെ പഠിപ്പിച്ചു. എന്റെ ഹൃദയവേദനകൾ മാഞ്ഞു. ഞാൻ വളർന്നു; എന്നെ വളർത്തി. ആരാ? ഈ കിടക്കുന്ന സാധുസ്ത്രീ! അതെ എന്റെ വളർത്തമ്മ!

രോഗവിവരക്കത്തുകൾ
അയക്കേണ്ട വിലാസം:-
കാളൻവൈദ്യൻ,
നെല്ലായി (S. India)

ഞാൻ ഉപരിപഠനത്തിനുപോയി. ഒരു ഡോക്ടറാകാനുള്ള ആഗ്രഹം. തെർമോമീററർ വായിച്ചു പറയുവാൻ പഠിക്കണം. പഠിച്ചു. ബിരുദങ്ങൾ സമ്പാദിച്ചു. എനിക്കിന്നു് മരണത്തിന്റെ പിടിയിൽനിന്നും സാധുക്കളെ പിടിച്ചു പറിച്ചെടുക്കുവാനറിയാം.........

"എന്താ ബേബി, നീ ഒന്നും മിണ്ടാതിരിക്കുന്നേ?"

"ഓ, ഒന്നുമില്ലപ്പച്ചാ. ഞാൻ ഈ തെർമോമീറററിൽക്കൂടെ എന്റെ അമ്മച്ചിയെ ഒന്നു നോക്കിപ്പോയി."

"എന്താ പനി കൂടുതലുണ്ടോ?"

"ഓ, സാരമില്ല. അമ്മച്ചിയെ വീട്ടിലേക്കു കൊണ്ടുപോകാം. എന്താ, അപ്പച്ചന്റെ അഭിപ്രായം?"

"അതിനെന്താ, വളരെ നല്ലതു്. ഏലി, ബേബി ഇന്നു വന്നതേയുള്ളൂ. വന്നയുടനെ ഏലിയെ ചോദിച്ചു ഞാൻ വാസ്തവത്തിൽ നിന്റെ കാര്യം മറന്നുപോയിരു

ചരിത്രകഥ

# ആ നോട്ടം!

(ചാരുമ്മൂട്)

കൊടിയ കൊള്ളക്കാരൻ! ഘാതകരിൽ ഘാതകൻ! ഭയങ്കര അക്രമി! അനേകരെ അവൻ നിർദ്ദയം കൊന്നിട്ടുണ്ടു്, കാട്ടുചെടികളരിഞ്ഞു് വഴിതെളിച്ചു് ഉൾക്കാട്ടിലേക്കു കയറുന്ന കാട്ടാളനു സമം. പലരുടേയും വകകൾ അവൻ പിടിച്ചുപറിച്ചിരുന്നു. ലോകം അവനെ ഭയപ്പെട്ടു. ഗവമ്മെൻറു് അവനെ പിടിക്കാൻ വളരെ പാടുപെട്ടു. പട്ടാളക്കാരിൽ പലരെയും അവൻ വകവരുത്തി. എങ്കിലും ഒടുവിൽ അവനെ പിടികൂടി, ഒരുകൂട്ടം പട്ടാളം. അവൻെറ കൈയിലും കാലിലും കനത്ത ചങ്ങലയിട്ടു് ഒരു മുറിയിൽബന്ധിച്ചു. അവനു രക്ഷപെടാൻ ഒരു മാർഗ്ഗവും ഉണ്ടായിരുന്നില്ല. അവനെക്കുറിച്ചു് അത്രവളരെ കരുതി. കൂട്ടിലടക്കപ്പെട്ട ഒരു കടുവായെപ്പോലെ മുരുമുരുത്തുകൊണ്ടു് അവൻ ആ മുറിയിൽ കഴിഞ്ഞു.

ആ ഘോരഘാതകനെ കൊല്ലുന്നതിനു് അധികാരികൾ വിധിച്ചു. ആ വിവരം അവൻെറ മുറിയിൽ എഴുതിവച്ചു, ഇന്നമാസം, ഇത്രാംതിയതി, ഇന്നസമയത്തു അവനെ വധിക്കും എന്നു്. മരണവേദനയെപ്പററി അവൻ ചിന്തിച്ചിരിക്കുമോ? ഓരോ നാഴികകഴിയുംതോറും മരണം അവൻെറ അടുക്കലേക്കടുത്തുചെന്നു. ഭയപ്പെടുത്തുന്ന ഒരു മഹാസത്വം പോലെ.

അങ്ങനെ ദിവസങ്ങൾ!—ഭയങ്കരദിവസങ്ങൾ! വായ്പൊളിച്ചു് നഖങ്ങൾ നീട്ടി തൻെറ നേക്കെടുത്തുചാടിയിരിക്കുന്ന മരണത്തിൻെറ പിടിയിൽനിന്നും രക്ഷപ്പെടാൻ ഒരു മാർഗ്ഗവും ഇല്ലാത്ത, മരണഭയസമയങ്ങൾ!

ശരീരത്തിൽനിന്നും വേദനപ്പെട്ടു വേദനപ്പെട്ടു്, ജീവൻ വിട്ടുപിരിയുന്ന ആ ഭയാനകസമയത്തെപ്പററി അവൻ ഓത്തിരിക്കണം! ഇഞ്ചിഞ്ചായി വേദനപ്പെട്ടുകൊണ്ടുള്ള മരണത്തെക്കുറിച്ചു്.

ആ ദിവസം!—അവനെ കഴുവേററുന്ന ദിവസം! അവനേററം ഭയങ്കരമായ—അവനെ മരണം ഞെക്കിഞെരുക്കി ശ്വാസം മുട്ടിക്കുന്ന ആ ദിവസത്തിൻെറ പുലരി! അല്പംകഴിയുമ്പോൾ അവനെ കൊലക്കളത്തിലേക്കാനയിക്കാൻ ആരാച്ചാർ വരും. അവനെ കൊണ്ടുപോകും. അങ്ങനെ ഇനി ഏതാനും നിമിഷങ്ങൾകൂടി കഴിഞ്ഞാൽ!— ഇല്ല,—അവൻ പിന്നെ ഈ ഭൂമുഖത്തില്ലാതെയാകും.

കാരാഗൃഹത്തിൻെറ വാതുക്കൽ കാൽപെരുമാററം!—അവൻ ശ്രദ്ധിച്ചു. അവൻെറ നാഴിക എണ്ണികഴിഞ്ഞു. അവൻെറ ഉള്ളിൽ എരിഞ്ഞുകൊണ്ടിരുന്ന അന്ത്യഗ്നിക്കു ചൂടേറി ആളിയാളിക്കത്തി. അങ്ങേയററം പാരവശ്യം തന്നെ ബാധിക്കുന്നു എന്നവനു തോന്നി.

അതേ!— കാൽപ്പെരുമാററം! വലിയ താക്കോലുമായി പട്ടാളക്കാർ! യാതൊന്നിനെക്കുറിച്ചും ഒരറിവും ഇല്ലാത്ത ഒരവസ്ഥയിൽ അവൻ അഗാധതയുടെ ആഴത്തിലേക്കു് ആഴ്ന്നുപോകുന്നതുപോലെ. കാരിരുമ്പഴികളുടെ ഓടാമ്പൽ വലിച്ചുതുറക്കപ്പെട്ടു. ഹാ! ഇനി എത്ര നിമിഷങ്ങൾ! മരണം! വേദനയുടെ പാരമ്യത്തിൽ കൂടിയുള്ള മരണം! ഹാ!

ആഗതരായ ഭടരിൽ ഒരുവൻ വ്യക്തമായി അവനോടു പറഞ്ഞു: "നിന്നെ ഗവർണ്ണരുടെ മുൻപിൽ ഹാജരാക്കാൻ അദ്ദേഹം ഉത്തരവായിരിക്കുന്നു."

"ഗവർണ്ണരുടെ മുൻപിലോ? കഴുമരത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്നതിനുപകരം, ഇനിയും ഗവർണ്ണരുടെ മുൻപിലേക്കോ?" അവൻ അല്പനേരം ചിന്താമഗ്നനായി നിന്നു.

പട്ടാളക്കാർ വീണ്ടും പറഞ്ഞു:- "നിന്നെ സ്വതന്ത്രനായിട്ടു വിടുകയാണു്. നിന്നെ വധിക്കുന്നില്ല!"

ആ വാക്കുകൾ എങ്ങനെ വിശ്വസിക്കും? അവനെ കബളിപ്പിക്കാനുള്ള ഒരു ഉപായം. അല്പം കഴിയുമ്പോൾ തന്നെ അവർ വധിക്കും. കൊലയ്ക്കുമുമ്പുള്ള സദ്യപോലെ ഒരു ആശ്വാസവാക്കു്! അവൻ വിചാരിച്ചു. നിശ്ചലം നിന്നു.

പട്ടാളക്കാർ വീണ്ടും പറഞ്ഞു:- "നിനക്കു വിശ്വാസം ആകുന്നില്ലേ? നിന്നെ സ്വതന്ത്രനായി വിടുകയാണു്. വധിക്കുന്നില്ല!"

അത്ഭുതങ്ങളുടെ മാത്രമായ ഒരു ലോകത്തെന്നപോലെ അവൻ നിന്നുപോയി. അവൻെറ ജീവിതഗ്രന്ഥത്തിലെ ഓരോ അദ്ധ്യായങ്ങളും യാന്ത്രികമായെന്നവണ്ണം, താളുകൾ താളുകളായി ക്രമാനുഗതം മറിഞ്ഞുകൊണ്ടിരുന്നു. കൊല! കൊല! കൊലകൾ!! കൂട്ടക്കൊലകൾ! കവർച്ചകൾ! തീവെയ്പുകൾ! എല്ലാം എല്ലാം. കറുത്തിരുണ്ട ഭയാനകമായ പരിഭ്രമകുമ്പാരങ്ങളുടെ അദ്ധ്യായങ്ങളും താളുകളും. അവൻ ഓത്തു, "എന്നെ വെറുതെ വിടുകയോ? അതൊരിക്കലും സംഭവിക്കാൻ പോകുന്നില്ല." പട്ടാളക്കാരൻെറ വാക്കുകൾ അവനു വിശ്വസിക്കാൻ കഴിഞ്ഞില്ല. ഒരു സ്തംഭംപോലെ അവൻ നിന്നു.

പട്ടാളക്കാർ അവൻെറ വിലങ്ങുകൾ അഴിച്ചു. ആ ആനച്ചങ്ങല വലിയ ശബ്ദത്തോടെ ആ കട്ടംതറയിൽ പതിച്ചു. ആവൂ! അവൻ വിചാരിച്ചു: "ഇനി കൊന്നാലും തരക്കേടില്ല."

പട്ടാളക്കാരൻ അവനോടു വീണ്ടും പറഞ്ഞു: "നീങ്ങൾ ഒട്ടും സംശയിക്കേണ്ട, നിങ്ങളെ സ്വതന്ത്രനായി വിടുകയാണു്."

അവൻ ചോദിച്ചു: "ഇതെങ്ങനെ സംഭവിക്കും? ഞാനിതെങ്ങനെ വിശ്വസിക്കും? എന്നെക്കാൾ വലിയ ഒരു ഘാതകനുണ്ടോ? എന്നെ എങ്ങനെ വെറുതെ വിടാൻ കഴിയും?"

പട്ടാളക്കാരൻ പറഞ്ഞു: "നിങ്ങൾക്കുവേണ്ടി ഒരു നല്ല മനുഷ്യൻ മരിക്കുന്നു. നിങ്ങൾക്കു പകരം."

ആ ഘാതകൻ മുരണ്ടു: "ഒരു നല്ല മനുഷ്യൻ! ഒരു നല്ല മനുഷ്യൻ മരിക്കുന്നു! എനിക്കു വേണ്ടി! ഈ ഏ,നിക്കുവേണ്ടി! എന്നെ സ്വതന്ത്രനായി വിടുന്നതിനുവേണ്ടി! ഒരു നല്ല മനുഷ്യൻ!"

പട്ടാളക്കാരൻ അയാളെ ഗവർണ്ണരുടെ സന്നിധിയിലേക്കാനയിച്ചു. കോടതി! ആ ഘാതകൻ തല ഉയർത്തിനോക്കി. പ്രതിക്കൂട്ടിൽനിന്നും ഒരു നോട്ടം തൻെറ നേർക്കു. പ്രശാന്തസുന്ദരമെങ്കിലും, മ്ളാനവും കരുണാർദ്രവുമായ ഒരു നോട്ടം!

ആ ഘാതകൻെറ അന്തരംഗത്തിൽ ഒരുൾക്കിടുക്കം! പ്രതിക്കൂട്ടിൽനിന്നും ഉയർന്ന നോട്ടത്തിൻെറ ഉടമസ്ഥനെ അയാൾക്കു പരിചയമുണ്ടു്. തന്നെ സ്വതന്ത്രനാക്കാൻ, മരണത്തിൽനിന്നും തന്നെ രക്ഷിക്കുവാൻ, തനിക്കുവേണ്ടി മരണം ഏറെറടുത്തിരിക്കുന്ന മനുഷ്യൻ!

ഹാ! താൻ അക്രമം പ്രസംഗിച്ചു. പ്രവർത്തിച്ചു. തൻെറ മരണം ഏറെറടുത്തിരിക്കുന്ന ആളോ? ശാന്തിയും സമാധാനവും പ്രസംഗിച്ചു. ശത്രുവിനെ സ്നേഹിക്കാൻ, ശത്രുവിനുവേണ്ടി പ്രാർത്ഥിപ്പാൻ പഠിപ്പിച്ചു!

ശത്രുവിനെ അങ്ങേയററം പീഡിപ്പിക്കാൻ, നശിപ്പിക്കാൻ, കച്ചകെട്ടിയിറങ്ങി; കൊള്ളയും കൊലയും ഇടതടവില്ലാതെ പ്രവർത്തിച്ച തന്നെ സ്വതന്ത്രനാക്കാൻ മരണത്തിൻെറ കരാളവക്ത്രത്തിൽനിന്നും വലിച്ചെടുത്തു രക്ഷിക്കാൻ നിഷ്കളങ്കത മാത്രമായ ആ കുഞ്ഞാടു ബലിയാകുന്നു!

പ്രതിക്കൂട്ടിൽനിന്നും തന്നിൽ ആഞ്ഞുതറച്ച ആ നോട്ടം!—നസ്രായനായ ഈശോ!

ബറാബാസിൻെറ അന്തരംഗത്തിൽ ഒരു വലിയ കോളിളക്കം!

× × ×

അവർ ഈശോയെ അപമാനിക്കുന്നതും, പീഡിപ്പിക്കുന്നതും അയാൾ കണ്ടു. അങ്ങയുടെ ഉടുപ്പു് ശരീരത്തിലെ മുറിവുകളോടൊട്ടി രക്തമണിഞ്ഞു്, വേദനയാൽ അവശനായി, പരിഹസിതനായി അവിടുന്നു മുന്നോട്ടു നീങ്ങുകയാണു്, ഭാരമേറിയ കുരിശുമായി. ആ പച്ചത്തടിയുംവഹിച്ചു് കൂടെക്കൂടെയുള്ള അവിടുത്തെ വീഴ്ച! കുന്നിലേക്കുള്ള കയററം! അങ്ങയോടുചെയ്യുന്ന ക്രൂരതകൾ! ആ വമ്പിച്ച ജനക്കൂട്ടത്തിലൂടെ, സ്വശക്തി നശിച്ചവനായി, എന്തുചെയ്യണമെന്നറിയാൻ പാടില്ലാത്തവനായി, മൂകനായി, ബറാബാസും പിൻചെന്നു.

ആ കാഴ്ചകൾ ബറാബാസിൽ ഒരു പുതിയ മനുഷ്യനെ ജനിപ്പിച്ചിരിക്കണം! ഈശോയുടെ രക്തപങ്കിലമായ മുഖം! മ്ളാനമായ മുഖം! കരുണാർദ്രമായ മുഖം! തന്നെ ഒരിക്കൽക്കൂടി നോക്കുന്നതായി ബറാബാസിനു തോന്നി.

× × ×

ഈ ഞാനല്ലയോ, ആ ബറാബാസ്?

—o—

ന്നു. അന്വേഷിച്ചപ്പോൾ നിനക്കു സുഖമില്ലെന്നറിഞ്ഞു. ഉടനെ തന്നെ ഞങ്ങൾ ഇങ്ങോട്ടുപോന്നു. ഇനി നീ ഇവിടെ താമസിക്കണ്ടാ. വരൂ, വീട്ടിലേക്കു പോകാം. നിൻെറ മകൻ വന്നു. ഇനി അവൻെറകൂടെ ജീവിച്ചാൽമതി."

"..........."

"..... ....."

"........ ......"

ഒരു വറ്റാത്ത പുഞ്ചിരിയും രണ്ടു മധുരിക്കുന്ന കണ്ണുനീർച്ചാലുകളും ആ രോഗിണിയുടെ മുഖത്തു പ്രത്യക്ഷപ്പെട്ടു.

ജോയിച്ചൻ എല്ലാവരുടേയും മുഖത്തേക്കു പകച്ചുപകച്ചു നോക്കുന്നു.

—o—

# പുതിയ വിദ്യാഭ്യാസബില്ലിൽ

(മാങ്ങാനം ക്രൈസ്തവാശ്രമത്തിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന "അരുണോദയം" മാസികയുടെ 1957 ജൂലൈയിലെ പത്രാധിപക്കുറിപ്പ്.)

കേരളത്തിലെ വിദ്യാഭ്യാസമണ്ഡലത്തിൽ ദൂരവ്യാപകമായ മാററങ്ങൾ വരുത്തിക്കൂട്ടുന്ന ഒരു ബില്ലാണു് കേരളത്തിലെ വിദ്യാഭ്യാസ മന്ത്രി കൊണ്ടുവന്നിരിക്കുന്നതെന്നു് അല്പം ആലോചിക്കുന്ന ഏവക്കും മനസ്സിലാകുന്നതാണു്.

കഴിഞ്ഞ ഒന്നര ശതാബ്ദക്കാലത്തിലധികമായി മിഷനറിമാരും ക്രൈസ്തവസഭാവിഭാഗങ്ങളും ത്യാഗങ്ങൾ സഹിച്ചും ഉന്നതമായ പഠനശിക്ഷണമാനദണ്ഡങ്ങൾ പരിരക്ഷിച്ചും സാമ്പത്തികമായ പ്രതിഫലേച്ഛ ലേശവും ഇല്ലാതെയും രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ നിയമാനുസൃതം നിരവധി വിദ്യാലയങ്ങൾ നടത്തിക്കൊണ്ടു പോന്നതുകൊണ്ടാണു് കേരളം സാക്ഷരത്വത്തിൽ ഇൻഡ്യയിലെ ഇതരസംസ്ഥാനങ്ങളുടെ മുന്നിൽ നിലകൊള്ളുന്നതു. ഇൻഡ്യയിലെ വിദ്യാഭ്യാസപ്രചരണത്തിൽ വിദേശമിഷനറിമാരും ക്രൈസ്തവസഭാവിഭാഗങ്ങളെപ്പോലെയുള്ള സ്വകാര്യഏജൻസികളും നിർവഹിച്ചിട്ടുള്ള മഹത്തായ ദ്സവനങ്ങളെ അങ്ങനെയുള്ള സ്ഥാപനങ്ങളിൽ പഠിച്ചവരും അല്ലാത്തവരുമായ ഇൻഡ്യയിലെ പ്രമുഖനേതാക്കന്മാർ അംഗീകരിക്കുകയും പ്രശംസിക്കുകയും ചെയ്തുകൊണ്ടാണിരിക്കുന്നതു്.

വിദ്യാഭ്യാസമന്ത്രിതന്നെ ഒരു വിശദീകരണത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നതായി കാണുന്നു. "മാനേജരന്മാരുടേയും അദ്ധ്യാപകരുടെയും അവകാശങ്ങളെ നിജപ്പെടുത്തി ഇരുകക്ഷികൾക്കും ന്യായമായ പരിരക്ഷ നൽകണമെന്നു ദേശിച്ചുകൊണ്ടാണു ഗവമ്മെൻറു് വിദ്യാഭ്യാസബിൽ അവതരിപ്പിച്ചിട്ടുള്ളതു്. സേവനബുദ്ധിയോടുകൂടെ കഴിഞ്ഞ എത്രയോകൊല്ലം വിദ്യാഭ്യാസരംഗത്തു് പ്രവർത്തിക്കയും ഇനി പ്രവർത്തിക്കാൻ ഉദ്ദേശിച്ചിരിക്കയും ചെയ്തിട്ടുള്ള എല്ലാ ഏജൻസികളോടും ഗവമ്മെൻറിനു കൃതജ്ഞതയുണ്ടു്. ആ ഏജൻസികളെ ഏതെങ്കിലും വിധത്തിൽ നിരുത്സാഹപ്പെടുത്താൻ ഈ ബില്ലുകൊണ്ടു ദ്ദേശിക്കുന്നില്ല." ഞങ്ങൾ മുമ്പൊരിക്കൽ പ്രസ്താവിച്ചതുപോലെ അദ്ധ്യാപകരുടെ ക്ഷേമത്തെ പരിരക്ഷിക്കുവാനുള്ള ഗവമ്മെൻറിൻെറ താല്പര്യത്തെ ഞങ്ങൾ സ്വാഗതംചെയ്യുന്നു. എന്നാൽ ആ സംരക്ഷണമുറ സ്വീകരിക്കുന്ന ഒരു പദ്ധതി വിദ്യാഭ്യാസത്തിൻെറ പുരോഗതിയെയും മൗലികപ്രമാണങ്ങളെയും ഗളഹസ്തം ചെയ്യുവാൻ മുഖാന്തിരമായി തീന്നാൽ അതു സേവനതല്പരരും ആദർശവാദികളുമായ ആ അദ്ധ്യാപകരോടുള്ള ഒരു അവഹേളനം തന്നെയായിരിക്കുമല്ലോ. സേവനതല്പരരായ പ്രൈവററു് ഏജൻസികളെ പ്രോത്സാഹിപ്പിക്കുവാനാണു ഗവമ്മെൻറു് ആഗ്രഹിക്കുന്നതെന്നു പറയുന്നു. എന്നാൽ ഈ ബിൽ അതേപടി പാസ്സായാൽ അവസരസേവകരും ഗവമ്മെൻറിൻെറ കൂലിപ്പട്ടാളക്കാരുമായ സ്വകാര്യഏജൻസികൾക്കല്ലാതെ വിദ്യാഭ്യാസരംഗത്തു് തുടരുവാൻ സാദ്ധ്യമായിരിക്കുമെന്നു ഞങ്ങൾ കരുതുന്നില്ല. വിദ്യാഭ്യാസരംഗത്തിനു സ്വകാര്യമേഖലകളുടെ നിസ്തുലമായ നേതൃത്വത്തിൽ ഉണ്ടായിട്ടുള്ള നേട്ടത്തെ വിഗണിച്ച താദൃശമായ പുരോഗമനത്തെ തടസ്സപ്പെടുത്തുവാൻ തികച്ചും പര്യാപ്തമായ ഒരു ബിൽ ആണു് ഇതെന്നു നിഷ്പക്ഷബുദ്ധ്യാ പരിശോധിച്ചാൽ ഗ്രഹിക്കാവുന്നതാണു്.

ഏതു പ്രസ്ഥാനത്തിനും ഡിപ്പാർട്ടുമെൻറുകൾക്കും കാലക്രമത്തിൽ വന്നുകൂടാനിടയുള്ള ചില പ്രവർത്തനദൂഷ്യങ്ങൾ സ്വകാര്യഏജൻസികൾ, വിശിഷ്യ വ്യക്തികളായ മാനേജരന്മാർ നടത്തുന്ന വിദ്യാലയങ്ങളെ സംബന്ധിച്ച ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത ഞങ്ങൾ വിസ്മരിക്കുന്നില്ല. ഈ ആദർശഭ്രംശം ധാമ്മികമായും നിയമപരമായും പരിതാപകരമെന്നു ഞങ്ങൾ കരുതുന്നു. എന്നാൽ അതിൻെറ പേരിൽ വിദ്യാഭ്യാസവും വളന്നുവരുന്ന തലമുറയുടെ തലച്ചോറും ദേശവൽക്കരിക്കുന്നതിനുള്ള ഈ സുനിശ്ചിത പരിപാടിയേയും പ്രവണതകളേയും ഞങ്ങൾ ജനാധിപത്യത്തിൻെറയും, മൗലികസ്വാതന്ത്ര്യത്തിൻെറയും, ക്രിസ്തീയ ആദർശങ്ങളുടേയും പേരിൽ വ്യസനപൂർവ്വം എതിർക്കുകയാണു്.

അദ്ധ്യാപകരുടെ സേവനവ്യവസ്ഥകളും ഭാവിയും സുരക്ഷിതമാക്കുന്ന കാര്യത്തിൽ മാനേജുമെൻറിനു അഭിപ്രായവ്യത്യാസമില്ല. എന്നാൽ ശിക്ഷണത്തോടുകൂടി മഹത്തായ മാതൃകയിലും മൗലികമായ ആദർശങ്ങൾക്കു അനുസൃതമായും വിദ്യാലയങ്ങൾ നടത്തുന്നതിനു തക്ക യോഗ്യതയുള്ള അദ്ധ്യാപകരെ എവിടെ നിന്നെങ്കിലും കണ്ടുപിടിച്ചു നിയമിക്കുന്നതിനുള്ള സ്വാതന്ത്ര്യം മാനേജരന്മാർക്കു ഈ ബിൽമൂലം ഇല്ലാതെയാകുന്നു. ക്രിസ്തീയ ആദർശങ്ങളുള്ള അദ്ധ്യാപകർ സേവനതല്പരരായ മാനേജമെൻറിനോടു് ഒത്തൊരുമിച്ചു പ്രവർത്തിച്ചുപോരുന്ന വിദ്യാലയങ്ങളാണു് ഇന്നു വിദ്യാഭ്യാസവിഷയകമായും ധാമ്മികമായും മുന്നണിയിൽ നിൽക്കുന്നതു്.

ഈദൃശ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഈ ബില്ലിനാൽ അസ്തമിച്ചിരിക്കുന്നു.

മററു് ഏതിനെക്കാളും ഈശ്വരവിശ്വാസത്തെയും ധാമ്മികമൂല്യങ്ങളെയും സദ്ഭാവത്രുപവൽക്കരണത്തെയും ജനാധിപത്യത്തിൽ കൂടിയുള്ള സ്വതന്ത്രചിന്താഗതിയേയും മുൻനിത്തിക്കൊണ്ടു് വിദ്യാലയങ്ങൾ നടത്തുക എന്നതാണു് ക്രൈസ്തവസഭകളുടേയും സംഘടനകളുടേയും ലക്ഷ്യം. എന്നാൽ ഈ ലക്ഷ്യത്തിൽനിന്നു് വ്യതിചലിച്ചിട്ടുള്ള ക്രിസ്തീയവിദ്യാലയങ്ങളെ പൂർവ്വസ്ഥാനത്തേക്കു് നയിക്കേണ്ടതു് ഇന്നു് ക്രിസ്തുസഭകളുടെ ഒഴിച്ചുകൂടാത്ത ചുമതലയാണെന്നു ഞങ്ങൾ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ഭരണകൂടത്തിൻെറ വർഷംപ്രതിയുള്ള മാററങ്ങൾക്കനുസൃതമായി വിദ്യാഭ്യാസത്തിൽ മാററം ഉണ്ടായതിൻെറ ദൂഷ്യഫലം ഇന്നും കേരളത്തിലെ വിദ്യാർത്ഥികളും രക്ഷകത്താക്കളും അനുഭവിച്ചുകൊണ്ടിരിക്കവെ പുതിയ ഭരണകൂടം "സർവ്വാധിപത്യത്തിൻെറ" ഇരുമ്പുചുററികകൊണ്ടു് കമ്മ്യൂണിസ്റ്റ് ആദർശസംഹിതയെ റഷ്യയിലും ചൈനയിലും എന്നപോലെ, ഇവിടത്തെ ജനതയുടെമേൽ അടിച്ചു് ഏല്പിക്കുന്ന ഒരു പ്രസ്ഥാനം ക്രൈസ്തവസഭയോടും കേരളത്തി

(ശേഷം 4-ാംപേജിൽ)



ത്വക്‌രോഗങ്ങളെ മാററുകയും വരാതെ സൂക്ഷിക്കയും ചെയ്യുന്നു.

ഇയ്യപ്പൻ സോപ്പുവക്ക്സ്
തൃശ്ശൂർ

# തിരുസഭയും കമ്മ്യൂണിസവും

## മതമർദ്ദനത്തെ ധീരധീരം ചെറുത്തുനില്ക്കുന്ന ചൈനയിലെ കത്തോലിക്കാസഭ

(ജെ. കുഞ്ഞാപ്പറമ്പിൽ എസ്. ജെ.)

(തുടർച്ച)

ക്രിസ്തു തന്റെ ശ്ലീഹന്മാർക്കു കൊടുത്ത അവസാന കല്പന "നിങ്ങൾ എല്ലാ ജാതി ജനങ്ങളെയും പഠിപ്പിക്കുവിൻ" എന്നതായിരുന്നു. എല്ലാജാതി ജനങ്ങളെയും ശിഷ്യപ്പെടുത്തുവാനാണു് ഈശോയുടെ ആദ്യമിഷനറിമാർ നിയോഗിക്കപ്പെട്ടതു്. ലോകാവസാനംവരെ തിരുസഭ ഈ ജോലി തുടർന്നുകൊണ്ടുപോകും. വിശ്വാസസത്യങ്ങളറിയാതെ അജ്ഞാനാന്ധകാരത്തിൽ സ്ഥിതി ചെയ്യുന്ന ജനങ്ങൾക്കു് സത്യമാർഗ്ഗം കാണിക്കേണ്ടതു് അവളുടെ കടമയാണു്. അതിനാൽ പുതിയ പുതിയ രാജ്യങ്ങളിൽ സുവിശേഷദീപം കൊളുത്തുവാൻ അവളുടെ മിഷ്യനറിമാർ എപ്പോഴും സന്നദ്ധരാകുന്നു. തങ്ങൾ പ്രസംഗിക്കുന്ന സുവിശേഷസത്യങ്ങൾക്കും ദിവ്യനാഥനുംവേണ്ടി രക്തംചിന്തി മരിക്കേണ്ടിവരികയാണെങ്കിൽ അതു് ഒരു മഹാഭാഗ്യമായി അവർ കരുതുന്നു. ദിവ്യരക്ഷകൻ നൽകിയ സ്വർഗ്ഗീയപ്രബോധനങ്ങൾ ലോകത്തിൽ പരത്തി ആത്മാവുകളെ രക്ഷിക്കുക എന്നതാണു് അവരുടെ ഏക ലക്ഷ്യം. രാഷ്ട്രീയമായ യാതൊരുദ്ദേശവും ക്രിസ്തുവിന്റെ മിഷണറിമാർക്കില്ല. രാഷ്ട്രീയോദ്ദേശത്തോടുകൂടി മിഷണറിമാർ പ്രവർത്തിക്കുകയാണെങ്കിൽ അവർ ക്രിസ്തുവിന്റെയും തിരുസഭയുടെയും ശത്രുക്കളാണു്. വിദേശമിഷണറിമാർ തങ്ങൾക്കുള്ള സകലതും ക്രിസ്തുവിനുവേണ്ടി ഉപേക്ഷിച്ചാണു് തിരുസഭയ്ക്കും സാധുജനങ്ങൾക്കുംവേണ്ടി അദ്ധ്വാനിക്കുവാൻ മിഷൻരംഗങ്ങളിലേക്കു പോകുന്നതു്. മിഷൻ രാജ്യങ്ങളെ അവരുടെ സ്വദേശമായി അവർ സ്വീകരിക്കുകയും ചെയ്യുന്നു.

പരസഹായം കൂടാതെ സ്വതന്ത്രയായി നില്ക്കുവാനാണു് ഓരോ രാജ്യത്തിലും തിരുസഭ യത്നിക്കുന്നതു്. ഒരു രാജ്യത്തിൽ തിരുസഭ സ്ഥായിയായി പ്രതിഷ്ഠിക്കപ്പെട്ടു കഴിയുന്നതോടുകൂടി വിദേശമിഷണറിമാരുടെ ജോലി അവിടെ സ്വയം അവസാനിക്കുന്നു. പിന്നീടു് ആ രാജ്യത്തേക്കു് വിദേശമിഷണറിമാർ പോരേണ്ട ആവശ്യമില്ല; എന്തെന്നാൽ തിരുസഭയ്ക്കാവശ്യമുള്ള വൈദികരെയും സന്യാസിനീസന്യാസികളെയും ആ രാജ്യത്തുനിന്നുതന്നെ ലഭിച്ചുകൊള്ളും. പരസഹായം കൂടാതെ സ്വതന്ത്രയായി നില്ക്കുവാൻ ഒരുക്കുകയാണു് വിദേശമിഷണറിമാർ ചെയ്യേണ്ടതും ചെയ്യുന്നതും. അതിനാൽ ഒരു രാജ്യത്തെ തിരുസഭയെ സ്വദേശീയർതന്നെ ഭരിക്കണമെന്നും, സാമ്പത്തികമായി തിരുസഭ മററു രാജ്യങ്ങളെ ആശ്രയിച്ചുനില്ക്കരുതെന്നും കമ്മ്യൂണിസ്റ്റുകൾ തിരുസഭയോടു ഉപദേശിക്കേണ്ട ആവശ്യമില്ല; എന്തെന്നാൽ അതാണു് തിരുസഭയുടെ ലക്ഷ്യം. വിദേശമിഷണറിമാരുടെ സഹായത്തോടെ സഭയെ ഒരു രാജ്യത്തിൽ സ്ഥാപിച്ചശേഷം അതിന്റെ ഭരണവും പ്രചരണവേലയുമെല്ലാം സ്വദേശീയവൈദികരെ തന്നെയാണു് തിരുസഭ ഇതുവരെയും ഏല്പിച്ചുവന്നിട്ടുള്ളതു്; ആ നയത്തിൽ തിരുസഭ യാതൊരു വ്യതിയാനവും ഏർപ്പെടുത്തിയിട്ടില്ല. സ്വദേശീയരായ മെത്രാന്മാരെയും വൈദികരെയും ഏല്പിച്ചിരിക്കുന്ന സഭ കത്തോലിക്കാസഭതന്നെയാണു്. കത്തോലിക്കാസഭാവിഭാഗത്തിന്റെ ലക്ഷണം അതു് റോമാമാർപ്പാപ്പായെ അംഗീകരിച്ചു് ആ തലവന്റെ കീഴിൽ ഭരണം നടത്തിക്കൊണ്ടുവരുന്നു എന്നതാണു്. അതിനാൽ സ്വദേശീയരാൽ ഭരിക്കപ്പെടുന്ന തിരുസഭ ശീശ്മയിൽവീണു നശിക്കാതിരിക്കുവാൻ തിരുസഭ വേണ്ട കരുതലുകൾ എടുക്കുന്നുണ്ടു്. ഓരോ മിഷൻരാജ്യങ്ങളിലുമുള്ള കത്തോലിക്കാസഭ വളർന്നു് അഭിവൃദ്ധിപ്രാപിച്ചു് അവയെ സ്വദേശീയർ തന്നെ ഭരിച്ചുവരുന്നതിൽ മാതാവായ തിരുസഭ അതീവസന്തോഷമടയുന്നു. എന്നാൽ ദേശീയസഭ ക്രിസ്തുവിന്റെ മൗതികശരീരമായ തിരുസഭയുമായുള്ള ഐക്യത്തിൽനിന്നു വിച്ഛേദിക്കപ്പെട്ടു് നശിച്ചുപോകുന്നതിൽപരം ശോചനീയമായി മറെറാന്നും സംഭവിക്കാനില്ല.

ചൈനയിലെ കത്തോലിക്കാസഭ ദേശീയമായിരിക്കണം, സ്വദേശീയർതന്നെ അതിനെ ഭരിക്കണം എന്നുംമററും കമ്മ്യൂണിസ്റ്റുകൾ വാദിക്കുന്നതിന്റെ പ്രധാന ഉദ്ദേശം തിരുസഭയെ അവളുടെ ജീവന്റെ ഉറവയായ റോമാമാർപ്പാപ്പാമാരുടെ അധീനത്തിൽനിന്നു പൂർണ്ണമായി മാററി അവളെ നിശ്ശേഷം നശിപ്പിക്കണമെന്നാണെന്നു് ചൈനീസ് കത്തോലിക്കർക്കു് നല്ലവണ്ണമറിയാമായിരുന്നു. അതിനാൽ മതത്തെ ദേശവൽക്കരിക്കുവാനുള്ള കമ്മ്യൂണിസ്റ്റുകളുടെ ഈ പദ്ധതിയെ, ചില പ്രൊട്ടസ്റ്റന്റു വിഭാഗക്കാർ അംഗീകരിച്ചെങ്കിലും, കത്തോലിക്കർ ധീരമായി എതിർത്തു. തിരുസഭയെ രാഷ്ട്രത്തിന്നധീനമാക്കി ഗവമ്മെൻറുദ്യോഗസ്ഥന്മാർ മതകാര്യങ്ങളിൽ ഇടപെടുന്നതിനെതിരായി കത്തോലിക്കർ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തി. കമ്മ്യൂണിസ്റ്റുകളാ ജനങ്ങളുടെ പിന്തുണ സമ്പാദിച്ചു് മതമർദ്ദനം തുടരുന്നതിനായി, എല്ലാ മിഷ്യനറിമാരും ചൈനയ്ക്കെതിരായി മുതലാളിത്തരാഷ്ട്രങ്ങൾക്കായി ചാരവൃത്തി ചെയ്തുവരുന്നു എന്നും, മെത്രാന്മാരും വൈദികരും ജനങ്ങൾക്കും ജനങ്ങളുടെ ഗവർമ്മെൻറിനുമെതിരായി പ്രവർത്തിക്കുന്നു എന്നുമുള്ള കുററങ്ങൾ ചുമത്തി അവരെ രാഷ്ട്രീയശത്രുക്കളായി പ്രഖ്യാപിച്ചു.

വത്തിക്കാൻ സ്ഥാനപതിയായ മെത്രാപ്പോലീത്താ ആൻറണി റിബേരി ചൈനീസ് ഗവമ്മെൻറിനാൽ സ്ഥാപിക്കപ്പെട്ട പുതിയ ദേശീയസഭയിൽ ചേരരുതെന്നു് കത്തോലിക്കർക്കു് മുന്നറിയിപ്പുകൊടുത്തപ്പോൾ കമ്മ്യൂണിസ്റ്റുകൾ മെത്രാപ്പോലീത്തയ്ക്കെതിരായി വലിയ പ്രചരണവേല നടത്തുകയും 1951 സെപ്റ്റംബറിൽ അദ്ദേഹത്തെ നാടുകടത്തുകയും ചെയ്തു. ഇതിനെ തുടർന്നു് അനേകം വൈദികരെയും സന്യാസിനീസന്യാസികളെയും കമ്മ്യൂണിസ്റ്റുകൾ തടവിലാക്കി. വിദേശീയ മിഷണറിമാരെ പലവിധ അപമാനങ്ങൾക്കും പീഡനങ്ങൾക്കും വിധേയമാക്കിയശേഷം ചൈനയിൽനിന്നു ബഹിഷ്കരിക്കുകയാണു്. കമ്മ്യൂണിസ്റ്റുകളുടെ പീഡനങ്ങൾ വഴി രക്തസാക്ഷിമകുടം വരിക്കുവാൻ ഭാഗ്യം സിദ്ധിച്ചവരും കുറവല്ല. കമ്മ്യൂണിസ്റ്റുകളുടെ മതമർദ്ദനപരിപാടിയിൽനിന്നു സ്വദേശീയ വൈദികരും സന്യാസിനീസന്യാസികളും വിമുക്തരല്ല. കുറഞ്ഞപക്ഷം 200 ചൈനീസ് [illegible]കരും 35 സഹോദരന്മാരും 14 സന്യാസ്ത്രീകളും ചൈനീസ് കമ്മ്യൂണിസ്റ്റുകളാൽതന്നെ വധിക്കപ്പെട്ടിട്ടുണ്ടു്. 400 ചൈനീസ് മിഷണറിമാർ ഇന്നു കമ്മ്യൂണിസ്റ്റ് തടങ്കലിലാണു്. ഇനിയും മററനേകം സ്വദേശീയ വൈദികർക്കും സന്യാസിനീസന്യാസികൾക്കും എന്തു സംഭവിച്ചുഎന്നു നിശ്ചയമില്ല. ഒരു പക്ഷേ അവർ മരിച്ചിരിക്കാം, അല്ലെങ്കിൽ തടവിലോ ഒളിവിലോ ആയിരിക്കാം. 5496 വിദേശമിഷണറിമാരിൽ ഇന്നു ചൈനയിൽ 200 പേർ പോലും ശേഷിച്ചിട്ടില്ല. അവർണ്ണനീയമായ അപമാനങ്ങൾ, പാടുപീഡകൾ, കാരാഗൃഹജീവിതം, നാടുകടത്തൽ, രക്തസാക്ഷിത്വം ഇവയാണു് സത്യതിരുസഭയിൽ നിലനില്ക്കുന്നതിനായി ചൈനീസ് കത്തോലിക്കർ കൊടുക്കേണ്ടിവന്ന വില!

ഇത്ര കൗശലപൂർവ്വകവും ക്രൂരവുമായ മതമർദ്ദനപരിപാടികൾ ഉപയോഗിച്ചിട്ടും കമ്മ്യൂണിസ്റ്റുകൾക്കു് തിരുസഭയെ ചൈനയിൽനിന്നു നിഷ്കാസനം ചെയ്യുവാൻസാധിച്ചിട്ടില്ല. ഉത്തമ കത്തോലിക്കർ ഇവയെ ധീരമായി എതിർത്തു് വിശ്വാസത്തിനുവേണ്ടി എന്തും സഹിക്കുവാൻ സന്നദ്ധരായി നില്ക്കുന്നു. കമ്മ്യൂണിസ്റ്റുകൾക്കെതിരായി അക്ഷീണം പടവെട്ടിയ ഒരു സംഘടനയാണു് അവിടത്തെ "ലീജിയൻ ഓഫ് മേരി". അതിനാൽ ചൈനീസ് ഗവമ്മെൻറു ഈ സംഘടനയെ നിയമവിരുദ്ധമാക്കി അതിനോടു എന്തെങ്കിലും ബന്ധമുള്ളവർ രാഷ്ട്രത്തിന്റെ ശത്രുക്കളായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. കമ്മ്യൂണിസ്റ്റുകൾക്കു് കത്തോലിക്കാസ്ഥാപനങ്ങളും സംഘടനകളും നിയമവിരുദ്ധമായി പ്രഖ്യാപിച്ചു് അടിച്ചമർത്തുവാൻ സാധിക്കുമെങ്കിലും, കത്തോലിക്കാസഭയേയോ കത്തോലിക്ക സമുദായത്തെയോ ഇല്ലാതാക്കുവാൻ സാധിക്കുകയില്ല. മതപീഡനം കത്തോലിക്കർക്കു് ഒരു നവോന്മേഷവും നവജീവനുമാണു് പ്രദാനം ചെയ്തിട്ടുള്ളതു്. കമ്മ്യൂണിസ്റ്റുകളുടെ ദേശീയസഭയെ ചെറുത്തുനിന്നു് സത്യവിശ്വാസത്തിനുവേണ്ടി എല്ലാം ത്യജിക്കുന്നവരുടെയും, അപമാനങ്ങളും പീഡനങ്ങളും സഹിച്ചു് രക്തം ചിന്തുന്നവരുടെയും, കഠിനകാരാഗൃഹവാസമനുഭവിക്കുന്ന ആയിരക്കണക്കിനു വിശ്വാസികളുടെയും മിഷണറിമാരുടേയും മാതൃകയും വിശ്വാസസ്ഥൈര്യവും ശേഷിച്ച കത്തോലിക്കർക്കു് ഒരു നവചൈതന്യം കൊടുത്തു് സത്യവിശ്വാസത്തോടു് എന്തെന്നില്ലാത്ത ഒരു സ്നേഹം അവരിൽ ഉദ്ദീപിപ്പിച്ചിട്ടുണ്ടു്.

കമ്മ്യൂണിസ്റ്റാക്രമണങ്ങളെ ചെറുത്തു് വിശ്വാസത്തെ ഒരമൂല്യനിധിയായി കാത്തുവരുന്ന ഷാങ്ങായ് പട്ടണത്തിലെ കത്തോലിക്കരെ ചൈനയ്ക്കു് ആകെ ഒരു മാതൃകയായി എടുത്തുകാണിക്കാം. കമ്മ്യൂണിസ്റ്റുകൾ സാവധാനത്തിൽ ഒന്നിനുപിറകെ ഒന്നായി അവിടെ ഉണ്ടായിരുന്ന കത്തോലിക്കാ സംഘടനകളും സ്ഥാപനങ്ങളും നശിപ്പിച്ചു. കത്തോലിക്കാ പ്രവർത്തനം, ലീജിയൻ ഓഫ് മേരി, സ്കൂളുകൾ തുടങ്ങിയവയെ അടിച്ചമർത്തി. എങ്കിലും കത്തോലിക്കർ ഇന്നും വിശ്വാസത്തിൽ സ്ഥിരമായി നില്ക്കുന്നു. ദിവ്യബലിയിലും വിശുദ്ധ കുർബാനയുടെ ആശീർവാദത്തിലും അവർ അനുദിനവും പങ്കെടുക്കുന്നുണ്ടു്. കത്തോലിക്കാ അൾത്താരയാണു് ഇന്നവരുടെ കത്തോലിക്കജീവിതത്തിന്റെയും ഐക്യത്തിന്റെയും നിദാനം. പീഡിപ്പിക്കപ്പെട്ടു് മതത്തിനുവേണ്ടി മഹാത്യാഗങ്ങൾ സഹിക്കുന്ന ഈ അവസരത്തിലാണു് സത്യവിശ്വാസത്തിന്റെ അനർഘനിധി എത്രമാത്രമെന്നു് അവർ അറിയുന്നതു്. അനുദിനവും ദിവ്യബലി അർപ്പിച്ചുവന്നിരുന്ന ഷാങ്ങായിലെ മെത്രാനും ഇന്നു കാരാഗൃഹത്തിലാണു്. ഈശോയുടെ മൗതികശരീരത്തിലെ അംഗങ്ങളായ ഷാങ്ങായ് കത്തോലിക്കർക്കു് ഇന്നത്തെ ഏക അഭയവും ആശ്വാസവും ഈശോ മാത്രമാണു്. എന്നാൽ മുമ്പൊരിക്കലും പ്രത്യക്ഷപ്പെട്ടിട്ടില്ലാത്ത ക്രിസ്തീയ വിശ്വാസവും ക്രിസ്തീയജീവിതവുമാണു് ഇന്നു ഷാങ്ങായിൽ സർവ്വത്ര കാണുന്നതു്. ഷാങ്ങായിലെ പൗരന്മാർ മാതൃരാജ്യമായ ചൈനയെ സ്നേഹിക്കുന്നു; ചൈന ലോകദൃഷ്ടിയിൽ അഭിവൃദ്ധിപ്പെടുന്നതിൽ അവർ സന്തോഷിക്കുന്നു; ചൈനയ്ക്കു് എല്ലാ നന്മകളും അവർ നേരുന്നു. എന്നാൽ അവർക്കു ശരീരം മാത്രമല്ല, ആത്മാവുമുണ്ടു്. ആത്മാവിനെ നാശകൂപത്തിലേക്കു നയിക്കുന്ന കമ്മ്യൂണിസ്റ്റുകളുമായി മതപരമായി യാതൊരു ബന്ധവും പാലിക്കുവാൻ അവർ ആഗ്രഹിക്കുന്നില്ല. കമ്മ്യൂണിസ്റ്റുകൾക്കു് അല്പമെങ്കിലും വഴങ്ങി അവരുമായി രമ്യപ്പെടാമെന്നാഗ്രഹിക്കുന്നതിൽപരം മൗഢ്യം വേറെയില്ലെന്നു് അവർക്കു നല്ലപോലെ അറിയാം. അതിനാൽ തിരുസഭയെ നശിപ്പിക്കുവാൻ കച്ചകെട്ടിയിറങ്ങിയിരിക്കുന്ന കമ്മ്യൂണിസ്റ്റുകളുമായുള്ള സമ്പർക്കംപോലും അവർ ഉപേക്ഷിക്കുന്നു.


കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം ഇന്നത്തെ ചൈനയുടെ സ്ഥിതി പഴയ പേഗൻ റോമാസാമ്രാജ്യത്തിന്റേതിനോടു തുല്യമാണു്. ചൈനീസ് കത്തോലിക്കരുടെ സംഖ്യ ബഹുതുച്ഛമാണു്. ചൈനയിൽ ഒരു ശതമാനം പോലും കത്തോലിക്കരില്ല. എന്നാൽ തിരുസഭയെ നശിപ്പിക്കുവാനായി കമ്മ്യൂണിസ്റ്റ് ഗവമ്മെൻറു് എടുക്കുന്ന മാർഗ്ഗങ്ങൾ കാണുമ്പോൾ ചൈനയിലെ ഭൂരിപക്ഷം ജനങ്ങളും കത്തോലിക്കരാണോ എന്നു തോന്നിപ്പോകും. ഈ ക്രൂരമതമർദ്ദനത്തിന്റെ എല്ലാം ഫലമെന്താണു്? അവ തിരുസഭയെ നശിപ്പിക്കുന്നതിനു പകരം തിരുസഭയ്ക്കു് പുതിയ അംഗങ്ങളെ സമ്പാദിച്ചുകൊടുക്കുകയാണു് ചെയ്യുന്നതു്. തിരുസഭ ഇന്നും ചൈനയുടെ നന്മയ്ക്കും ആത്മാക്കളുടെ രക്ഷയ്ക്കുമുള്ള മഹനീയവേല തുടർന്നുകൊണ്ടു വരുന്നു. ചൈനയിലെ കത്തോലിക്കരോ വിശ്വാസപരമായി അല്പമെങ്കിലും കമ്മ്യൂണിസ്റ്റുകൾക്കു വഴങ്ങുന്നതിൽപരം രക്തസാക്ഷിത്വംതന്നെ സ്വീകരിക്കുവാൻ തയ്യാറാണു്. അതിനാൽ തിരുസഭയുടെ വിത്തായ വേദസാക്ഷികളുടെ രക്തം ഇന്നും ചൈനയെ നനച്ചുകൊണ്ടിരിക്കുന്നു.

—o—






## വിനോദവീഥി



"ഡ്രൈവർ, ഇതല്ല ഹൈക്കോടതിക്കവല. എനിക്കവിടെ ഇറങ്ങണം."

"ഹയ്യോ! ഇതതൊന്നുമല്ല കൊച്ചമ്മേ. ഈ പാവപ്പെട്ടവന്റെ കഷണ്ടിത്തലയാണേ ഇതു്!"

× × ×

ഒരു യുവാവു് ഗൗരവമായ ഒരു സംശയനിവാരണത്തിനായി വികാരിയച്ചനെ സമീപിച്ചു. അയാൾ മറിയത്തേയും ത്രേസ്യായേയും സ്നേഹിക്കുന്നു. അവരിൽ ആരെ വിവാഹം ചെയ്യണമെന്നു തീരുമാനിക്കാൻ സാധിക്കുന്നില്ല.

വികാരിയച്ചൻ:- "ജോണി ഒരു കാര്യം ചെയ്യു: പള്ളിയിൽ ചെന്നു്, നന്നായി പ്രാർത്ഥിച്ചതിനുശേഷം ദൈവഹിതം എന്താണെന്നു മനസ്സിലാക്കാൻ ശ്രമിക്കു. അവിടുന്നു കാണിച്ചുതരും.

ജോണി:- (കാൽമണിക്കൂർ കഴിഞ്ഞു പള്ളിയിൽനിന്നു സന്തോഷത്തോടെ മടങ്ങിവന്നു) "അച്ചാ, ഞാൻ നിശ്ചയിച്ചുകഴിഞ്ഞു."

അച്ചൻ:- "ഇത്ര വേഗമോ?"

"ജോണി:- "അതേ, അച്ചാ അതൊരു വെളിപാടായിരുന്നു. ഞാൻ അല്പം പ്രാർത്ഥിച്ചശേഷം അൾത്താരയിലേക്കു നോക്കി. അതാ, ആ വിരിയിന്മേൽ പ്രത്യക്ഷമായി രേഖപ്പെടുത്തിയിരിക്കുന്നു, "ആവേ, മരിയാ" എന്നു്. മറിയത്തെയാണു് ദൈവം എനിക്കായി നിശ്ചയിച്ചിരിക്കുന്നതു്. സംശയമില്ല."

Wednesday
JULY 24
1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 47

# ബാലരംഗം



വി. ബ്രിജീത്താ



സന്യാസിനികൾ വിവിധജോലികളിൽ ഏർപ്പെട്ടു. ബ്രിജീത്താമ്മയും മെത്രാനും പ്രവത്തനപദ്ധതികൾ ആലോചിച്ചു നിശ്ചയിച്ചു.

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനുജത്തികളേ,

ബ്രിജീത്താ ദൈവാനുഗ്രഹത്താൽ ഒരു സന്യാസിനിയായി, മഠാധിപയുമായി. ഒരു മഠാധിപയുടെ വ്യഗ്രതയേറിയ ജോലികളെല്ലാം വളരെ നല്ല രീതിയിൽ നിർവ്വഹിക്കുന്നതിനു സാധിച്ചു. തന്മൂലം സ്ഥാപനത്തിൻെറ പ്രശസ്തിയും മഹത്തായ സേവനങ്ങളും എല്ലാവരുടെയും ശ്രദ്ധയെ ആകർഷിക്കുകയും ചെയ്തു. സ്ഥലത്തെ മെത്രാനായിരുന്ന മക്കയേലി തിരുമേനിക്കു ഈ സഭ വഴിയായി പല നല്ലകാര്യങ്ങളും അവിടെ ചെയ്യുന്നതിനു സാധിച്ചു. ബ്രിജീത്തയുമായി കത്തോലിക്കാ പ്രവത്തനകാര്യങ്ങളെപ്പററി ആലോചിക്കുന്നതിനു പലപ്പോഴും അദ്ദേഹം മഠത്തിൽ വന്നിരുന്നു. ഈ കൂടിയാലോചനകളുടെ ഫലമായി പല പള്ളികൾ സ്ഥാപിക്കപ്പെടുന്നതിനും, സന്യാസാശ്രമങ്ങൾ തുടങ്ങുന്നതിനും, വിദ്യാലയങ്ങൾ തുറക്കുന്നതിനും, ജീവകാരുണ്യപ്രവത്തനങ്ങൾ നടത്തുന്നതിനും ഇടയായി. സന്യാസികളും സന്യാസിനികളും സുവിശേഷപ്രചാരണവേലയിൽ ഉൽസുകരായിരുന്നു. വിദ്യാദാനത്തിലും അവർ കിടയാററ സേവനമനുഷ്ഠിച്ചു. ബ്രിജീത്താമ്മ അവരുടെ കീഴിലുള്ള മഠങ്ങളിൽ അംഗവിഹീനരെ അംഗങ്ങളായി സ്വീകരിക്കുന്നതിനുള്ള അനുമതി വാങ്ങിക്കുകയും കുരുടരും ഊമരും മററുമായ ഹതഭാഗ്യരെ അവിടെ സ്വീകരിക്കുകയും ചെയ്തു. മാത്രമല്ല, അവക്കു പററുന്നതരത്തിലുള്ള പരിശീലനങ്ങൾ നൽകി അവരിലുള്ള കഴിവുകളെ വികസിപ്പിച്ചു സേവനപരിപാടിയിൽ അവക്കും മാന്യമായ സ്ഥാനം നേടിക്കൊടുത്തു. ബ്രിജീത്തായുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ ആ പ്രാചീനകാലത്തു് അധുനാതനരീതിയിലുള്ള പരിപാടികളാണു് നടത്തിയിരുന്നതെന്നു കാണുമ്പോൾ ആക്കാണത്ഭുതം തോന്നാതിരിക്കുക. ദൈവസ്നേഹവും പരസ്നേഹവും ഒരാളിൽ പ്രോജ്വലിക്കുന്നതിനു തുടങ്ങുമ്പോൾ അവിടെ നിസ്വാത്ഥസേവനത്തിനുള്ള പദ്ധതികൾ താനെ മുളയെടുക്കാതിരിക്കുകയില്ല. ദൈവാനുഗ്രഹത്തിൻെറ മഞ്ഞുതുള്ളികൾ ആ ഹൃദയവയലിനെ നനച്ചുകൊണ്ടിരിക്കുകയും ഫലസമൃദ്ധമായ ഒരു വിളവു് അവിടെ ദൃശ്യമാവുകയും ചെയ്യും.

വല്യേട്ടൻ

ആത്മകഥാകഥനം

## എൻെറ പുനരൈക്യം

(കെ സി ആലീസ്, കൈതവന Reg. No. 65)

സത്യദീപത്തിൽ പല ആളുകളുടേയും പുനരൈക്യത്തെപ്പററി ആത്മകഥാകഥനങ്ങൾ കാണാറുണ്ടു്. അവ വായിക്കുന്നതിനു് ഒരു പ്രത്യേകരസമുണ്ടു്. വഴിതെററി നടന്നിരുന്ന ഒരു സഹോദരനോ സഹോദരിയോ സത്യമാഗ്ഗത്തിലേക്കു വരുന്നതു കാണാൻ ആരാണിഷ്ടപ്പെടാത്തതു്? ബാലരംഗത്തിൽ അങ്ങിനെ ഒരു വിവരണം എഴുതുന്നതു് എൻെറ വാത്സല്യസഹോദരീസഹോദരന്മാക്കു ഇഷ്ടമാകുമെന്നുള്ള വിശ്വാസമാണു് ഇതെഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു്. നിങ്ങൾക്കിഷ്ടമാകുന്നില്ലെങ്കിൽ എന്നോടു ക്ഷമിക്കുക.

ഞാൻ എൻെറ ജീവിതത്തിൽ ആദ്യമായി പേനയെടുക്കുകയാണു്, എൻെറ പുനരൈക്യകഥ പൊതുജനസമക്ഷം സമപ്പിക്കുവാൻ. മലങ്കര ഓത്തഡോക്സ് സഭയിൽ ഞാൻ ജനിച്ചുവളന്നു. എനിക്കു കത്തോലിക്കാസഭയെക്കുറിച്ചു യാതൊന്നും അറിയുവാൻ പാടില്ലായിരുന്നു. എന്നുതന്നെയുമല്ല, കത്തോലിക്കാ സഭയെക്കുറിച്ചും അതിൽ ചേരുന്നവരെക്കുറിച്ചും വലിയ തെററിദ്ധാരണകളാണു് ഞങ്ങളെ പറഞ്ഞു പഠിപ്പിച്ചിരുന്നതു്. പള്ളിയിൽ പോകുന്നതിനു എന്നെ മാതാപിതാക്കന്മാർ നിർബ്ബന്ധിച്ചിരുന്നു. എൻെറ സഹോദരങ്ങളേക്കാൾ ഒരു പ്രത്യേകത എനിക്കു് മാതാപിതാക്കന്മാർ സങ്കല്പിച്ചിരുന്നു. അതായതു് ഞാൻ ജനിച്ചപ്പോൾതന്നെ എന്നെ ദൈവവേലയ്ക്കായി കൊടുക്കാമെന്നു് മാതാപിതാക്കന്മാർ നേന്നു. പക്ഷേ ഓത്തഡോക്സ് സഭയിൽ യാതൊരു ഭക്തസംഘടനകളും ഇല്ലെന്നോത്തു് പിന്നീടു് പലപ്പോഴും അവർ വിഷമിച്ചിട്ടുണ്ടു്.

അങ്ങനെ ഇരിക്കുമ്പോഴാണു് എൻെറ പിതാവു്—ചാക്കോ മാസ്റ്റർ—സത്യദീപം വരുത്തിവായിച്ചു തുടങ്ങിയതു്. സത്യദീപം തുടരെ വായിച്ചപ്പോൾ കത്തോലിക്കാസഭയെപ്പററി ഞങ്ങൾ പഠിച്ചുവച്ചിരുന്ന പല തെററിദ്ധാരണകളും നീങ്ങുന്നതിനു് ഇടയായി അദ്ദേഹം പല പുസ്തകങ്ങൾ വായിക്കുകയും ചിന്തിക്കുകയും ചെയ്തതിൻെറ ഫലമായി കത്താവു് സ്ഥാപിച്ച "ഏകസത്യസഭ കത്തോലിക്കാതിരുസഭയാണെന്നു്" മനസ്സിലായി. അമ്മയേയും ഞങ്ങൾ ആറുമക്കളെയും അടുക്കൽ വിളിച്ചിരുത്തി കത്തോലിക്കാസഭയെക്കുറിച്ചു് അനേകം കാര്യങ്ങൾ അദ്ദേഹം ഞങ്ങൾക്കു പറഞ്ഞുതന്നു. അവസാനം ഞങ്ങളോടു് പറഞ്ഞതിപ്രകാരമാണു്: "കലഹത്തിൽനിന്നു ഉത്ഭവിച്ചതും കലഹത്തിൽ തുടരുന്നതുമായ ഓത്തഡോക്സ് സഭയിൽനിന്നും മാറി, സമാധാനത്തിൻ ക്രിസ്തീയജീവിതം നയിക്കുന്നതിനു്, സത്യസഭയായ കത്തോലിക്കാസഭയിൽചേരുന്നതിനു്, ഞാൻ തീരുമാനിച്ചിരിക്കുന്നു. നിങ്ങൾക്കു് എന്നോടുകൂടി കത്തോലിക്കാസഭയിൽ ചേരുന്നതിനുസമ്മതമാണോ?" അമ്മയും മൂത്തസഹോദരനും, ഞങ്ങൾഒരുവിട്ടുമാത്രം കത്തോലിക്കാസഭയിൽ ചേന്നാൽ വരാവുന്ന വൈഷമ്യങ്ങളെക്കുറിച്ചു് പിതാവിനെ അറിയിക്കുകയും വിസമ്മതം പ്രകടിപ്പിക്കുകയും ചെയ്തു. "കുരിശുവഹിക്കാതെ കിരീടം പ്രാപിക്കയില്ല. അതിനാൽ ആ വിഷമതകൾ സഹിക്കാൻ നാം തയ്യാറാവണം," അദ്ദേഹം ഞങ്ങളെ ഉണദോഷിച്ചു. ഞങ്ങൾ എല്ലാവരും കത്തോലിക്കാസഭയിൽ ചേരാൻ തീരുമാനിക്കുകയും ചെയ്തു. 1953 ഒക്ടോബർമാസം 18-ാം തീയതി വേദപ്രചാരണായറാഴ്ച പൂങ്കാവു് പള്ളിയിൽവെച്ചു് റവ. ഫാദർ വടശ്ശേരി അവർകളുടെ മുമ്പാകെ സത്യപ്രതിജ്ഞ ചെയ്തു് കത്തോലിക്കാസഭയുമായി ഞങ്ങൾ പുനരൈക്യപ്പെട്ടു.

സത്യദീപം വായിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും എനിക്കു് വളരെ താല്പയ്യമാണു്. ഇപ്പോൾ മാതാപിതാക്കന്മാർ എന്നെക്കുറിച്ചു് സന്തോഷിക്കുകയാണു്. ദൈവത്തിൻെറ തിരുമുമ്പാകെ അവരുടെ നേച്ച നിറവേററാൻ പററിയ സഭയാണല്ലോ കത്തോലിക്കാതിരുസഭ.

നിരന്തരം ദൈവവേല ചെയ്തുകൊണ്ടിരിക്കുന്ന കന്യാസ്ത്രീകളുടെ ഒരു മഠത്തിൽ ചേരുവാൻ എന്നെ ദൈവം വിളിക്കുന്നു എങ്കിൽ എൻെറ മാതാപിതാക്കന്മാരുടെ ആഗ്രഹം സഫലമായിത്തീരും. പത്തു വയസ്സുപ്രായമുള്ള ഈ എളിയ കുഞ്ഞുസഹോദരിക്കുവേണ്ടി എല്ലാവരും പ്രാത്ഥിക്കേണമേ എന്നു വിനീതമായി അഭ്യത്ഥിച്ചുകൊള്ളുന്നു.

## 124-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—കമ്മ്യൂണിസം

## പ്രശ്നം നമ്പർ 125

(കെ. എം. ഉലഹന്നൻ Reg. No. 53)

ഞാൻ നിങ്ങളുടെ ഒരു സന്തതമിത്രമാണു്. എന്നെ നിങ്ങൾ അത്യാശയോടെ പ്രതീക്ഷിച്ചിരിക്കുന്നു. എന്നെ കാത്തു കുഞ്ഞുങ്ങൾ ദിനമെണ്ണിക്കഴിയുകയാണു്. എൻെറ പേരിനു നാലക്ഷരംമാത്രം; അതൊരു സമുച്ചയപദമാണു്. സന്മാർഗ്ഗത്തിൽ തിരഞ്ഞാൽ ആദ്യക്ഷരം കിട്ടും, വക്രഗതിയിൽ അതു കണികാണില്ല. രണ്ടാമത്തെ അക്ഷരം നിത്യതയിൽ ദശിക്കാം, ലോകത്തിൽ കാണുകയില്ല. മൂന്നാമത്തെ അക്ഷരം നദീതീരങ്ങളിൽ കാണും, കടലോരത്തു സാദ്ധ്യമല്ല. അവസാനഅക്ഷരം നമ്മുടെ ബാലപംക്തിയിലുണ്ടു്, ലേഖനങ്ങളിലോ ചെറുകഥകളിലോയില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## വല്യേട്ടൻ

(മേരി ജെയിക്കബ്, തത്തമ്പള്ളി Reg. No. 124)

(തുടർച്ച)

"തയ്യൽക്കൂലി മൂന്നുരൂപാ" ടെയിലർ പറഞ്ഞു. ഞാൻ ഞെട്ടിപ്പോയി. കൈയിലുണ്ടായിരുന്ന ഒരു രൂപാ അയാൾക്കു കൊടുത്തിട്ടു ഞാൻ പറഞ്ഞു "സാറെ, ക്ഷമിക്കണം. രണ്ടു രൂപാ പിന്നെത്തരാം."

"എന്നാൽ ബ്ളൗസു് അപ്പോൾ കൊണ്ടുപോയാൽ മതി."

"അയ്യോ! അങ്ങിനെ പറയല്ലേ. ബ്ളൗസു് അത്യാവശ്യമാണു്" ഞാൻ കെഞ്ചി.

"എനിക്കും രൂപാ അത്യാവശ്യമാണു കുഞ്ഞേ." അയാൾ ബ്ളൗസു തരുന്ന ഭാവമില്ല. ഞാൻ കുഴങ്ങി. എദൻറതെന്നവകാശപ്പെടുവാൻ എനിക്കു യാതൊന്നുമില്ല. "ബ്ളൗസിൻെറ കാര്യം മറക്കരുതേ." സായംകാലത്തെ മന്ദമാരുതനിൽ ആ കൊച്ചുവാചകം ഉയന്നുയന്നു വരുന്നതുപോലെ എനിക്കു തോന്നി! ഞാൻ എന്നെത്തന്നെയങ്ങു മറന്നു. ഒരു ബ്ളൗസിനുവേണ്ടി എന്തുംചെയ്യാൻ ഞാൻ മടിച്ചില്ല.

റോഡരുകിൽനിന്ന ആ തയ്യൽക്കടക്കാരൻെറ കുഞ്ഞിൻെറ കഴുത്തിലെ സ്വർണ്ണച്ചെയിൻ എന്നെ മാടിവിളിക്കുകയാണെന്നു ഞാൻ കരുതി. നേരം സന്ധ്യയാവാൻ തുടങ്ങുകയാണു്. "എന്നാൽ രൂപാ ഇപ്പോൾ കൊണ്ടുവരാം" ഞാൻ രൂപായ്ക്കെന്തോ മാഗ്ഗം കണ്ടതുപോലെ പറഞ്ഞു. ഞാൻ ഇടറുന്ന കാലുകളോടെ ആ തയ്യൽക്കടയുടെ പടികൾ ചവിട്ടിയിറങ്ങി. ആ ഓമനക്കുഞ്ഞപ്പോഴും ആ റോഡരുകിൽ നിൽപ്പുണ്ടു്. കൈയിലുണ്ടായിരുന്ന ഒരു രൂപാ കൊടുത്തിട്ടു ഞാൻ ചില കളിപ്പാട്ടങ്ങൾ വാങ്ങി തിരിച്ചുവന്നപ്പോഴും ആ കുഞ്ഞവിടെത്തന്നെ നിൽപ്പുണ്ടായിരുന്നു. ആരുടേയും കണ്ണിൽപ്പെടാതെ ഞാനാ കളിപ്പാട്ടങ്ങൾ ആ കുഞ്ഞിനു സമ്മാനിച്ചു. എന്നിട്ടു് ചുററും നോക്കി. ഇല്ല ആരുമില്ല. ആ കുഞ്ഞിൻെറ കൈയിലിരുന്ന കളിപ്പാട്ടങ്ങൾക്കിടയിൽ ഞാൻ കൊടുത്തവ പെട്ടെന്നാരും തിരിച്ചറിയുകയില്ല. വിറയ്ക്കുന്ന കരങ്ങളോടെ അതിൻെറ കഴുത്തിൽക്കിടന്ന രണ്ടു സ്വർണ്ണമാലകളിൽ ഒന്നു ഞാൻ ഊരിയെടുത്തു! ഞാനതുംകൊണ്ടു വളരെ വേഗത്തിൽ മമ്മതിൻെറ ചായക്കടയിലേക്കു നടന്നു. പെങ്ങളുടേതാണെന്നു പറഞ്ഞു ഞാനതു പണയംവച്ചു. ഇരുപതു രൂപ ഒരുമിച്ചു ഞാനപ്പോഴാണു കാണുന്നതു്. കുട, പുസ്തകം, ബ്ളൗസ് എല്ലാം വാങ്ങി ഞാൻ വീട്ടിലേക്കു തിരിച്ചു. ഞാൻ കയറിയിരുന്ന ബസ്സിനു വേഗതയില്ലെന്നെനിക്കു തോന്നി.

ഞാൻ എൻെറ നാട്ടിൽ എത്തിയപ്പോൾ സമയം അർദ്ധരാത്രിയായിരുന്നു. മഴ ചന്നംപിന്നം പെയ്യുന്നുണ്ടു്. എന്നിട്ടും ഞാനാ പുത്തൻകുട നിവത്തിയില്ല. അതിനുള്ളിൽ കടലാസ്സിൽ പൊതിഞ്ഞ ആ ഫാഷൻ ബ്ളൗസു ഞാൻ നിക്ഷേപിച്ചു. വീട്ടിൽ ചെന്നപ്പോൾ ജോയിക്കുട്ടി പറഞ്ഞു തങ്കമ്മ ആസ്പത്രിയിലാണെന്നു്. ആ ബ്ളൗസും കുടയും മാത്രം കൈയിൽ പിടിച്ചുകൊണ്ടു ഞാൻ ആസ്പത്രിയിലേക്കോടി! ഒരു കല്ലിൽത്തട്ടി ഞാൻ മറിഞ്ഞുവീണു. എൻെറ നെററിപൊട്ടി! രക്തം ഒഴുകി! ഒരു തുള്ളി രക്തം ആ പച്ചബ്ളൗസ്സിൽ വീണു. എൻെറ കൈയിലിരുന്ന കുട തെറിച്ചു് ഒരു കുററിക്കാട്ടിൽ വീണു. ഞാനതെല്ലാം എടുത്തുകൊണ്ടു് വീണ്ടും ഓടി. ഞാൻ ആസ്പത്രിയിലെത്തിയപ്പോൾ നന്നായിട്ടണയ്ക്കുന്നുണ്ടായിരുന്നു.

പൊട്ടിക്കരച്ചിലുകളും ഏങ്ങലടികളും ഉയന്ന ആ മുറിയിലേക്കു തന്നെ ഞാൻ കടന്നുചെന്നു. തണ്ടൊടിഞ്ഞ താമരപ്പൂപോലെ കിടക്കുന്ന എൻെറ പെങ്ങളുടെ കിടക്കയിലേക്കു ഞാൻ മറിഞ്ഞുവീണു. "തങ്കം, നിനക്കു ഞാൻ ഫാഷൻബ്ളൗസു് കൊണ്ടുവന്നിട്ടുണ്ടു്" ഞാൻ പറഞ്ഞു. പക്ഷേ, അവളതു കേട്ടില്ല. ആ കണ്ണുകൾ എന്നന്നേക്കുമായി അടഞ്ഞുകഴിഞ്ഞിരുന്നു! ഞാനാ മൃതദേഹത്തിൽ മുഖമമത്തിക്കരഞ്ഞു. ആ വിളറിയ അധരങ്ങൾ അവസാനമായി "വല്യേട്ടൻ" എന്നു വിളിക്കുന്നതുപോലെ എനിക്കു തോന്നി. എൻെറ കൈയിൽ നിവത്തിപ്പിടിച്ചിരുന്ന ആ പുത്തൻബ്ളൗസു് എൻെറ കണ്ണീരിൽ കുതിന്നു! ഇല്ല. മോഹനമായ ആ പച്ചബ്ളൗസു് എൻെറ കണ്ണുനീർത്തുള്ളികൾ വീണു മലിനപ്പെടാൻ പാടില്ല. ഞാൻ മുഖമുയത്തി.

ആ പച്ചബ്ളൗസു് അവളുടെ ശോഷിച്ച മൃതദേഹത്തിനു യോജിച്ചതല്ലെങ്കിലും ഞാനതവളെ അണിയിച്ചു. തങ്കമ്മയുടെ ശവമഞ്ചത്തിനു ചുററും കൂടിയിരുന്നവരുടെ കണ്ണുകൾ ആ ഫാഷൻ ബ്ളൗസിൽ പല പ്രാവശ്യം പതിയുന്നതു ഞാൻ കണ്ടു.

(ശേഷം 8-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press.
Ernakulam-1